# കാർമ്മൽ

ത്രൈമാസികം

വർഷം 11 പു. 11 ജനുവരി 1958 ലക്കം 1



വഷം 11 പു. 11 } ജനുവരി 1958 { ലക്കം 1

# ഇവർ അലസരാണെന്നോ?

“ഇവരെന്തിനാണിങ്ങനെ നടക്കുന്നതു്? ഇവക്കു ജോലിയൊന്നുമില്ലേ?” ഒരു ചെറുസംഘം സന്യാസ വിദ്യാർത്ഥികൾ നടക്കാൻപോയപ്പോൾ വഴിയിൽ കേട്ട വാക്കുകളാണിവ. “ഇവർ നാടുവിട്ടെങ്കിലേ ഗുണമുണ്ടാകുകയുള്ളു” എന്നുപോലും ചിലപ്പോൾ കേൾക്കും.

അക്രൈസ്തവരിൽ ചിലർ ഇപ്രകാരം പറയുന്നതിൽ ആശ്ചര്യത്തിനു സ്ഥാനമില്ല. വിശ്വാസവെളിച്ചം ലഭിച്ചിട്ടില്ലാത്ത അവക്കു് കത്തോലിക്കാസഭയെക്കുറിച്ചോ, അതിലെ വിവിധ സന്യാസസഭകളുടെ ലക്ഷ്യത്തെക്കുറിച്ചോ യാതൊരു ജ്ഞാനവുമില്ല. എന്നാൽ ചിലപ്പോൾ വിശ്വാസികളിൽ തന്നെ കാണാം പ്രാത്ഥനാജീവിതം നയിക്കുന്നവരുടെ ലക്ഷ്യത്തേക്കുറിച്ചു് സംശയദൃഷ്ട്യാ വീക്ഷിക്കുന്നവരെ. “ഏകാന്തതയിൽ സമയം വൃഥാ ചെലവാക്കാതെ, എന്തുകൊണ്ടു് ആ പരോപകാരപ്രവൃത്തികൾ ചെയ്തുകൂടാ അവക്കു്? സാമുദായികപ്രവത്തനങ്ങളുടെ കുറവുകൊണ്ടു് ഗ്രാമങ്ങളിലും നാട്ടുംപുറങ്ങളിലും എത്രയോ ആളുകൾ കഷ്ടപ്പെടുന്നു. നിരക്ഷരത്വം, ദീനം, തൊഴിലില്ലായ്മ മുതലായവ പരിഹൃതമാകണമെങ്കിൽ, ഇനിയും കൂടുതൽ ആളുകൾ മുമ്പോട്ടിറങ്ങി പ്രവത്തിക്കണം” എന്നൊക്കെ സയുക്തികം വാദിക്കുന്നവർ ദുർല്ലഭമല്ല. അവരുടെ ഉദ്ദേശ്യം നല്ലതുതന്നെ. എന്നാൽ പ്രാത്ഥനാജീവിതം നയിക്കുന്നവരെ കുററപ്പെടുത്തുന്നതിനു് അവർക്കവകാശമില്ല; എന്തെന്നാൽ അവരുടെ സേവനം മററെല്ലാ സേവനങ്ങളേക്കാൾ നിസ്വാത്ഥവും ഉൽകൃഷ്ടവുമാകുന്നു.

ആത്മാവിൻെറ സർവ്വശക്തികളേയും ദൈവത്തിൽ കേന്ദ്രീകരിക്കാനായി, ലോകബന്ധങ്ങളിൽ നിന്നൊഴിഞ്ഞുമാറി ജീവിക്കുന്നവർ സ്വാത്ഥമതികളാണെന്നുള്ള കുററാരോപണം ഇന്നും ഇന്നലെയും ആരംഭിച്ചിട്ടുള്ളതല്ല. ഭക്ഷണം തയാറാക്കുന്ന ജോലിയിൽ തന്നെ സഹായിക്കാൻ വരാതിരുന്ന മറിയത്തേപ്പററി നമ്മുടെ ദിവ്യരക്ഷകൻെറ പക്കൽ മാർത്താ ആവലാതി ബോധിപ്പിക്കുന്നതിൽ അതിൻെറ ഒരു ധ്വനിയുണ്ടു്. എന്നാൽ ദൈവാഭിമുഖജീവിതം നയിക്കുന്നവരുടെ മാതൃകയായ മറിയം മഗ്ദലേനായുടെ ഭാഗം പിടിച്ചുവാദിച്ച നമ്മുടെ ദിവ്യരക്ഷകൻ അവരെയും ഉപേക്ഷിക്കുകയില്ല. മിശിഹാ എന്താണു മറിയത്തേപ്പററി പറഞ്ഞതു്? അവൾ മെച്ചമായഭാഗം തിരഞ്ഞെടുത്തു; അതു് അവളിൽ നിന്നെടുത്തുകളയുകയില്ല എന്നു്.

വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിൻെറ ആദ്യത്തെ പതിനൊന്നു വാചകങ്ങൾ ധ്യാനപ്രധാനമായ ജീവിതത്തെ നീതീകരിക്കുന്ന ഒരു ദൈവികപ്രസ്താവനയാണു്. ആദ്ധ്യാത്മികമണ്ഡലത്തിൽ എന്തെങ്കിലും നന്മചെയ്യുന്നതിനു് തന്നോടുള്ള ഗാഢമായ ബന്ധം എത്രയോ ആവശ്യമെന്നു് ഈശോ ഊന്നിയൂന്നിപ്പറയുന്നു: “നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാനും നിങ്ങളിൽ വസിക്കും. ശാഖ മുന്തിരിവള്ളിയിൽ നിൽക്കാതിരുന്നാൽ അതിനു സ്വയം ഫലം നൽകാൻ സാധിക്കാതിരിക്കുന്നതുപോലെ, എന്നിൽ വസിക്കാതെയിരുന്നാൽ നിങ്ങൾക്കും സാധിക്കുകയില്ല. ഞാൻ മുന്തിരി

വള്ളിയും നിങ്ങൾ ശാഖകളുമാകുന്നു; യാതൊരുത്തൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ, അവൻ വളരെ ഫലം നൽകുന്നു; എന്തെന്നാൽ എന്നെക്കൂടാതെ യാതൊന്നും ചെയ്യുവാൻ നിങ്ങൾക്കു സാധിക്കുകയില്ല."

പ്രാർത്ഥനാജീവിതം നയിക്കുന്ന ആത്മാവിന്റെ ലക്ഷ്യവും ആഗ്രഹവും മിശിഹായിൽ നിരന്തരം വസിക്കുക എന്നതുമാത്രമാണ്. മിശിഹാ മുന്തിരിച്ചെടിയും ആത്മാവ് അതിന്റെ ശാഖയുമാണ്. മുന്തിരിയുടെ തായ്‌വള്ളി ശാഖകൾക്കു ജീവജലം പ്രദാനം ചെയ്യുന്നതുപോലെ മിശിഹായോടു ചേർന്നിരിക്കുന്ന ആത്മാവിലേക്കും അവിടുന്നു വരപ്രസാദജലം സമൃദ്ധമായി പകരുന്നു. ജീവന്റെ വററാത്ത നീരുറവയായ മിശിഹായോട് യോജിച്ചിരിക്കുന്ന ഈ ആത്മാവിനെത്തന്നെയാണ് അവിടുന്നുപയോഗിക്കുന്നത് മററാത്മാക്കൾക്കും സ്വർഗ്ഗീയജീവൻ പ്രദാനംചെയ്യുന്നതിന്. തദർത്ഥം ഈശോയോടു സംയോജിച്ചു വരപ്രസാദത്തിൽ വളരുവാൻ ആന്തരികജീവിതം നയിക്കുന്നയാൾ സർവ്വാത്മനാ പരിശ്രമിക്കുന്നു. ദൈവൈക്യജീവിതത്തിൽ ഒരുത്തമമാതൃകയായ കുരിശിന്റെ വി. യോഹന്നാൻ പ്രസ്താവിക്കുന്നതു സ്നേഹമാണ് തന്റെ സർവ്വ ജോലിയുമെന്നത്രേ. സ്നേഹത്തിന്റെ സ്വഭാവമാണല്ലോ സ്നേഹിയെ സ്നേഹിതനോടു യോജിപ്പിക്കുക എന്നത്. സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന ആത്മാവ് അതന്വേഷിക്കുന്നതു് അതിന്റെ വററാത്ത ഉറവയായ ഈശോയിൽ മാത്രമാണ്. "നിങ്ങൾ എന്നിൽ വസിക്കുക; ഞാൻ നിങ്ങളിലും വസിക്കും" എന്നാണല്ലോ സ്നേഹനാഥൻ അരുളിച്ചെയ്യുന്നത്. "എന്നിൽ വസിക്കുക" എന്നാണ് അവിടുന്ന് ആവശ്യപ്പെടുന്നത്. അതിന്റെ അർത്ഥം പ്രത്യേകം ഗ്രഹിച്ചിരിക്കണം. വല്ലപ്പോഴും കർത്താവിനോട് യോജിച്ചിരുന്നാൽ പോരാ. പിന്നെയോ, തഴക്കമായി, പതിവായി, ആത്മനാ തന്നിൽ വസിക്കണം എന്നാണതിന്റെ സാരം. മിശിഹായോടുള്ള സ്നേഹൈക്യത്തിൽ സ്ഥായിയായി വളരുന്നതിനു നമ്മുടെ ശ്രദ്ധമുഴുവൻ ചെലുത്തണം. നമ്മുടെ ബാഹ്യപ്രവർത്തനങ്ങൾപോലും തദുദ്ദേശ്യത്തിനുവേണ്ടിയായിരിക്കണം.

എന്നാൽ ഉന്നതമായ ഈ ലക്ഷ്യം, അവാച്യമായ ഈ അനുകൂല്യം, പ്രാപിക്കുന്നതിന് സ്വാർത്ഥസ്നേഹത്തിന്റെ നിഴൽപോലും ആത്മാവിനെ തീണ്ടാത്തവിധത്തിൽ അതു് ശുദ്ധീകരിക്കപ്പെട്ടിരിക്കണം. പിതാവ് "അതിനെ ശുദ്ധീകരിക്കും, അധികം ഫലം നൽകുന്നതിനുവേണ്ടി" ആത്മാവ് പരിപൂർണ്ണമായി സംശുദ്ധമാകുന്നതുവരെ ഈ ശുദ്ധീകരണം നടന്നുകൊണ്ടിരിക്കും. ദൈവൈക്യത്തിന്റെ അത്യന്താപേക്ഷിതമായ ഒരു വ്യവസ്ഥയാണിതു്.


മിശിഹായുടെ ആഗ്രഹമനുസരിച്ച് ധ്യാനപരമായ ജീവിതം നയിച്ചുകൊണ്ടു് ദിവ്യസൗഹൃദം പ്രാപിച്ച ആത്മാവിന് പിതാവായ ദൈവത്തിന്റെ ഹൃദയത്തിൽ അതിശയനീയമായ ശക്തിയും സ്വാതന്ത്ര്യവുമാണ ലഭിക്കുന്നതു്. അതുകൊണ്ടത്രേ നമ്മുടെ ദിവ്യരക്ഷകൻ സ്പഷ്ടമായിപറയുന്നതു്: "നിങ്ങൾ എന്നിൽ വസിക്കുകയും, എന്റെവചനങ്ങൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്താൽ, നിങ്ങൾ ഇച്ഛിക്കുന്നതെന്തെങ്കിലും അപേക്ഷിക്കുവിൻ; അതു് നിങ്ങൾക്കു ലഭിക്കും" (യോഹ 15/7) എന്ന്. താദൃശ ആത്മാക്കൾക്ക് ദൈവത്തിന്റെ തിരുസന്നിധിയിൽ ഏതു സമയത്തും പ്രവേശിക്കാം; അവരുടെ അപേക്ഷകളേയും ആഗ്രഹങ്ങളേയും നിഷ്പ്രയാസം അവിടുത്തേയ്ക്കു സമർപ്പിക്കാം; എന്തെന്നാൽ അവർ ഒരിക്കലും ദൈവത്തിന്റെ മുമ്പിൽ നിന്നകന്നുപോകുന്നില്ല. പിതാവിന്റെ ഇഷ്ടം അറിഞ്ഞനുവർത്തിക്കാൻ നോക്കിനിൽക്കുന്ന ശ്രേഷ്ഠ തനയരാണവർ. എത്രയെത്ര ദൈവാനുഗ്രഹങ്ങൾ അവർ മററാത്മാക്കൾക്കായി പ്രാപിച്ചുകൊടുക്കുന്നില്ല! ഇതാ ഒരു കൊടുംപാപിയുടെ മനസ്സ് അവിചാരിതമായി ദിവ്യപ്രകാശത്താൽ പൂരിതമായിട്ട്, അയാൾ ചെയ്തുപോയ ദുഷ്കൃത്യങ്ങളേക്കുറിച്ച് ദുഃഖിച്ചുകൊണ്ടു് ദൈവത്തിലേയ്ക്കു പിന്തിരിയുന്നു. ആത്മാക്കളുടെ രക്ഷയേപ്പററി അതീവ തീഷ്ണതയുള്ള ഏതോ ഒരാത്മാവ് ഈശോയുടെ ഹൃദയ

**നവവത്സരമംഗളങ്ങൾ**
**കാർമ്മെലിന്റെ വരിക്കാർക്കും**
**സകല ഗുണകാംക്ഷികൾക്കും**

# സമാധാനം

(Rev. Fr. J. Koilparampil)

സമാധാനം—സമാധാനത്തിനുവേണ്ടിയുള്ള മുറവിളി നാം എവിടെയും കേട്ടുകൊണ്ടിരിക്കുകയാണു്. സമാധാനത്തിനുവേണ്ടി ലോകം വെമ്പൽ കൊള്ളുകയാണു്. സമാധാനത്തിനുവേണ്ടി രാജ്യതന്ത്രജ്ഞന്മാർ തലകാഞ്ഞു ചിന്തിക്കുകയാണു്. സമാധാനത്തിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പിനും, സാമൂഹിക ചൂഷണത്തിനും പരിശ്രമിക്കുന്നവരും വിരളമല്ല. എന്നാൽ നാം ആഗ്രഹിക്കുന്ന തരത്തിലുള്ള, ലോകത്തിനു ശരിയായ വിധത്തിൽ സംതൃപ്തിയെ പ്രദാനം ചെയ്യത്തക്കവണ്ണമുള്ള നീതിയിലും സത്യത്തിലും, സാഹോദര്യത്തിലും അധിഷ്ഠിതമായ സമാധാനം നമുക്കു ലഭ്യമാകുന്നില്ല. എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്.



(ലേഖകൻ)

ഇങ്ങനെയുള്ള പരിതസ്ഥിതിയിലാണു് യഥാർത്ഥമായ ലോകസമാധാനത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുന്ന ചുരുക്കം ചില വ്യക്തികളിൽ അഗ്രഗണ്യനെന്നു സന്മനസ്സുള്ള സർവ്വരും സമ്മതിക്കുന്ന, തിരുസ്സഭാ പരമാദ്ധ്യക്ഷനായ 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സമാധാനത്തിനുവേണ്ടിയുള്ള തന്റെ ആഹ്വാനം ആവർത്തിക്കുന്നതു്. ഈ കൊല്ലത്തെ ക്രിസ്തുമസ് സന്ദേശംവഴിയായി എല്ലാ ജനസമൂഹങ്ങളോടും അദ്ദേഹം പറയുകയാണു്: "സമാധാനം" അമൂല്യമാണു്; സമാധാനം ഫലദായകമാണു്; സമാധാനം അഭികാമ്യമാണു്. അതിനാൽ വ്യക്തിപരമായി ത്യാഗങ്ങൾ സഹിച്ചുകൊണ്ടെങ്കിലും സമൂഹത്തിന്റെ നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും തദ്വാരാ ലോകസമാധാനം കൈവരുവാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതു് ഇന്നത്തെ അടിയന്തിരമായ ആവശ്യമാണെ"ന്നു് അദ്ദേഹം രാഷ്ട്രങ്ങളോടാഹ്വാനം ചെയ്യുകയാണു്, സമരായുധങ്ങൾ താഴെവയ്ക്കുവാൻ; അവയുടെ എണ്ണം കുറയ്ക്കുക എങ്കിലും ചെയ്യുവാൻ; അങ്ങിനെ ഒരു ലോകമഹായുദ്ധത്തിന്റെ സാദ്ധ്യതകൾ കുറെയെങ്കിലും കുറയ്ക്കുവാൻ അദ്ദേഹം വീണ്ടും പറയുന്നു: സ്പുട്ട്നിക്കിന്റെയും ശാസ്ത്രീയ പുരോഗതിയുടേയും ഈ സുവർണ്ണകാലയളവിൽ മനുഷ്യൻ സ്വയം മറന്നുകൊണ്ടു് തന്റെ മഹത്വങ്ങളെ പ്രകീർത്തിക്കുവാൻ ആവേശം കൊള്ളുകയാണു്. അഹ

---

കവാടത്തിൽ ശക്തിയായി മുട്ടി പ്രാർത്ഥിച്ചതിന്റെ ഫലമല്ലേ അതു്? സ്വയം പരിത്യജിച്ചുകൊണ്ടും ദൈവത്തോടു് അഗാധമായ സ്നേഹബന്ധം പുലർത്തിക്കൊണ്ടും നിരന്തരം പ്രാർത്ഥിക്കുന്ന ആത്മാവു് ദൈവനീതിയേയും ദൈവതിരുമനസ്സിനെയും സ്വപാർശ്വത്തിലാക്കി, നരകത്തിനു വിധിക്കപ്പെടുവാൻ പോകുന്ന അനേകം പാപികളെ പിശാചിന്റെ കരങ്ങളിൽനിന്നു പിടിച്ചെടുക്കുകയാണു ചെയ്യുന്നതു്.

പാപികളെ മാത്രമാണോ അവർ സഹായിക്കുന്നതു്? പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിൽ വേഗതകൂട്ടി മുന്നോട്ടു ചരിക്കുന്നതിനും എന്തുമാത്രം അനുഗ്രഹങ്ങളാണു് അവർവഴി ദൈവം മററുള്ളവക്കു പ്രദാനം ചെയ്യുന്നതു്! സുകൃതജീവിതത്തിൽ അർദ്ധമാനദണ്ഡങ്ങൾ ഉപേക്ഷിച്ചു് സുധീരം ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ചിറകുകൾ ധരിച്ചു് മേല്പോട്ടു പറക്കുന്നതിനുള്ള ഉത്തേജനം നമുക്കു നൽകുന്ന ആത്മാക്കൾ അനന്തകാലംവരെ നിലനിൽക്കുന്ന സേവനമല്ലേ അനുഷ്ഠിക്കുന്നതു? രാത്രിയുടെ നിശ്ശബ്ദതയിൽ, പ. കുർബാനയുടെ മുമ്പിൽ മങ്ങിപ്രകാശിക്കുന്ന ദീപത്തിന്റെ വെളിച്ചത്തിൽ, ദൈവസ്നേഹം കൊണ്ടെരിയുന്ന ഹൃദയത്തോടുകൂടി നിൽക്കുന്ന സർവ്വസംഗപരിത്യാഗികളായ ആത്മാക്കൾക്കു് ഒരേ ഒരാഗ്രഹം മാത്രമേയുള്ളൂ; ഒരേ ഒരു ലക്ഷ്യം മാത്രമേയുള്ളൂ; മനുഷ്യാത്മാക്കളെ രക്ഷിച്ചുകൊണ്ടും വിശുദ്ധീകരിച്ചുകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുക. അതിനായിട്ടു് അവരുടെ ജീവിതം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയാണു്. ക്ലേശങ്ങളും സഹനങ്ങളും പരാജയങ്ങളും പരസ്യകുററാരോപണങ്ങളും, എതിർപ്പുകളും ഏററുമുട്ടലുകളും, നന്ദികേടുകളും നയരാഹിത്യങ്ങളും ഒന്നും അവരെ ലക്ഷ്യത്തിൽനിന്നു പിൻമാററുകയില്ല. മാത്രമോ? ഇവയെത്തന്നെയാണു് തങ്ങളുടെ ദിവ്യനാഥനെപ്പോലെ ലക്ഷ്യപ്രാപ്തിക്കായി അവർ ഉപയോഗിക്കുന്നതു്. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടും ദൈവാനുഗ്രഹങ്ങളോടു് അനുസ്യൂതം സഹകരിച്ചുകൊണ്ടും സ്ഥിരപരിശ്രമം ചെയ്യുണ്ടിയിരിക്കുന്ന അവർ. ഇവരെയാണോ അലസരായിഗണിക്കേണ്ടതു്?

---

ങ്കാരപ്രമത്തനായി അവൻ ലോകത്തെ കീഴടക്കി എന്നുവിചാരിക്കുന്നു. എന്നാൽ ലോകം അവനെകീഴടക്കിക്കളയുകയില്ലേ എന്നൊരാശങ്കയും അവനിൽനിഴലിച്ചുവരുന്നുണ്ട്. ഇങ്ങനെ ദുരഹങ്കാരത്തിൻേറയും ഭയത്തിൻേറയും സമ്മിശ്രമായ ഒരു ജീവിതമാണ് ആധുനികമനുഷ്യൻ ജീവിക്കുന്നത്. അവനു പററിയതകരാറു, ഭൗതികത്തിൽ നിപതിച്ച കാരണം അനന്തതയെപ്പററി അവനു ചിന്തിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഇത്തരം ചിന്താകുഴപ്പത്തിനു ഒരു പ്രതിവിധിയായി മാപ്പാപ്പാ തിരുമനസ്സുകൊണ്ട് നിർദ്ദേശിക്കുന്നത് ബത്ത്ലേഹേമിലെ ആ കാലിത്തൊഴുത്തിലേക്കു നമ്മുടെ ദൃഷ്ടികളെ തിരിക്കുവാനാണ്.

അവിടെ നാം എന്താണ് കാണുന്നത്. ഒരു ദൈവം മനുഷ്യനായ ആ മഹാസംഭവം. ഇക്കാണുന്ന ബ്രഹ്മാണ്ഡകടാഹത്തെ താങ്ങിനിവത്തുന്ന സർവ്വശക്തനും സർവ്വജ്ഞാനിയുമായ ആ ദൈവകുമാരൻ ഒരു കാലിത്തൊഴുത്തിൽ നിസ്സഹായനായി, നിരാശ്രയനായി, നിരാലംബനായി ശയിക്കുന്നു. രാജാധിരാജൻെറ മണിമഞ്ചം ഏതാനും വൈക്കോൽ തുണ്ടുകളും പഴന്തുണിയും; അംഗരക്ഷകന്മാർ രണ്ടു മൂന്നു മൃഗങ്ങൾ, ദാരിദ്ര്യത്തിൻെറ മകുടോദാഹരണമായ ഈ കാലിത്തൊഴുത്തിനെ നോക്കിക്കൊണ്ടു മാർഷിയാൺ എന്ന പാഷണ്ഡൻ പറയുകയാണ്: "ഈ പഴന്തുണിയും, വൈയ്ക്കോൽ കഷണങ്ങളും എന്നിൽ നിന്നകന്നുപോകട്ടെ; ഞാൻ ആരാധിക്കുന്നദൈവത്തിനു ഇതൊന്നും യോജിച്ചതല്ല." വി. ബർണാർഡ് ഇതിനൊരു മറുപടി എന്നോണം പറയുകയാണ്. "താൻ എത്രമാത്രം എന്നെസ്നേഹിച്ചുവോ, അത്രമാത്രം എളിയവരിൽ എളിയവനായിത്തീന്നു."

ദരിദ്രമായ ഈ കാലിത്തൊഴുത്തിൽ നിന്നാണ് യഥാർത്ഥസമാധാനത്തിൻേറയും ശാന്തിയുടേയും സന്ദേശം നമുക്കു ലഭിക്കുന്നത്. പകലത്തെ പണിയെല്ലാം കഴിഞ്ഞിട്ട് മൈതാനത്തു വിശ്രമിച്ച ആട്ടിടയന്മാരെ തട്ടിയുണത്തിക്കൊണ്ട് ദൈവത്തിൻെറ ദൂതൻ സംസാരിക്കുന്നു: "ഇതാ ഞാൻ നിങ്ങൾക്ക് ഒരു സന്തോഷസുവിശേഷം അറിയിക്കുന്നു. ഇതാ ഒരു രക്ഷകൻ നിങ്ങൾക്കു ജനിച്ചിരിക്കുന്നു........പഴന്തുണിയിൽ പൊതിഞ്ഞു കാലിത്തൊഴുത്തിൽ ശയിക്കുന്ന ദിവ്യപൈതലിനെ നിങ്ങൾ കാണും." അതെത്തുടന്നു വാനമേഘങ്ങൾ തുറക്കപ്പെടുന്നു. മധുരസുന്ദരമായ സ്വർഗ്ഗീയഗാനാലാപം. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സന്മനസ്സുള്ളവക്കു സമാധാനവും."

ഭൂമിയിൽ സന്മനസ്സുള്ളവക്ക് സമാധാനം ലഭ്യമാകയുള്ളു. അതു കാലിത്തൊഴുത്തിലെ ദിവ്യശിശു വഴിയായി ലഭിക്കുകയും വേണം. പണ്ഡിതാഗ്രേസരനായ സെൻറ് അഗസ്റ്റിൻ, "ക്രമത്തിൻെറ ശാന്തത" എന്നാണ് സമാധാനത്തെ നിർവ്വചിക്കുന്നത്. "സമാധാനം നീതിയുടെ പരിണതഫലമെന്നു" ഭാഗ്യമായി വാഴുന്ന 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടും അഭിപ്രായപ്പെടുന്നു. ആശയത്തിൽ രണ്ടും ഒന്നുതന്നെയാണ്. ക്രമത്തിലും അടുക്കിലും സംവിധാനം ചെയ്തിട്ടുള്ള ഒരു മുറിയിൽ ഒരു പ്രശാന്തത ദൃശ്യമാണ്. അതുപോലെതന്നെ മനുഷ്യൻെറ സാമൂഹികവ്യവസ്ഥിതിയിൽ നീതിയുടെ നിയമങ്ങൾ ശരിയായി അനുസരിക്കപ്പെടുമ്പോൾ അവിടെയും ശാന്തിയും സമാധാനവും ദൃശ്യമാണ്. ഇവിടെ നാം വിവക്ഷിക്കുന്ന ക്രമവും അടുക്കും എന്തിലാണ് അടങ്ങിയിരിക്കുന്നത്. അതിൽ പ്രഥമസ്ഥാനം ദൈവത്തിനാണ്. മനുഷ്യൻ അവൻെറ സ്രഷ്ടാവിനോടുള്ള കടമകൾ അറിഞ്ഞു തദനുസരണം പ്രവൃത്തിക്കട്ടെ സമാധാനത്തിൻെറ പ്രഥമമൌലികതത്വം അതിലാണ് അടങ്ങിയിരിക്കുന്നത്. അതിൻെറശേഷം ആ അടിസ്ഥാനത്തിൽതന്നെ അടിയുറച്ചുകൊണ്ട് അവൻെറ സമസൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കട്ടെ. നീതിയും സാഹോദര്യവും ഒത്തിണങ്ങി പ്രവൃത്തിക്കട്ടെ. യഥാർത്ഥമായ സമാധാനം ലോകത്തിനു ലഭ്യമാകുകയുംചെയ്യും.

"എല്ലാ വസ്തുക്കളെക്കാൾ ദൈവത്തെ സ്നേഹിക്കുക, തന്നെത്താൻ സ്നേഹിക്കുന്നതുപോലെ അയൽക്കാരനെ സ്നേഹിക്കുക" ഇവയാണ് ക്രിസ്തുവിൻെറ പഠനങ്ങളുടെ സാരസർവ്വസ്വം. ഈ പ്രാഥമിക നിയമങ്ങൾക്കനുസരണം ജീവിക്കുവാൻ മനുഷ്യൻ തയ്യാറാണോ? അതിനവനു സന്മനസ്സുണ്ടോ? സമാധാനത്തിനുവേണ്ടി വേറെ എങ്ങും പോകേണ്ട ആവശ്യമില്ല: ഇതാ ബത്ത്ലഹേമിലെ ശാന്തിയുടെ സന്ദേശം:

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി
ഭൂമിയിൽ സന്മനസ്സുള്ളവക്കു സമാധാനം."

# കുന്നും താഴ്‌വരയും

(പി. എക്സ്. പുല്ലുവിള)

ആ ഗാനം ഇന്നും നിർഗ്ഗളിക്കുകയാണ്, ആ വനവേണുവിന്റെ നിണമാന്ന സുഷിരങ്ങളിലൂടെ. സ്വർഗ്ഗീയമായ ആ ഗാന നിർഝരിയിൽ കുളിച്ചു നിൽക്കുന്നു, കുന്നും ക്രനയും താഴ്‌വരയും തടാക തടങ്ങളും.

എന്ത്? പ്രപഞ്ചമാകുന്ന പൂവിളംപൈതൽ താൻ പാലുണ്ട സ്തനത്തെത്തന്നെ ഉണ്ണിക്കരങ്ങളാഞ്ഞു തല്ലുകയോ? സസ്നേഹം പ്രാണസുധയുതിന്ന മാറിടത്തെത്തന്നെ ചെമന്നു തുടുത്ത നഗ്നപാദങ്ങൾ കൊണ്ടു ചവുട്ടുകയോ?

രത്നത്തിന്റെ പ്രഭപൊഴിയുന്നതെങ്കിലും ദാഹകമായ കനൽക്കട്ട കുട്ടിയെ ആകഷിക്കുന്നു. ഉജ്ജ്വലമായ സൗന്ദര്യം വഴിയുന്നതെന്നാലും മാരകമായ വിഷം വമിക്കുന്ന സപ്പം അതിനെ ചുററുന്നു. അതാണ് ആധുനിക ലോകത്തിനു പിണഞ്ഞ അമളി.

അജാതമായ ആനന്ദത്തിന്റെ പൂവൽപുഞ്ചിരിയുമായി പ്രഭവിടരുമ്പോൾ ഇതാ തമസ്സു വാപൊളിക്കുന്നു, അതിനെ വിഴുങ്ങുവാൻ. അഹോ! മ്ലാനയായ ഭൂമി സന്ധ്യയുടെ മടിയിൽ മരിച്ചുവീണ അന്തിമമായ ആ ജ്യോതിർക്കതിരിനെക്കൂടെയും അന്ധത വട്ടക്കെട്ടിയ നിശീഥിനിയുടെ നീലിമയിലേക്കൊഴുക്കിയിരിക്കുന്നു.

മാരിനിറഞ്ഞ മിഥുനമാസത്തിലെ ഭീകരമായ നിഴലുകളിലൂടെ പൊന്തിച്ചു കേൾക്കാമായിരുന്നു, രഹസ്യമാന്ന ആ ഉപജാപഗജങ്ങളുടെ കാലൊച്ചകൾ.

1858. നീലനഭസ്സിന്റേയും നീലാബ്ധിയുടേയും കറുത്ത ഗർഭപാത്രത്തിൽനിന്നു പുറത്തുവന്നു, ഒരു പുത്തൻ തലമുറ. അതിന്നു നാലു ധാത്രിമാർ. കാറൾ മാർക്സ്, ചാറൽസ് ഡാർവിൻ, സ്ററുവാർട്ടുമിൽ, റിച്ചാർഡു വാഗ്നർ. അവർ അതിനെ മൃഗവാസനകളുടെ കളിത്തേരിലേററി. ഭൗതികതയുടെ രാജവീഥിയിലൂടെ നയിച്ചു. നിയമത്തിന്റെ ചൂണ്ടുപലകകളെ അവർ കൂസിയില്ല. ധാമ്മിക മൂല്യങ്ങളെ കൂട്ടിയുമില്ല. ധനം ദൈവവും മൃഗം മൂത്തപ്പനും സ്വാതന്ത്ര്യം കാററുപന്തുമായ ഒരു പ്രതിസന്ധിയിൽ അവർ അതിനെ എത്തിച്ചു. സച്ചിദാനന്ദത്തിൽനിന്നു അനശ്വരനിരാശതയിലേക്കു കുതറിമാറുന്ന ആ പൈംകുത്തായ മലംചരുവിൽ ഒരു ഗായിക കാണപ്പെട്ടു. അവൾ ഓടക്കുഴൽ തേടി. തന്റെ സ്വർഗ്ഗീയമായ ഗാനത്തിനു മുറിച്ചൊഴുക്കു കൊടുക്കുവാൻ. ആരു അവൾക്കു ഒരു പുല്ലാംകുഴൽ സമ്മാനിക്കും? സ്വന്തം അഹന്തയെ തിരെഴുതി വെറുമയാക്കി ശുദ്ധശൂന്യമായ ഒരു ഹൃദയവേണു ആരു അവൾക്കു സമ്മാനിക്കും? ഊറുന്ന ആളിന്റേതായ ആത്മവത്ത പൊട്ടി പ്രവഹിക്കുവാൻ വഴങ്ങുന്ന, സ്വന്തമെന്നഭിമാനിക്കുവാനൊന്നുമില്ലാത്ത സ്വാത്മത്തിന്റെ പാഴ്ച്ചേറു പുരളാത്ത ഒരു പുല്ലാംകുഴൽ ആരവൾക്കു സമ്മാനിക്കും? അവൾ ഇതാവരുന്നു പ്രഭാവീചികളിലും തേജോകോടികളിലും ചിലമ്പൊലി മുഴക്കിക്കൊണ്ടു; അവൾ ഇതാ വരുന്നു, ചക്രവാളത്തിലും മേഘവലയങ്ങളിലും പദമുദ്ര പതിച്ചുകൊണ്ടു, ആരു അവൾക്കൊരു മുരളി കാണിക്ക വയ്ക്കും?

1858 ഫെബ്രുവരി 11. മദ്ധ്യാഹ്നം. സുന്ദരമായി അണിഞ്ഞൊരുങ്ങിയ ഫ്രാൻസ്. അണിനിൽക്കുന്ന പിരണീസ് പവ്വതപ്രാന്തങ്ങൾ! മനോഹരമായ ലൂർദ്ദ്! ഇതാ ഗായിക വന്നു. പ്രപഞ്ചഗായിക, ''സനാതനപ്രേമ''ത്തിന്റെ പ്രഥമപ്രണയിനിയായ ആ അപ്സരകന്യക, ഒരു മധുരപ്പതിനേഴുകാരി. ഹിമംപോലെ ഒളിതൂവുന്ന ഉടയാട, പാദത്തോളം നീണ്ടൊഴുകുന്ന തൂവെള്ളയായ ശിരോവസനം! ചെന്താമരപോലെ ചേതോഹരമായ പാദങ്ങളിൽ മഞ്ഞിച്ച രണ്ടു പനിനീർപ്പൂക്കൾ. അരയിൽ ആകാശനീലിമ പ്രതിഫലിക്കുന്ന അരക്കെട്ട്. കരത്തിൽ സ്വർണ്ണനൂലിൽ വെൺമണികൾ തിളങ്ങുന്ന ഒരു കൊന്ത. സർവ്വ ചരാചരങ്ങളുമുൾക്കൊള്ളുന്ന പ്രപഞ്ചകടാഹത്തിന്റെ വേട്ടനാരുകളിലൂടെ ഇക്കിളിപായിക്കുന്ന ഒരു പുഞ്ചിരി, ഒരു സുസ്മരം.

വനവേടർ, കാട്ടുമുളകൾ വെട്ടിയപ്പോൾ ഇട്ടുപോയ ഒരു ഈററക്കുഴൽ അവിടെ കിടന്നിരുന്നു. കാട്ടുമൃഗങ്ങൾക്കു ചവിട്ടിമെതിക്കുവാൻമാത്രം നിഷ്പ്രയോജനമായി ഉപേക്ഷിക്കപ്പെട്ട ഒരു ഈററക്കുഴൽ.

മരിയബർണർദേ സൗബീരേ-പാവപ്പെട്ട ഫ്രാങ്കോയിയുടെ മകൾ. തള്ളയുടെ നാമം ലൂയികാസ്റ്റേറോ.

ബർണർദേ, ആരാമത്തിനകമേയല്ല പുറവേലിക്ക പൊട്ടിവിടന്ന വെറുമൊരു കാട്ടുപൂവ്. വെറും അനാകർഷകമായ ഒരു വനപുഷ്പം. ലോകം അതിനെ അറിഞ്ഞിരുന്നില്ല. അതു ലോകത്തെയും. 15 മാസം ധാത്രി അവളെ വളർത്തി. പിന്നീട്ട പത്തു വർഷം തലതൊട്ടമ്മയും. പിള്ളത്തൊട്ടി മുതൽക്കേ ഏങ്ങൽ അവളെ പിടികൂടി. അങ്ങനെ ജനനാൽ പ്രകൃതി നാമ്പെടുക്കുന്ന ആ പിഞ്ചുജീവനിൽ മരണത്തിൻേറതായ കരവാൾ അടക്കം ചെയ്തുകഴിഞ്ഞിരുന്നു. അപ്പൻ-ആ മില്ലുവേലക്കാരൻ ചെയ്യാത്തകുററത്തിനു ശിക്ഷിക്കപ്പെട്ടു. ഒരു ജീർണ്ണിച്ച കുടിൽമാത്രമേ അയാൾക്ക കിട്ടിയുള്ളു തൻെറ ദൗർഭാഗ്യങ്ങളെ മൂടിവയ്ക്കുവാൻ.

ബർണർദേ, നിസ്സഹായയായ ആ പെൺകുട്ടി എത്രനാൾ തൻെറ അപ്പത്തിൻെറ ഓഹരി വീതിച്ചും ഇളയകുട്ടികളെ അവൾ തീററിയിട്ടില്ല. ബർണർദേ, ആ കാസരോഗിണി സഹിച്ചു, ദുസ്സഹമായ ശൈത്യം! ഉഗ്രമായ വിശപ്പ്! നിശിതമായ പരാഭവം! അതും സഹിക്കാം. അവൾക്ക് ഒരു കഴഞ്ചിനു ബുദ്ധിയുണ്ടായിരുന്നെങ്കിൽ! അവൾക്കെഴുതുവാനോ, വായിക്കുവാനോ അറിയില്ല. ഫ്രഞ്ചുഭാഷ ശരിയായി സംസാരിക്കുവാൻ അവൾക്കറിഞ്ഞുകൂടായിരുന്നു. ആദ്യകുർബാനയുൾക്കൊള്ളുവാൻ അവൾക്ക വലിയ ആഗ്രഹം ഉണ്ടായിരുന്നു എങ്കിലും അതിനുവേണ്ട പ്രാർത്ഥനകൾ പഠിച്ചിട്ട് ഒന്നും മനസ്സിലാകാതെ എത്ര ദിനരാത്രങ്ങളാണ് അവൾ കണ്ണുനീർ വാർത്തിട്ടുള്ളത്. എന്മാത്രം ശകാരമാണ് അവൾ കേട്ടിട്ടുള്ളതു് ഗുരുമുഖത്തുനിന്നും. “മാറിപ്പോ ശവമേ, നിനക്കൊന്നുമറിവില്ല. ഒരു വിഡ്ഢിയും മണ്ടിയുമല്ലാതെ ഒരു കാലത്തും നീ മറെറാന്നുമാവില്ല.”

അങ്ങനെ ഏകാകിയായി, പുറംതള്ളപ്പെട്ടവളായി നാടുകടത്തപ്പെട്ടവളെപ്പോലെ അവൾ തന്നോടുതന്നെപറയും. “ഒന്നുമില്ലെങ്കിൽ എൻെറ നല്ലദൈവത്തെ എങ്ങനെ സ്നേഹിക്കണം എന്നെങ്കിലും എനിക്കറിയാം.”

അതേ, അവൾ ഹതാശയായില്ല. അവൾക്കൊരു ഹൃദയമുണ്ടായിരുന്നു. ആ ഹൃദയത്തിൽ പരിശുദ്ധമായ പ്രണയവും. അതേ, അവൾക്കൊരു ഹൃദയമുണ്ടായിരുന്നു. ആ ഹൃദയം നിറയെപൂക്കളും. ആ പൂക്കൾ-ഹൃദയ വിശുദ്ധികൊണ്ട് പരിമളം നിറച്ച ആപൂക്കൾ; അവ ചേർത്തു അവൾ ഒരു വരണമാല്യമുണ്ടാക്കി. ആ വരണമാല്യം അവൾ അർപ്പിക്കും അടുത്ത പരിശുദ്ധകുർബാനയുടെ തിരുനാൾ ദിനം തൻെറ പ്രേമനാഥൻ പ്രഥമതഃതൻെറ മൺകുടിലിലേയ്ക്കു എഴുന്നള്ളമ്പോൾ.

ബർണർദേ, ബാർട്രെഴ്സിലേ അജപാലികയായ ആ കന്യക. പ്രസന്നതയിലും ആത്മവീര്യത്തിലും ഓർലൻസിലെ അജപാലികയായ ജോവാൻ ഓഫ് ആർക്കിനു ഒട്ടും പിന്നിലല്ലായിരുന്നു അവൾ.

അതെന്തു്? അഹോ! സ്വർഗ്ഗം പൊട്ടിവിടന്ന ആ പ്രഭാംബോജത്തിലൂടെ ഒരു നർത്തകി എഴുന്നരുളുന്നു. അവളുടെ പദവിന്യസനങ്ങൾക്കനുപാതികമായി ഉദാരമായ ഒരു ഗീതം ചിന്തേണ്ടിയിരിക്കുന്നു. അതിനവൾക്ക വേണം ഒരു ഓടക്കുഴൽ. പ്രാപഞ്ചികതയുടെ ഖരനാദങ്ങൾ ദ്രവിച്ചു സന്നദ്ധമായ സുഷിരംവീണ അതിമുഗ്ദ്ധമായ ഒരു ഓടക്കുഴൽ.

അത്ഭുതം! അത്ഭുതം! സ്വയംഗാനസംതുലിതങ്ങളായ സാരംഗികളുടെ ലോകത്തുനിന്നു ഇതാ ആ അപ്സര കന്യക തുനിഞ്ഞെടുത്തുകഴിഞ്ഞു ആ വനവേണുവിനെ-അതി തുച്ഛമായ ആ പുല്ലാംകുഴലിനെ

മസാബിയാ ഗുഹാമുഖം: ലൂർദ്ദിൽ ബർണർദേയുടെ സ്വർഗ്ഗം. മറിയം 18 തവണ അവൾക്ക കാണപ്പെട്ടു അവിടെ. ഫെബ്രുവരി 11 മുതൽ ജൂലായ് 16 വരെ. അന്നാളുകളിൽ പ്രപഞ്ചമഹിളയുടെ അന്തരിന്ദ്രിയങ്ങളിൽ തുളഞ്ഞു കയറുന്ന ഒരു നാദം അവിടെ നിന്നും പൊട്ടി പ്രവഹിച്ചു. “അനശ്വരപ്രണയം” തന്നെയായ ഹൃദയ വല്ലഭൻെറ സന്നിധാനത്തിലേയ്ക്കുള്ള ഒരു തിരിച്ചുവിളി-പശ്ചാത്താപത്തിനായുള്ള ഒരാഹ്വാനം, അതായിരുന്നു ആ ഗാനത്തിൻെറ ആന്തരം. മലിനജടിലമായ നീർത്തടാകത്തിൽ നിന്നു പൊന്തുന്ന അകളങ്കിതമായ പങ്കേരുഹംപോലെ മലോത്ഭവമായ ആധുനിക ലോകം അമലോത്ഭവിയായ മറിയത്തെ അനുവർത്തിച്ചു ‘അമലോത്ഭവമായി’ ജനിക്കുവാൻ അമർത്ത്യതയുടെ സരോവരത്തിൽ പുനർജന്മം പ്രാപിക്കുവാനാണ് ആ ഗാനം ഉണർത്തിച്ചതു്.

അശ്രുതമായ ഗാനം മുഴങ്ങി. വീണ്ടും വീണ്ടും മുഴങ്ങി. അതിൻെറ താളതരംഗങ്ങൾ അത്ഭുതശക്തി

യാന്ന ഉടവിടമായി പൊട്ടിപ്പടന്നു. യാതനയേറിവിറങ്ങലടിക്കുന്ന ആയിരമായിരം വേദനയുടെ ക്രന്ദനങ്ങൾ ലൂർദ്ദിലെ അത്ഭുതജലത്തിൽ അലിഞ്ഞു ദൃശ്യമാവുന്നു.

ലൂർദ്ദ്! അത് ഇന്നും ജീവിക്കുന്ന അത്ഭുതമാണ്. പക്ഷേ, ബർണർദയ്ക്ക് എന്തുപററി? മുമ്പു കല്ലുകൾകൂട്ടി പീഠം പണിതു് അതിൽ മാതാവിന്റെ രൂപം വച്ചു, പൂക്കൾ കൊണ്ടലംകരിച്ചു കൊന്ത എത്തിച്ചു പിന്നീട് അച്ചനും കപ്യാരുമണിഞ്ഞു കളിച്ചിരുന്ന വെറും കളിക്കുട്ടിയായിത്തന്നെ അവൾ തുടന്നുവോ? അല്ല ആട്ടിൻകുട്ടിയെ തോളിൽ കയററിവച്ചു വാത്സല്യത്തോടെ കൊണ്ടുനടക്കുന്ന വെറും ബാലികയായിരുന്നോ അവൾ? കൃശഗാത്രയെങ്കിലും ഋജ്ജുബുദ്ധിയും സൗന്ദര്യവതിയല്ലെങ്കിലും നിഷ്കളങ്കയുമായ ആ ബാലിക സ്വയം ഒരു ജയിൽ പുള്ളി ആവുകയാണ്. അവൾ തനിക്കായി നിർമ്മിച്ചു കഴിഞ്ഞിരുന്നു, ഇതിനകം ഘോരമായ പരീക്ഷണങ്ങളുടെ പരുപരുത്ത ഒരു ഭിത്തിവലയം. കല്ത്തുറുങ്ക്.

ബർണർദേ സ്വർഗ്ഗജനനിയെക്കണ്ടു. അക്ഷന്തവ്യമായ ഒരുപരാധമാണതു്. അവൾ ഒരു ചെകുത്താനെയായിരുന്നു കണ്ടതെങ്കിൽ ലോകത്തിന് ഒരു ആവലാതിയുമില്ല. ബർണർദേ കന്യകയെക്കണ്ടു. ഒരു രക്തസാക്ഷിത്വം തന്നെ വേണ്ടിവന്നു, ആ സത്യത്തിനു സാക്ഷി നിൽക്കുവാൻ. എങ്കിലും കണ്ടതിനെ കണ്ടില്ലെന്നുപറയുവാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. ലോകം അവളെ തുറിച്ചുനോക്കി; വിസ്തരിച്ചു; വിധിച്ചു, ഭീഷണിപ്പെടുത്തി. യക്ഷികളുടെ ലോകത്തേയ്ക്ക് അപസ്മാരബാധയുടെ ചുടലയിലേക്ക്, ആഭിചാരവൃത്തികളുടെ കാവുകളിലേക്ക് അതവളെ മാററി. കൂട്ടുകാരികൾ അവളെ പരിഹസിച്ചു. സ്വന്തം തള്ള പറഞ്ഞു: 'മകളേ നീ കണ്ടതു വെള്ളപ്പാറയോ ശുദ്ധീകരസ്ഥലത്തെ വല്ല ആത്മാവിനെയുമോ ആയിരിക്കും." അപ്പൻ ഇതറിഞ്ഞു. അയാൾക്കു ശുണ്ഠിവന്നു. 'പെണ്ണേ, നീ താന്തോന്നിത്തം കാട്ടരുതു്." അയാൾ താക്കീതു ചെയ്തു. "മേലാൽ അവിടെ എങ്ങാനും പൊയ്പ്പോകരുതു്." ഡോക്ടർ ഡോസ്സസ് ഒരു തികഞ്ഞ യുക്തിവാദി അവളെ ക്രോസുചെയ്തു. ഇമ്പീരിയൽ പ്രൊക്കുറേററർ അവളെ വിസ്തരിച്ചു. "പെണ്ണേ, അതു നിന്റെ പിട്ടാണ്, സ്വപ്നമാണ്. നിന്റെ ഗുഹയിൽ പോക്കു നിറുത്തണം." അയാൾ ആജ്ഞാപിച്ചു. "പ്രഭോ, സാദ്ധ്യമല്ല." അവളിലെ ആ അജ്ഞാതചേതന ഉത്തരിച്ചു പോലീസ് കമ്മീഷണർ ജാക്കൊമററ് ആ മണ്ടിപ്പെണ്ണിനെ വിസ്തരിച്ചു. കുട്ടി, "നിന്റെ ഭാവനകളാണിതൊക്കെ" അയാൾ പറഞ്ഞു. അവൾ വിട്ടില്ല. 'പ്രഭോ, ആ സ്ത്രീ ജീവിച്ചിരിക്കുന്നു. അറുതവണ ഇതിനകം ഞാൻ അവളെ കണ്ടിരിക്കുന്നു. എനിക്കെപ്പോഴും തെററുപററുമോ?" ന്യായാധിപൻ എം. റീവസ് അവളെ വിസ്തരിച്ചു.

പാവം! ബർണർദേ തനിക്കു ചുററുമുള്ള ലോകം രണ്ടായി പിളർന്നിരിക്കുന്നതു് അവൾ കണ്ടു. അതിൽ ഒരു ഭാഗം എന്തോ ദിവ്യവസ്തുവായി തന്നെ കൊണ്ടാടുമ്പോൾ മറെറാരുഭാഗം തന്നെ വെറുമൊരു ദുഷ്പ്രവാചികയായി, മന്ത്രവാദിനിയായി വെറുക്കുന്നു.

എങ്കിലും ആ തേജോരൂപിണിയെ, ആ പൊന്നഴകിനെ വിസ്മരിക്കുവാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. അഗാധമായ ഏദയദുഃഖത്തിന്റെ അഴലിലും നനവുവിരിച്ച ആ രൂപം, അതിന്റെ അലോകസുന്ദരമായ സുഷമ ആ ഇടയപ്പെണ്ണിനെ ഹഠാദാകർഷിച്ചുകഴിഞ്ഞിരുന്നു. എം. ഫാബിഷ്, എണ്ണപ്പെട്ട ആ കലാകാരൻ വർണ്ണോജ്ജ്വലമായി ഒരു പ്രതിമ നിർമ്മിച്ചു. അതിനെ ഗ്രോട്ടോയിൽ പ്രതിഷ്ഠിക്കും മുമ്പു ബർണർദേയോടു അയാൾ ചോദിച്ചു: 'ഭവതി ദർശിച്ച രൂപം ഇതാണോ?, അവൾ വിളിച്ചുപറഞ്ഞു. 'ഇതു അതിമനോഹരം'. പക്ഷേ, വേദനയോടെ അവൾ പറഞ്ഞു. 'ഇതു അവളല്ല; ഇതു അവളല്ല'. ബർണർദേ പറയും ഹാ അവൾ എത്ര സൗന്ദര്യം നിറഞ്ഞവൾ! ഒരിക്കൽ ദർശിച്ചാൽ ഒരാൾക്കും അവളെയല്ലാതെ സ്നേഹവിഷയമായി ഈ പ്രപഞ്ചത്തിന്റെ മേൽക്കൂരക്കുതാഴെ മറാറരെയും അന്വേഷിക്കേണ്ടതായി വരികയില്ല. അതേ, അവൾ ഏറിയക്രമം മറിയമായി മാറിയിരുന്നു. മറിയവുമായി കലന്നലയിച്ചിരുന്നു. എങ്കിലും മറിയം എന്താണു അവളോടു പറഞ്ഞതു്? നിന്നെ ഈ ലോകത്തു ഭാഗ്യവതിയാക്കാമെന്നു ഞാൻ നിന്നോടു വാഗ്ദാനം ചെയ്യുന്നില്ല. ലൂർദിലെ ദർശനങ്ങൾ! പാവപ്പെട്ട സൗബിരേക്കുടുംബത്തിനു പണം തട്ടുവാനുള്ള ഒരു വ്യാജക്കച്ചവടമാണിതെന്നു ശത്രുക്കൾ പറഞ്ഞു. പക്ഷേ, ആ പാവങ്ങൾക്കു ഈ പ്രത്യക്ഷങ്ങൾകൊണ്ടു ഒരു പെനിപോലും ലഭിച്ചിരുന്നില്ല. അവർ അതിനാഗ്രഹിച്ചുമില്ല. ഒരിക്കൽ ബർണർദെയ്ക്കു ഒരു മാന്യൻ 10 ലക്ഷം ഫ്രാങ്കു വിലപറഞ്ഞു; തനിക്കവളെ ദത്തുപുത്രിയായി കിട്ടുവാൻ. പക്ഷേ, അവൾ അതിനു വഴങ്ങിയില്ല. പിന്നൊരിക്കൽ അവളുടെ പഴകിയകൊന്തയ്ക്കുപകരം ഒരു പുരോഹിതൻ സ്വർണ്ണക്കൊന്തകൊടുത്തു. പക്ഷേ, അവൾ അതു സ്വീകരിച്ചില്ല. ദാരിദ്ര്യം തന്നെയാണു തന്റെ സ്വർഗ്ഗീയജനനിയെപ്പോലെ അവളും ഇഷ്ടപ്പെട്ടതു്.

ബർണർദേ, ഉന്നതങ്ങളോളം ഉയർത്തപ്പെടുകയും പാതാളങ്ങളോളം താഴ്ത്തപ്പെടുകയും ചെയ്ത നിർഭാഗ്യയായ സൗഭാഗ്യവതി.

ബർണർദേ, ആ കാട്ടുവേണ തന്നെക്കുറിച്ചു തന്നെ അഭിമാനിച്ചിരിക്കുമോ? 'ബർണർദേ, നിന്റെ രൂപം ലൂർദിൽ ഒരു പെനിക്കു വിൽക്കുന്നു' എന്നു കേട്ടപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ടു് അവൾ പറയുകയാണു് 'ഒരു പെനിയല്ലേ എനിക്കു വിലയുള്ളു' എന്നു്. ഒരിക്കൽ മഠാധിപ ചോദിച്ചു, "ബർണർദേ, നിനക്കു വ്യർത്ഥാഭിമാനമില്ലേ?" എന്നു് അവൾ പറഞ്ഞു; "അമ്മേ, എന്നേക്കാൾ അജ്ഞയായ ഒരു സൃഷ്ടിയെക്കണ്ടെത്തുവാൻ കഴിയുമായിരുന്നെങ്കിൽ തീർച്ചയായും ആ നല്ല അമ്മ അവൾക്കുമാത്രമേ കാണപ്പെടുമായിരുന്നുള്ളു."

അതേ അവൾ തന്നെത്തന്നെ സ്വയം ഇല്ലായ്മയായിക്കരുതി. ഒച്ചവച്ച ലോകത്തിന്റെ ബഹളങ്ങളിൽനിന്നു ഓടി ഒളിക്കുവാൻ വെമ്പി. കന്യാമഠത്തിന്റെ ഏകാന്ത ശാന്തമായ ആവൃതിയിൽ മറയുവാനുഴറി പക്ഷേ, അവൾ ആരോടെന്നില്ലാതെ പറഞ്ഞിരുന്നു; "മഠത്തിൽ ചേരുവാനുള്ള യോഗ്യത എനിക്കെവിടെ? എനിക്കൊന്നുമറിഞ്ഞുകൂടല്ലോ. എനിക്കാരു പണംതരും? ഞങ്ങൾ എത്ര പവപ്പെട്ടവർ! പത്രമേനിക്കുള്ള പണം സമ്പാദിക്കുവാൻ ഒരിക്കലും എനിക്കു കഴിയുന്നതല്ല."

എങ്കിലും അവൾ സ്വീകരിക്കപ്പെട്ടു; ആദ്യം ഉപവിയുടെ കന്യകകളുടെ ഗണത്തിൽ; പിന്നീടു് നെവേഴ്സിലെ മഠത്തിൽ. 1869- ഒക്ടോബർ 30-ാം അവൾ വ്രതവാഗ്ദാനം നടത്തി. കടുത്ത പണികളൊന്നും അവളെക്കൊണ്ടെടുപ്പിച്ചിരുന്നില്ല. രോഗിപരിചരണവും ബലിപീഠജാലികളുമായിരുന്നു അവൾക്കു്. മനസ്സറിവോടെ ഒരു പാപംപോലും താൻ പിഴച്ചിട്ടില്ലെന്നു് അവൾ ഏററു പറഞ്ഞിട്ടുണ്ടു്. ധാരാളം സാമാന്യബുദ്ധിയും സ്ഥിരചിത്തതയും അവൾ പ്രദർശിപ്പിച്ചു. എല്ലാവരോടും അവൾക്കു അതിയായ മതിപ്പും സ്നേഹവുമായിരുന്നു. കൂട്ടുസഹോദരികൾക്കും അവളോടു അളവററ ആദരവും മതിപ്പും ഉണ്ടായിരുന്നു. തന്റെ ആരോഗ്യം നിരർഗ്ഗളമായ ഒരു പ്രകോപനവും അഗ്നി പരീക്ഷണവും തന്നെയായിരുന്നു അവൾക്കു്. എങ്കിലും ഹൃദയാന്തർഭാഗത്തു് ശാന്തിയും ആനന്ദവും അഭംഗമായിത്തന്നെ കുടിവാണു.

ആ നാടകം അവസാനിക്കുകയാണു്. യവനിക വീണു. ദീപംപൊലിഞ്ഞു. ഗാനം നിലച്ചു. 1866-ൽ സ്വന്തം മാതാവിന്റെ മരണം ഇടിത്തീപോലെ അവളുടെ ഹൃദയത്തെ പിളർന്നു. 1871-ൽ പിതാവിന്റെ വിരഹവാർത്ത അവളെ ആതുരയാക്കി. 1897-ൽ മോൺസിഞ്ഞോർ പെരമാലയുടെ ചരമവാർത്തയും അവളിൽ ഉൾക്കിടിലം ഉളവാക്കി. അങ്ങിനെ ബർണർദേയുടെ ലോകം വിദീർണ്ണമായി. ശരീരമാകുന്ന പഞ്ജരവും ജീർണ്ണിക്കുകയായിരുന്നു.

ഇതാ ആ ഓടക്കുഴൽ തകരാറായിരിക്കുന്നു. അതിന്റെ തീക്ഷ്ണമായ സുഷിരങ്ങളിലൂടെ രക്തബിന്ദുക്കൾ പൊടിയുന്നു. രോഗിണിയാണു് ബർണർദേ. ചങ്കുപിളക്കുന്ന ചുമ വെന്തുനീറുന്ന ദഹനേന്ദ്രിയങ്ങൾ, ഏങ്ങൽ, രക്തവമനം, കാൽമുട്ടുകളിലെ വ്രണങ്ങളിൽ നിന്നു പാളുന്ന വേദന, നിരന്തമായ നിദ്രാരാഹിത്യം! മരണയാതനയുടെ അന്തിമനിമിഷങ്ങൾ. ശ്വാസംകഴിക്കുവാനുള്ള ക്ലേശാധിക്യത്താൽ കസേരയിൽ നിവർന്നിരുന്നാണു് അവൾ കഴിച്ചുകൂട്ടിയതു്. മരണത്തെ അഭിമുഖം നോക്കിക്കൊണ്ടു് അവൾ സ്വന്തം മഠത്തിലെ സോദരികളോടു മാപ്പിരന്നു. ക്രൂശിതരൂപം സസ്നേഹംമാറോടമർത്തിയമർത്തിപ്പിടിച്ചു. ഭക്തിപൂർവ്വം അതിനെ ചുംബിച്ചു. "എന്റെ ദൈവമേ, മുഴുഹൃദയത്തോടെ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ ദൈവമേ, എന്നെ ഞാൻ അങ്ങേ തൃച്ചേവടികളിൽ അർപ്പിക്കുന്നു. പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, ഈ പാവപ്പെട്ട, ഈ പാവപ്പെട്ട പാപിക്കു വേണ്ടി പ്രാർത്ഥിക്കണമേ, എന്നവൾ ഉദീരണം ചെയ്തു. അങ്ങനെ ആ ദീപം പൊലിഞ്ഞു. ഭൂമുഖത്തെ ഇരുണ്ട നിഴലുകൾക്കു നിത്യമായി ആ നയനങ്ങൾ കൂമ്പുകയും സ്വർഗ്ഗത്തിന്റെ സുന്ദരമായ യാഥാർത്ഥ്യങ്ങളിലേക്കു അതു വികസ്വരമാവുകയും ചെയ്തു. സമയത്തിന്റെ തുറമുഖത്തു നിന്നു പായകൊളുത്തിയ ആ ജീവൻനൗക അങ്ങനെ 35 പൊൽവസന്തങ്ങൾ പിന്നിട്ടു 1879 ഏപ്രിൽ 16 ഉച്ചകഴിഞ്ഞു 3 മണിക്കു പുലരി പൊലിയാത്ത പൂമുഖത്തു കരയടുത്തു. 54 വർഷം കൂടി കഴിഞ്ഞു 1933 ഡിസംബർ 8-ാം തീയതി ബാർട്ട്റസ്സിലെ വത്സലയായ ആ അജപാലിക 'വിശുദ്ധ' എന്ന പദത്തിലേക്കുയർത്തപ്പെട്ടു. അവളുടെ ശരീരസുമം ഇതൾ കൊഴിയാത്ത പൂവാമ്പൽ പോലെ അക്ഷയമായി ഇന്നും നീവെഴ്സിൽ വണങ്ങപ്പെടുന്നു. 'കുന്നുകളേ, നാണിക്കുവിൻ' നിങ്ങളുടെ ഹൃദയഗർവ്വത്തിന്റെ ഹിമപടലങ്ങളെ ഉരുക്കി ഒഴുക്കുവിൻ'. താഴ്വരകളേ, ആനന്ദിക്കുവിൻ. ഇതാ നിങ്ങളുടെ കളിത്തോഴി മഹത്വമണിഞ്ഞിരിക്കുന്നു.

# സ്വർഗ്ഗരാജ്ഞീ, ആനന്ദിക്കുക - അല്ലേലൂയാ

(ഏണേക്കാട്ടു യൗസേപ്പുകത്തനാർ)

അല്ലേലൂയാ, അഥവാ ഹല്ലേലൂയാ എന്ന എബ്രായ പദത്തിന്റെ അർത്ഥം "ദൈവത്തിനു സ്തുതി" എന്നാണ്. ഇതു വിജയത്തിന്റേയും ആഹ്ലാദത്തിന്റേയും മംഗളധ്വനിയായി കത്തോലിക് ലോകം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നു. ആണ്ടുവട്ടത്തിലുള്ള പെസഹാ കാലം മുഴുവൻ, അതായതു നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം മുതൽ പരിശുദ്ധതമ ത്രിത്വത്തിന്റെ തിരുനാൾ വരെയുള്ള എട്ടാഴ്ചയോളം, അല്ലേ



(ലേഖകൻ)

ലൂയായ്ക്കു് ദേവാലയതിരുക്കർമ്മങ്ങളിൽ വളരെ പ്രധാനമായ ഒരുസ്ഥാനം നല്കപ്പെടുന്നുണ്ടു്. "കർത്താവിന്റെ മാലാകാ" എന്നാരംഭിക്കുന്ന നമ്മുടെ സാധാരണയായ ത്രികാലജപത്തിനുപകരം ഇക്കാലഘട്ടത്തിൽ "പരലോകരാജ്ഞീ മനോളുഷ്ടിപൂരിക്ക" (ഇതിന്റെ ഒരു ഏസ്വരൂപം ഈ ലേഖനത്തിന്റെ അഭിധാനമായി എഴുതിയിരിക്കുന്നു) എന്നു തുടങ്ങുന്ന ജപം ചൊല്ലുവാനാണു് നമ്മൾ ആജ്ഞാപിക്കപ്പെടുന്നതും. മുട്ടുകുത്താതെ എഴുന്നേററുനിന്നുകൊണ്ടു് സന്തോഷസൂചകമായി ഈ ജപം ചൊല്ലണമെന്നും തിരുസ്സഭ നിർദ്ദേശിക്കുന്നു. കേവലം ദിവ്യമായ ഈ ജപം സംബന്ധിച്ചു ചില വിവരങ്ങൾ താഴെ പ്രസ്താവിച്ചുകൊള്ളട്ടെ!

ഒന്നാം ഗ്രിഗോറിയോസ് മാർപ്പാപ്പാ തിരുസ്സഭയെ ഭരിച്ചിരുന്നതു് 590 മുതൽ 604 വരെയാണു്. യഥാർത്ഥത്തിൽ റോമാക്കാരനായ ഇദ്ദേഹം പാപ്പായായി തിരഞ്ഞെടുക്കപ്പെടാതിരിപ്പാൻ അദ്ദേഹം പലവിധം പരിശ്രമിക്കയും പിന്നീടു ഒളിവിൽ താമസിക്കയും മററും ചെയ്തുവെങ്കിലും ദൈവഹിതം മറിച്ചായിരുന്നു. ഇദ്ദേഹത്തിന്റെ ഭക്തി, സാമർത്ഥ്യം, പാണ്ഡിത്യം, ഭരണപാടവം മുതലായവമൂലം "മഹാനായ വിശുദ്ധ ഗ്രിഗോറിയോസ്" (St Gregory the Great) എന്നു ചരിത്രത്തിൽ അറിയപ്പെടുന്നു. ഇദ്ദേഹം പാപ്പായാകുന്നതിനു മുൻപു് അന്നത്തെ കുറെ ഇംഗ്ലണ്ടു നിവാസികളെ അടിമകളായി വില്ക്കുവാൻ ഒരു റോമൻ തെരുവിൽ കൊണ്ടുവന്നപ്പോൾ അവരുടെ അസാധാരണമായ സൗന്ദര്യ്യവായ്പു കണ്ടു് അത്ഭുതപ്പെട്ടു് ഇവർ ആംഗ്ലേയരല്ല, പ്രത്യുത (മാലാകാമാർ) ആഞ്ചെലസാണു് They are not Angles but angels എന്നഭിപ്രായപ്പെട്ടതും അനന്തരം ഇംഗ്ലണ്ടിൽ സത്യമതം പ്രചരിപ്പിക്കാൻ വിശുദ്ധ അഗസ്റ്റീനോസിനെ അയച്ചതും മററും ചരിത്ര വസ്തുതകളാണല്ലോ. പ്രധാനപ്പെട്ട രേഖകളിൽ മാർപ്പാപ്പായുടെ ഒരു സ്ഥാനപ്പേരെന്നോണം ഇപ്പോഴും ഉപയോഗിക്കുന്ന "ദൈവത്തിന്റെ ദാസന്മാരുടെ ദാസൻ" Servus Servorum Dei എന്നുള്ളതു് തന്റെ വിനയാധിക്യത്തെ സൂചിപ്പിക്കാൻ ഇദ്ദേഹമാണു് ആരംഭിച്ചതു്. ഗ്രിഗോറിയോസ് എന്ന നാമത്തിൽ പതിനാറു് മാർപ്പാപ്പാമാർ തിരുസ്സഭയെ ഇതേവരെ ഭരിച്ചിട്ടുണ്ടെങ്കിലും ഇവരിലെല്ലാംകൊണ്ടും പ്രഥമ സ്ഥാനം ഇദ്ദേഹത്തിനാണു്.

590-ൽ ഭയങ്കരമായ ഒരു പകർച്ചവ്യാധി റോമാപ്പട്ടണം മുഴുവൻ പടന്നു പിടിച്ചു. ഒരു തുമ്മലോ കോട്ടുവായോ മാത്രം ദൃശ്യകാരണമായി അനേകായിരങ്ങൾ പെട്ടന്നു മരണമടഞ്ഞു. യാതൊരു പ്രതിവിധിയും ഫലപ്രദമായില്ല. ഏവരും ആകുലചിത്തരായി കഴികവേ സ്വർഗ്ഗത്തിലേക്കു കണ്ണുകളെ ഉയർത്തി ഒരു മഹാവലിയ അനുതാപ പ്രദക്ഷിണം പട്ടണമാകെ നടത്തി പ്രാർത്ഥിക്കുന്നതിനു മാർപ്പാപ്പാ ആജ്ഞാപിച്ചു. പട്ടണത്തിലെ ഏഴു പ്രമുഖ ദേവാലയങ്ങളിൽ നിന്നും ഏവരും കൂടിയ ഈ പ്രദക്ഷിണം പുറപ്പെട്ടു. അന്നു

താപസങ്കീർത്തനങ്ങൾ ആലപിച്ച് കഴിവുപോലുള്ള പ്രാർത്ഥനകൾ സഹിതം മരിയ മജോരാബസീലിക്കായിൽ എത്തണമെന്നായിരുന്നു നിശ്ചയം. മാർപ്പാപ്പാ തന്നെ ഈ മഹാപ്രദക്ഷിണത്തിൻെറപ്രധാന നായകനമായിരുന്നു. വിശുദ്ധ ലൂക്കാ സുവിശേഷകൻ പിന്താരിച്ചതും ഇപ്പോഴും റോമ്മയിൽ മരിയമജോരാബസീലിക്കായിൽ വണങ്ങപ്പെടുന്നതുമായ മാതാവിൻെറ തിരുപ്പടം പട്ടണത്തിൽ കൂടി എത്രയും ആഡംബരപൂർവം എഴുന്നള്ളിച്ചു. (മാർതോമ്മാശ്ലീഹാ കൊണ്ടുവന്നു. മൈലാപ്പൂരിൽ ഇപ്പോഴും കാണുന്ന മാതാവിൻെറ രൂപവും വിശുദ്ധ ലൂക്കാ എഴുതിയതാണെന്നു പറയപ്പെടുന്നുണ്ടല്ലോ. ഇടത്തുകൈത്തണ്ടിൽ ഉണ്ണിയെത്താങ്ങി മാറോടുചേർത്തു മറിയം പിടിച്ചിരിക്കുന്ന ഈ അത്ഭുത രൂപങ്ങൾ രണ്ടും ഒരുപോലിരിക്കുന്നുവെന്ന് കണ്ടറിവാൻ ഈ വിനീതലേഖകനും ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.)

റോമ്മാപ്പട്ടണത്തിൻെറ എഴുഭാഗങ്ങളിൽ നിന്നും കഴിവുള്ള എല്ലാ വൈദികരും മററു ജനങ്ങളും ഉൾപ്പെട്ട ഈ മഹാ പ്രദക്ഷിണം മനമുരുകിയ പ്രാർത്ഥനയോടെ നീങ്ങിയിരുന്നു.

ഹദ്രിയാൻ ചക്രവർത്തിയുടെ കുടുംബകല്ലറയായി ആദ്യം സ്ഥാപിക്കപ്പെട്ടതും അദ്ദേഹത്തിൻേറയും അനന്തരം, മാർക്കൂസ് ഔരേലിയൂസ് സെപ്റ്റിമൂസ് സെവൂരേസ്, കരാക്കലാ, ആദിയായ പലേ മഹാന്മാരുടെയും ശവകുടീരങ്ങൾ ഉൾക്കൊള്ളുന്നതുമായ വൻകോട്ടയുടെ സമീപം പ്രസ്തുത പ്രദക്ഷിണം എത്തിയപ്പോൾ അന്തരിക്ഷത്തിൽ മുഖ്യ ദിവ്യദൂതനായ മിഖായേൽ രക്തപങ്കിലമായ ഒരുവാൾ ഉറയിലിടുന്നതായി കാണപ്പെടുകയും പട്ടണത്തിൽ പടന്നിരുന്ന മഹാവ്യാധി നിലച്ചതിൻേറയും സമധാനം പുനസ്ഥാപിക്കപ്പെട്ടതിൻേറയും അൽഭുത സൂചനയാണിതെന്നു എവർക്കും ബോദ്ധ്യപ്പെടുകയും ചെയ്തു. മാത്രമല്ല ഈ സന്ദർഭത്തിൽ, "സ്വർഗ്ഗരാജ്ഞി നീ ആനന്ദിക്കുക, അല്ലേലൂയാ! നിൻെറ ഭാഗ്യപ്പെട്ട ഉദരത്തിൽ നീ വഹിക്കുവാൻ തിരുവുള്ളമായവൻ, അല്ലേലൂയാ; വാഗ്ദാനം ചെയ്തവിധം ഉയർത്തു, അല്ലേലൂയാ"' എന്നു അത്യന്തം ശ്രവണപീയൂഷമായ ദിവ്യഗാനം സ്വർഗ്ഗത്തിൽനിന്നും എങ്ങും കേട്ട് അൽഭുതപ്പെട്ടു നില്ക്കയിൽ "ഞങ്ങൾക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക, അല്ലേലൂയാ" എന്ന് ദൈവനിവേശത്താൽ മാർപ്പാപ്പാ തന്നെ തുടർന്നു പാടുകയുണ്ടായി. ഈ മഹാ അത്ഭുത സംഭവത്തിൻെറ സ്മരണക്കായി പിന്നീട് ഈ സ്ഥലനാമം "മാലാകായുടെ കോട്ട" Castle del Angelo എന്നായിത്തീന്നു. പിൽക്കാലം ദിവ്യമായ ഈ വിജയഗീതം തിരുസ്സഭ പെസഹാ കാലത്തെ ത്രികാല ജപത്തിൻെറ പ്രധാന ഭാഗമായി സ്വീകരിച്ച് താഴെപ്പറയുന്നവ കൂടെ കൂട്ടിച്ചേർക്കുകയും ചെയ്തു "കന്യകയായ മറിയമേ, മനം തെളിഞ്ഞാനന്ദിക്കുക, അല്ലേലൂയാ; എന്തെന്നാൽ നമ്മുടെ കർത്താവു വാസ്തവത്തിൽ ഉത്ഥാനം ചെയ്തു; അല്ലേലൂയാ. (നമുക്കു പ്രാർത്ഥിക്കാം) ഓ, ദൈവമേ, നിൻെറ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ സന്തുഷ്ടമാക്കാൻ നീ തിരുമനസ്സായല്ലോ അയാളുടെ മാതാവായ കന്യകാമറിയത്തിൻെറ മദ്ധ്യസ്ഥതയാൽ നിത്യാനന്ദം പ്രാപിക്കുവാൻ ഞങ്ങൾക്കു അനുഗ്രഹം നൽകേണമെന്നു ഞങ്ങളുടെ കർത്താവായ ആ ഈശോ വഴിയായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ."

ക്രിസ്തുവിൻെറ അത്ഭുത പ്രവൃത്തികളിൽ ഏററവും ഉന്നതമായതു് തൻെറ പുനരുത്ഥാനമാണല്ലോ ഇതിൽ ആനന്ദിക്കുന്നവരിൽ ഒന്നാംസ്ഥാനം തൻെറ മാതാവായ മറിയത്തിനുമാകുന്നു. അവളോടു കൂടെ സാധിക്കുംവിധം സന്തുഷ്ടി പൂകുവാൻ നമുക്കും അർഹതയുണ്ട്. ആനന്ദപ്രദമായ സന്ദർഭങ്ങൾ അവൾക്കു പലതും ഉണ്ടായിട്ടുണ്ടെങ്കിലും സ്വപുത്രൻെറ ഉത്ഥാനദിനം പോലെ അത്യന്തം പരിപൂർണ്ണമായ സന്തുഷ്ടി വേറെ ഉണ്ടായിട്ടില്ലതന്നെ. മുന്നവസരങ്ങളിലെല്ലാം സ്വപുത്രൻെറ പീഡാനുഭവങ്ങളുടെ മങ്ങിയ നിഴലുകളെങ്കിലും അവളുടെ മനോമുകുരത്തിൽ ഏറെക്കുറെ പ്രതിബിംബിച്ചിരുന്നു. മേലാൽ സങ്കടാനുഭവത്തിനു ക്രിസ്തു പാത്രമല്ലാത്തതിനാൽ അവയെല്ലാം മാറിപ്പോയി. മനുഷ്യപരിരക്ഷണത്തിനു തൻെറ പിതാവു നൽകിയ വിജയമകുടം ധരിച്ച് മഹത്വസമ്പൂർണ്ണമായ നിത്യജീവിതം ക്രിസ്തു ആരംഭിച്ചു.

സ്വപുത്രൻെറ ജീവിതത്തോടു കഴിവുപോലെ അനുരൂപപ്പെടുന്ന മറിയത്തിൻേറയും നില ഏകദേശം ഇതുപോലെ തന്നെയെങ്കിലും ആ പുത്രനോടു യോജിപ്പാനുള്ള പ്രത്യാശ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. പാപത്തേയും മരണത്തേയും നരകത്തേയു

# ഒരാണ്ടു കഴിഞ്ഞു

( എൻ. സി. മാത്യു, പൊൻകുന്നം )



(കവനകർത്താ)

1. ഒരാണ്ടുകൂടിക്കഴിയുന്നിതോട്ടം
കുറഞ്ഞുനിൻ ജീവിതവത്സരത്തിൽ
കുറഞ്ഞുനീയൊന്നു നിനച്ചുനോക്കൂ
ജയിച്ചുവെന്നോ പുരതോൽവിയെന്നോ-

2. ഒരാണ്ടുപോയീവിളവാകെ മോശം
പ്രയത്നമാന്ദ്യം കുടികൊണ്ടതല്ല.
ശരിയ്ക്കു വെയ്‌ലും മഴയും ലഭിക്കാ-
തിരുന്നതത്രേ കൃഷകൻ കഥിച്ചു.

3 ഒരാണ്ടുപെട്ടെന്നു കടന്നുപോയീ—
ധനംകുറഞ്ഞൂ വിഭവം തഥൈവ
വ്യയത്തിലും ചെറുകുറഞ്ഞിതായം
കഥിച്ചുമാന്യൻ മുതലാളിയേകൻ

4. ഒരാണ്ടിതിൽ പീഡകൾ പാഞ്ഞടുത്തു-
ധനം ശരീരച്ഛവിയൊത്തു മങ്ങി
വരുന്നകൊല്ലം ശരിയായ് വസിക്കാം
കരുത്തുതന്നാൽ ജയമാണെന്നെനിക്കും.

5 ഒരാണ്ടിതല്ലോ വെറുതേ കളഞ്ഞു,
വരാനിരിയ്ക്കുന്നിനിയെത്ര വർഷം?
പരാജയം തെല്ലുഭവിച്ചിടാതെ
പരാക്രമംകാട്ടി ജയിച്ചിടും ഞാൻ'

6 ഒരാണ്ടിതായെൻ പടുകാലമേ പോയ്
വരുന്നുവാസന്തമനല്പവേഗം
ശുഭപ്രതീക്ഷാന്നമശിച്ചുമേവു-
ന്നൊരുത്തനോതീ ജവമിപ്രകാരം

7. ഒരാണ്ടുപോയിട്ടിതിൽ നേട്ടമാണോ
വരാനിരിക്കുന്നതിൽ നോട്ടമാണോ
വരുംവരായ്കക്കറിയാത്തവർ നാം
നിനപ്പതെന്തേയതിൽ ബദ്ധമോദം

8 ഒരാണ്ടുകൂടിക്കഴിയട്ടെയന്ത്യം
വരേണ്ടതല്ലേ സുകൃതം വിതയ്ക്കാൻ
തുടന്നിടുന്നുപുനരാദ്ദിനത്തേ-
യ്ക്കനന്തമാം നിൻ പരലോകജന്മം.

9. ഒരാണ്ടിതിൻമൂല്യമറിഞ്ഞിടേണ്ടു-
ന്നതോ നമുക്കുള്ള വിശുദ്ധികൊണ്ടാം
ജഡത്തിലല്ലാത്മബലത്തിലത്രേ
ജയിപ്പതേററം മഹനീയമെന്നും

12 ഒരാണ്ടുപോയി, ശരി, ഭൌമികാശാ—
വിലങ്ങിലാപ്പെട്ടു വലഞ്ഞുഞാനും
വരുന്ന വർഷം-വിധിയെന്തുചൊൽവൂ
നശിച്ചിടാം നാം ചിലനാൾ ജയിക്കാം

11. ഒരാണ്ടിതല്ലൊററനിമേഷവും പാഴ്—
വരാതെ കർമ്മോന്മുഖരായ് വസിക്കു.
ഗുണം ബലം ചേർന്നതുതന്നെ വേണം
പിടിക്കണം നാമതിൽ ശക്തിയായി

12. ഒരാണ്ടിതോപോയ്, ശുഭമായ്വരട്ടെ
വരുംദിനങ്ങൾ സുകൃതങ്ങൾ ചിന്നി
ഇരുട്ടിനേ നാം പഴിചാരിനില്ക്കു-
ന്നതെന്തിനോ-ദീപമിനിത്തെളിയ്ക്കൂ.

---


സ്വപുത്രൻ കീഴടക്കി വിജയിച്ചു് രക്ഷണീയ കൃത്യം വേണ്ടപോൽ നിർവ്വഹിച്ചിരിക്കുന്നതിൽ അടങ്ങിയിരിക്കുന്നതിന്റെ സാരസംഗ്രഹം വേറൊരു വ്യക്തിക്കും കൂടുതലായി ഗ്രഹിക്കുവാൻ സാദ്ധ്യമല്ല. പിതാവായ ദൈവത്തിന്റെ മഹിമാതിശയം പുത്രനെപ്പോലെ മറിയവും അറിയുന്നു. ലോകത്തിലെ സങ്കടസഹനത്തിന്റെ അനന്തരഫലം അനുഭവംമൂലം മറിയം മനസ്സിലാക്കി. എങ്കിലും മരണം വഴി സ്വപുത്രനോടു യോജിക്കുന്നതുവരെ കേവലം ക്ലേശരഹിതയായിരുന്നില്ല. പെസഹാക്കാലം അഥവാ ഈസ്റ്റർ എല്ലാ ക്രിസ്ത്യാനികൾക്കും ആനന്ദപ്രദമാണെന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ദിവ്യരക്ഷകന്റെ ഉപദേശങ്ങളും വാഗ്ദാനങ്ങളും സർവ്വബോധജ്ഞാനം ഉൾക്കൊള്ളുന്ന നിത്യസത്യങ്ങളെ ചൂണ്ടിക്കാണിക്കുന്നുവെന്നതിനു് തന്റെ ഉത്ഥാനം മുദ്രവച്ചിരിക്കുന്നു. ആത്മവിശുദ്ധീകരണവും നിത്യാനന്ദപ്രവേശത്തിനുള്ള ഒരുക്കവും മാത്രമാണു് വേദനാനുഭവത്തിന്റെ പരമാന്ത്യം. പെസഹാക്കാലം ഈ സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

ത്രിലോകരാജ്ഞി ആനന്ദിക്കുക; അല്ലേലൂയാ.

# പുണ്യവാന്മാരും വിവേകവും

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി.)

കുറേകൊല്ലങ്ങൾക്കുമുമ്പ് കത്തോലിക്കാസഭയിലേക്കു പ്രവേശിച്ച ഡോക്ടർ എഡിത്ത് വോൺ ഷൂയെക്കിങ്ങ് പറയുകയാണു് അദ്ദേഹം സ്തംഭവാസിയായ സെൻറ് സൈമൻെറ ചരിത്രം ആദ്യം വായിച്ചപ്പോൾ ആ വിശുദ്ധൻെറ ബുദ്ധിക്ക് അല്പം വികല്പമുണ്ടായിരുന്നുവോയെന്നു സംശയിച്ചുവെന്നു്. ഇംഗ്ലീഷിൽ സെൻറ് സൈമൺസ്റ്റൈലയിട്ട്സ് എന്നറിയപ്പെടുന്ന ഈ പുണ്യവാൻ 37 കൊല്ലം ഒരു സ്തംഭത്തിൻെറ മുകളിലാണു നിവസിച്ചതു്. ആഴ്ചതോറും ഒരു പാത്രം എന്തോ ഒരുതരം ഇല ഭക്ഷിച്ചു് ഉയന്ന ഒരു സ്തംഭത്തിൻെറ മുകളിൽത്തന്നെ പുണ്യവാളൻ കഴിച്ചുകൂട്ടി. കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചതിനുശേഷം സെൻറ് സൈമൻെറ ചരിത്രം ഒന്നുകൂടി കൂലങ്കഷമായി ചർച്ചചെയ്തപ്പോൾ ഡോക്ടർ എഡിത്തിനു ബോദ്ധ്യമായി പുണ്യവാൻെറ സ്ക്രൂ അഴിഞ്ഞുപോയിരുന്നില്ലെന്നും ക്രിസ്തുനാഥനെ അടുത്തു അനുകരിക്കുവാൻ ചെയ്ത ഒരു ധീരശ്രമമാണു് ആ സ്തംഭവാസമെന്നും. യൗവനത്തിൽത്തന്നെ തൻെറസമ്പത്തു മുഴുവനും ദരിദ്രർക്കു കൊടുത്തു സൈമൺ ഒരു സന്യാസമന്ദിരത്തിൽപ്രവേശിച്ചു. അവിടത്തെ തപശ്ചര്യകൾ കൊണ്ടു സൈമനു തൃപ്തിവരാതെ മരുഭൂമിയിലെ പിതാക്കന്മാരുടെ ഗണത്തിൽ ചേരുവാൻ അദ്ദേഹം നിശ്ചയിച്ചു; എന്നാൽ മററു സന്യാസികളും നാട്ടുകാരും സമ്മതിക്കാഞ്ഞതിനാൽ അവിടെത്തന്നെ താമസിക്കേണ്ടിവന്നു. അദ്ദേഹത്തെ കാണാൻ തിങ്ങിക്കൂടിയിരുന്ന ജനങ്ങളിൽനിന്നു രക്ഷപെടുവാനും മരുഭൂമിയിലെ ഏകാന്തത സ്വന്തം നാട്ടിൽത്തന്നെ താമസിച്ചുപാലിക്കുന്നതിനുംവേണ്ടിയാണു സൈമൺ സ്തംഭത്തിൽ കയറി പാർപ്പിടം ഉറപ്പിച്ചതു്. അവിടെ ഏകാകിയായി പാപികളുടെ പാപപരിഹാരത്തിനുവേണ്ടി തപോനിരതനായി താമസിച്ചുകൊണ്ടിരിക്കവേ, സ്തംഭാഗ്രത്തിൽ ഇരുന്നുതന്നെ അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ അധരങ്ങൾ നിശ്ചലമായപ്പോഴാണു ജനങ്ങൾ ഗ്രഹിച്ചതു തങ്ങളുടെ പിതാവു സെൻറ് സൈമൺ മരിച്ചുപോയെന്നു്. സിറിയാനിവാസികൾ മുഴുവനും കണ്ണുനീർപൊഴിച്ചു അദ്ദേഹത്തിൻെറ നിര്യാണത്തിൽ. 460 ലാണു്, ഈ ഭാഗ്യപ്പെട്ടമരണം.



(ലേഖകൻ.)

സ്തംഭവാസിയായിരുന്ന സൈമണെപ്പോലെയുള്ളവരുടെ ജീവിതം ഒരു ഭ്രാന്തായിപരിഗണിച്ചേക്കാം. വാസ്തവത്തിൽ ഭ്രാന്തും വിശുദ്ധിയും ഭ്രാന്തും പ്രതിഭാശീലവുംതമ്മിൽ വേർതിരിക്കുന്ന രേഖ അതിലോലമാണു്. അതിനാൽ ചില പുണ്യവാളന്മാരുടെ ജീവചരിത്രം വായിക്കുമ്പോൾ അവർ ഒരുതരം ഭ്രാന്തരായിരുന്നുവോ എന്നു തോന്നിപ്പോകും. മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ കുരിശിൽ മരിച്ച ക്രിസ്തുനാഥൻെറ സ്നേഹവും ഭ്രാന്തുപോലെ തോന്നുകയില്ലേ.

പതിമൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന മാർഗരററ് കോർട്ടോണയുടെ ജീവിതവും ദൈവസ്നേഹഭ്രാന്തിനു് ഒരുദാഹരണമാണു്. സൗന്ദര്യവതിയായ മാർഗരററ് നിർദ്ധനയായിരുന്നതുകൊണ്ടു് ഒരു പ്രഭുകുടുംബത്തിൽ ദാസിവേല ചെയ്തുകഴിയുകയായിരുന്നു.

കുടുംബനായകനായ പ്രഭുതന്നെ മാർഗരററിന്റെ നാശകാരണനായി. എട്ടുകൊല്ലക്കാലത്തേക്ക് അവർ പാപബന്ധത്തിൽ ജീവിച്ചു; ഒരു കുട്ടിയും ജനിച്ചു. ഒരു ദിവസം പ്രഭുവിനെ കാണാതായി. അന്വേഷിച്ചുചെന്നപ്പോൾ കോർട്ടോണനഗരത്തിന്റെ പാർശ്വത്തിലുള്ള വനത്തിൽ രക്തംപുരണ്ടു പ്രഭു മരിച്ചുകിടക്കുന്നതായിട്ടാണു കണ്ടതു്. മാർഗരററ കുട്ടിയെ എടുത്തു കുറെയൊക്കെ അലഞ്ഞുതിരിഞ്ഞു നടന്നു; അവസാനം കോർട്ടോണയിൽ ഫ്രൻസിസ്കൻ വൈദികർ നടത്തിയിരുന്ന ഒരു സങ്കേതത്തിലെത്തി. ദാരിദ്ര്യവും മനോദുഃഖവും പാപജീവിതത്തിൽ മുക്കിതാഴ്ത്തുവാൻ ശക്തിമത്തായ പ്രേരണ അവൾക്കു നൽകിയെങ്കിലും പ്രേമഭ്രാന്തു വിവേകവും അചിരേണ വിശുദ്ധിയുമായിപ്പകർന്നു. ഫ്രാൻസിസ്കൻ മൂന്നാംസഭയിൽചേർന്നു കഠിനപ്രായശ്ചിത്തം അനുഷ്ഠിച്ചു മാർഗരററ ജീവിച്ചുപോന്നു. അവളുടെ ശത്രുക്കളും അവളെ നിന്ദിച്ചുകൊണ്ടിരുന്നവരും അവളെ സ്തുതിക്കുവാൻ തുടങ്ങി. എത്രവാശിയോടെയാണോ മാർഗരററ് ദുർമ്മാർഗ്ഗജീവിതം നയിച്ചതു് അതേവാശിയോടെ അനന്തരകാലങ്ങളിൽ അവൾ തപശ്ചര്യ അനുഷ്ഠിച്ചു. മാർഗരററ പുണ്യവതിയുമായി: പാപിനിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗം അഹ്ളാദിക്കുകയും ചെയ്തു.

ദൈവത്തിന്റെ യോഹന്നാൻ പുണ്യവാൻ പ്രകൃതത്തിൽ സ്മരണാർഹനാണ്. അദ്ദേഹം ഒരിക്കൽ തന്റെ നാമകാരണനായ ഭാഗ്യപ്പെട്ട അവിലായിലെ യോഹന്നാൻ പ്രസംഗിക്കുന്നതു കേട്ടു. യോഹന്നാന്റെ മനസ്സിളകി. അദ്ദേഹം ആ പ്രസംഗസ്ഥലത്തുവച്ചുതന്നെ വലിയ ഒരു ജനക്കൂട്ടത്തിന്റെ സമക്ഷം തന്റെ പാപങ്ങൾ മുഴവനും നിരത്തിവച്ചു. വിനീതമായ ഈ പരിഹാരപ്രവൃത്തി അജ്ഞരുടെ ദൃഷ്ടിയിൽ ഭ്രാന്തായിത്തോന്നി. അവർ അദ്ദേഹത്തെ ഒരു ഭ്രാന്തമന്ദിരത്തിൽ അടച്ചു. അക്കാലത്തു ഭ്രാന്തമന്ദിരങ്ങൾ എത്രയും നികൃഷ്ടാവസ്ഥയിലാണു കിടന്നിരുന്നതു്; അതിനാൽ യോഹന്നാനു ഭ്രാന്തമന്ദിരങ്ങളിലെ കഷ്ടസ്ഥിതി നേരിട്ടു മനസ്സിലാക്കുന്നതിനു സന്ദർഭം ലഭിച്ചു. തൽഫലമായി മാനസികരോഗികൾക്കുവേണ്ടി ഒരാശുപത്രി യോഹന്നാൻതന്നെ ആരംഭിക്കുകയും സ്നേഹപൂർവ്വം രോഗികളെ ശുശ്രൂഷിക്കുന്നതിനു് ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. താമസിയാതെ അദ്ദേഹം പല ആശുപത്രികളും തുറന്നു.

ത്യാഗശീലമാണു നേഴ്സുകളുടെ പ്രധാനയോഗ്യതയെന്നായിരുന്നു യോഹന്നാന്റെ അഭിമതം. നേഴ്സുമാർക്കും ഡോക്ടർമാർക്കുമായി വിശുദ്ധൻ നൽകിയ ഒരു പദേശത്തിൽ ഇങ്ങനെ കാണുന്നു: "പരീക്ഷായോഗ്യത എത്രയും അഭിലഷണീയമാണെങ്കിലും രോഗികളോടു താല്പര്യമില്ലെങ്കിൽ അതു വ്യർത്ഥമാണ്. നേഴ്സിങ്ങ് ഒരു തൊഴിലല്ല; അതൊരു ദൈവവിളിയാണ്. അതുവഴി ലഭിക്കാവുന്ന ആദായത്തെപ്പററിയല്ല, ചെയ്യാവുന്ന സേവനത്തെപ്പററിയാണു ചിന്തിക്കേണ്ടതു്." യോഹന്നാന്റെ വിജയം വിദ്യാഭ്യാസയോഗ്യതയിൽനിന്നു് സിദ്ധിച്ചതല്ല വിശുദ്ധിയിൽനിന്നു് ഉളവായതാണ്. 1555-ൽ ഗ്രനഡായിൽവച്ചു് അദ്ദേഹം മരിച്ചു.

വലിയ ത്രേസ്യാ പുണ്യവതിയും ഭ്രാന്തിയായി കരുതപ്പെട്ടിരുന്ന ഒരു കാലമുണ്ട്. നിയമാനുസരണത്തിൽ പിറകോട്ടടിച്ചിരുന്ന കർമ്മലീത്താസഭയെ പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ പ്രയത്നം തുടങ്ങിയപ്പോൾ കൂട്ടുകാർ പറഞ്ഞതു് പുണ്യവതിക്കു വികല്പമാണെന്നാണ്. കൂട്ടുകാർക്കും ഇതരസന്യാസസഭകൾക്കും ഈ സംരംഭം രസിച്ചില്ല; പുണ്യവതിയെ ഇങ്കിസിഷൻ കോടതിയിൽ ഏല്പിച്ചു ശിക്ഷിക്കുവാൻപോലും അവർ ഒരുങ്ങി. നല്ല മനുഷ്യരുടെ ഇത്തരം എതിർപ്പുകളൊന്നും ത്രേസ്യാ പുണ്യവതിയെ കലുക്കിയില്ല. വിശുദ്ധയുടെ ആത്മപിതാവു ഫാദർ ജൂലിയൻ ഇപ്രകാരമെഴുതി: "ജനങ്ങൾ പറയുന്നതിനേയോ മാനത്തേയോ അപമാനത്തേയോ ത്രേസ്യാ പരിഗണിച്ചിരുന്നില്ല. ഭ്രാന്തിയെന്നു അവളെ പലരും വിളിച്ചിരുന്നു; കഠിനമായ അദ്ധ്വാനം ചെയ്യേണ്ടിയിരുന്നു; എന്നാൽ അവൾ പരിശുദ്ധാത്മാവിൽ ധൈര്യപ്പെട്ടു മുന്നേറിക്കൊണ്ടേയിരുന്നു. സാധാരണ പുരുഷന്മാരുടേയും സ്ത്രീകളുടേയും ധൈര്യത്തെ അതിലംഘിക്കുന്നതായിരുന്നു അവളുടെ ധൈര്യം."

ത്രേസ്യാ പുണ്യവതി ചില സ്വരങ്ങൾ കേട്ടിരുന്നുവെന്നും അതു മാനസികവിഭ്രമത്തിന്റെ അടയാളമാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മാനസികരോഗവിദഗ്ദ്ധനായ ഡോക്ടർ എഡിത്ത് അതു നിഷേധിക്കുകയാണു ചെയ്തതു്. പ്രായോഗികവിവേകവും ഫലിതവും സമ്മേളിച്ചിരുന്ന ആ പുണ്യവതിയുടെ മനസ്സു രോഗപ്പെട്ടതാണെന്ന് അദ്ദേഹം സമ്മതിക്കുകയില്ല. ആദ്ധ്യാത്മികാനുഭവങ്ങൾ ഓരോരുത്തർക്കു

സ്വന്തമാകയാൽ പുണ്യവതി ശ്രവിച്ചുവെന്നു പറയുന്നസ്വരം ഇതരക്ക്ശ്രാവ്യമല്ലായിരുന്നുവെന്നുവരാം.

ത്രേസ്യാ പുണ്യവതിയുടെ ആദ്ധ്യാത്മികാനുഭവങ്ങളെ ഇങ്ങനെ വിമർശിക്കുന്നവർ സെൻറ് ഫ്രാൻസിസ്സിൻെറ പിൻഗാമിയായ ഫോളിഞ്ഞോയിലെ സെൻറ് ആഞ്ചെലായെപ്പററി എന്തുപറയും? ദൈവികാശ്വാസങ്ങളിലും ആനന്ദങ്ങളിലും അഹങ്കരിക്കാതിരിക്കുവാൻ തന്നെ അലട്ടുന്നതിന് ദൈവം അനുമതികൊടുത്തിരുന്ന പിശാചിനെപ്പററി പുണ്യവതി ഇങ്ങനെ എഴുതിയിരുന്നു: ആശ്വാസത്തിൻെറ കണികയൊന്നും കാണാതെ ഞാൻ കരഞ്ഞു; എൻെറ കോപാധിക്യത്തിൽ ഞാൻ എന്നെത്തന്നെ കഠിനമായി പ്രഹരിക്കുകയും വലിച്ചുപറിക്കുകയും അങ്ങനെ എൻെറ തലയിലും ശരീരത്തിലും നീരുവരുകയും ചെയ്തു. സഹനത്തിൻെറ ആധിക്യത്തിൽ എൻെറ ശരീരത്തിൽ ഞാൻ തീയുംകൂടിയിട്ടു പൊള്ളിച്ചിട്ടുണ്ട്; അങ്ങനെ മററു വേദനകൾ അടക്കാമെന്നു ഞാൻ കരുതി. എനിക്കുണ്ടായിരുന്ന വേദന അനുഭവിക്കുന്നതിനേക്കാൾ ശരീരം ചുട്ടെരിയുന്നതാണു ഭേദമെന്നു എനിക്കുതോന്നി. ദൈവം അനുവദിക്കുന്നുവെങ്കിൽ മരണമേ, നീ വന്നു എന്നെ പിടിച്ചുകെട്ടിക്കൊള്ളുക എന്നുകൂടി ഞാൻ പറഞ്ഞുപോയി."

ഈദൃശ സാഹചര്യങ്ങളിൽ മാനസികരോഗവിചക്ഷണനായ ഡോക്ടർ സ്റ്റേണിൻെറ അഭിപ്രായം പരിചിന്തനാർഹമാണ്. "ഇത്തരം അനുഭവങ്ങളിൽ നിന്ന് ദൈവവരപ്രസാദത്തിൻെറ പ്രവർത്തനമെടുത്തുനീക്കിക്കളഞ്ഞാൽ വികല്പം മാത്രമാണ് അവശേഷിക്കുന്നതു്. മനശാസ്ത്രമാകുന്ന ഭൂതക്കണ്ണാടി വച്ചു നോക്കിയാലും യാതൊന്നും മനസ്സിലാകുവാൻ പോകുന്നില്ല. കോളോൺ കത്തീഡ്റൽ ദേവാലയത്തിൻെറ സൗന്ദര്യം രസതന്ത്രപരിശോധനകൾ കൊണ്ടു നിർണ്ണയിക്കുന്നതുപോലെയിരിക്കുമതു്."

നാല്പത്തൊൻപതു കൊല്ലത്തോളം ഇടവക വികാരിയായിരുന്ന സെൻറ് ജോൺ വിയാനി ചിലർ കരുതിയേക്കും ഭ്രാന്തനായിപ്പോയെന്ന്. പഠനത്തിൽ തുലോം പിറകായിരുന്നതുകൊണ്ടു കുറേ നാൾ കുമ്പസാരാനുവാദം പോലും ഇല്ലാതിരുന്ന ഈ വികാരിയച്ചൻ കാലാന്തരത്തിൽ വലിയ കുമ്പസാരക്കാരനായിത്തീർന്നു. കർദ്ദിനാളമ്മാർ മുതൽ കടുത്ത പാപികൾവരെ ഏറെക്കുറെ എല്ലാവരും അനന്തരകാലങ്ങളിൽ അദ്ദേഹത്തിൻെറ പക്കൽ അണഞ്ഞു പാപസങ്കീർത്തനം ചെയ്‌വാൻ. സുപ്രസിദ്ധ വാഗ്മിയായ ലക്കോർഡയർ പരാജയമടഞ്ഞ രംഗങ്ങളിൽ സകലപരീക്ഷകളിലും തോററുപോയ ഫാ. വിയാനി വിജയം വരിച്ചു. അദ്ദേഹത്തിൻെറ ക്രിസ്തീയസ്നേഹവും വിശുദ്ധ മാതൃകയും അനേകരുടെ മാനസാന്തരത്തിനു കാരണമായിട്ടുമുണ്ട്.

സെൻറ് ജോൺ വിയാനിക്കും പിശാചിൻെറ ചില പ്രലോഭനങ്ങളും സമരങ്ങളും അഭിമുഖീകരിക്കേണ്ടിവന്നു. പിശാചു് അദ്ദേഹത്തിൻെറ കിടക്കയ്ക്കു തീ കൊടുക്കുകയും അദ്ദേഹത്തെ ഉരുട്ടിമറിക്കുകയും മററും ചെയ്തതായി ചരിത്രരേഖകളുണ്ട്. ഒരു മാനസികഭിഷഗ്വരൻ പറയും അതൊക്കെ ചിത്തഭ്രമമാണെന്ന്. കൂടുതൽ പ്രാർത്ഥിച്ചും ആശയടക്കങ്ങൾ അനുഷ്ഠിച്ചും പൈശാചികാക്രമണങ്ങളിൽനിന്നു വിജയം നേടുവാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. പിശാചിൻെറ അടിമകളായിരുന്ന പല പാപികളേയും ദൈവത്തിങ്കലേക്ക് ആനയിച്ചുകൊണ്ടിരുന്ന വിശുദ്ധൻെറ പ്രവർത്തനങ്ങളെ തകർക്കുവാൻ പിശാചൻ അഭിനയിച്ച രംഗങ്ങളാണവ എന്നു വിചാരിക്കുന്നതിൽ എന്തു് അബദ്ധമാണുള്ളതു്? നിരവധി പാപികളെ സമാശ്വസിപ്പിച്ചു് അയച്ച വിശുദ്ധനു പ്രായോഗികവിജ്ഞാനവും വിവേകവുമില്ലെന്ന് ആർ പറയും? പിശാചിൻെറ സമരം മൂത്തപ്പോൾ രോഗിയായി കട്ടിലിൽ കിടക്കയല്ല ചെയ്തതു്; കൂടുതൽ പ്രായശ്ചിത്തവും ദൈവസ്നേഹപ്രകരണവും ചെയ്തു പിശാചിനെ കീഴടക്കുവാൻ യത്നിക്കുകയാണു ചെയ്തതു്. ദൈവവരപ്രസാദത്തിലും പിശാചിൻെറ ആക്രമണശക്തിയിലും വിശ്വാസമുള്ളവർ സെൻറ് ജോൺ വിയാനിയെ ചിത്തഭ്രമം സംഭവിച്ച ഒരു പുരോഹിതനായി തള്ളുകയല്ല ചെയ്യുക പുണ്യശ്ലോകനും വിവേകമതിയുമായ ഒരു പുരോഹിതനായി അദ്ദേഹത്തെ നമിക്കുകയേ ചെയ്കയുള്ളു.

മാനസിക രോഗവിചക്ഷണരായ ഡോക്ടർമാർ സെൻറ് ബെനഡിക്ററ്ജോസഫ്ലാബരെപ്പോലെയുള്ള ഒരു പുണ്യവാനെപ്പററി എന്തുപറയുമാവോ? പള്ളിക്കൂടത്തിൽവച്ചു് അദ്ദേഹം മിക്ക പരീക്ഷകളിലും തോററു. സന്യാസമന്ദിരങ്ങളിലേ നിയമങ്ങളും ചട്ടങ്ങളുമെല്ലാം അദ്ദേഹത്തിന് അസഹ്യ

മായിട്ടാണു തോന്നിയതു്. അങ്ങനെ അദ്ദേഹം ഒരു ഭിക്ഷുവായി വല്ല കുപ്പയിലും കുഴിയിലും മററും കിടന്നുറങ്ങി കാലംകഴിച്ചു. നമ്മളൊക്കെ ഇദ്ദേഹത്തെ ഒരു വിഡ്ഢിയും ഭ്രാന്തനുമായി പുറംതള്ളുകയേയുള്ളു. എന്നാൽ ഈ ഭിക്ഷു ഒരസാധാരണ പ്രവാചകനും പ്രസംകനുമായിരുന്നു. ഫ്രഞ്ച് വിപ്ലവത്തെ മുൻകൂട്ടിക്കണ്ടുകൊണ്ടു നിർമ്മതത്വത്തിനും സുഖലോലുപതത്വത്തിനും നിരീശ്വരതത്വത്തിനുമെതിരായി അദ്ദേഹം സ്വരം ഉയർത്തി. ലോകത്തിൻെറയും തൻെറയും പാപങ്ങൾക്കുവേണ്ടി പരിഹാരം ചെയ്യുവാൻ അദ്ദേഹം തൻെറ ജീവിതത്തെ സമർപ്പിച്ചു. കീഴുദ്ധരിച്ചിരിക്കുന്ന അദ്ദേഹത്തിൻെറ വാക്കുകൾ ഒരു ഭ്രാന്തൻേറതാണോ പ്രഗത്ഭമതിയായ ഒരു വിശുദ്ധൻേറതാണോ എന്നു പരിശോധിച്ചുനോക്കുവിൻ; ദൈവത്തെ സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ മൂന്നു ഹൃദയങ്ങൾ ഉരുകി ഒന്നാകണം. ഒന്നാമത്തേതു ദൈവത്തോടുള്ള സ്നേഹവും വിശ്വാസവും, രണ്ടാമത്തേതു നമ്മുടെ അയൽക്കാരോടുള്ള സ്നേഹവും മൂന്നാമത്തേതു പ്രായശ്ചിത്തം ചെയ്യാനുള്ള നിസ്വാർത്ഥവും ദൃഢവുമായ മനസ്സുമാണു്." ഈദൃശസന്ദേശം ഒരു വിഡ്ഢിയുടേയോ ഭ്രാന്തൻേറയോ ആകാൻ നിവൃത്തിയില്ലല്ലോ.

ഇവിടെ വിവരിച്ച പുണ്യവാന്മാർ ഓരോരുത്തരും കഠിനമായ തപോനിഷ്ഠയിൽ ജീവിച്ചുപോന്നവരാണു്. കായികാഭ്യാസികൾ ശരീരത്തെ പലവിധത്തിൽ നിഗ്രഹിക്കാറുണ്ടു്; പുണ്യവാന്മാരും അങ്ങനെ ചെയ്യുന്നുണ്ടു്; എന്നാൽ ഇരുകൂട്ടരുടേയും ഉദ്ദേശങ്ങൾ തമ്മിൽ വലിയ അന്തരമാണുള്ളതു്. പ്രഥമഗണത്തിൽപെട്ടവർ ശരീരസൗഷ്ഠവം മാത്രം ലാക്കാക്കുന്നു; ഇതരർ ദൈവസ്നേഹത്തെ ഉദ്ദേശിച്ചു ശരീരത്തെ നിഗ്രഹിച്ചു കീഴടക്കുന്നു. ചിലർ കരുതാറുണ്ടു് തപോജീവിതത്തിൻെറ പിറകിൽ എന്തോ വൈകാരിക പ്രത്യേകതകളുണ്ടെന്നു്. തപോധനന്മാരിൽ പലരുടേയും ജഢികഘടന ഇതര മനുഷ്യരുടേതിൽനിന്നു വ്യത്യസ്തമല്ല; അതിനാൽ അവരും പൂർണ്ണസതിത്വം വ്രതമായിസ്വീകരിക്കുന്നതു തെല്ലൊരു സമരംകൂടാതെയാണെന്നു പറയുവാൻ വഹിയാ. ജഡികസന്തോഷങ്ങൾ ഉപേക്ഷിച്ചതുകൊണ്ടാണു് ഒരുത്തൻ തപസ്സു ചെയ്യാൻ തുടങ്ങുന്നതെന്നു പറഞ്ഞുകൂടാ. തപസ്സ് മനുഷ്യാത്മാവിൻെറ ഒരു വാസനയാണു്. ജഡിക വാസനകളെ നിയന്ത്രിച്ചു പുണ്യപരിപൂർണ്ണതയിലേക്കു് ആനയിക്കുവാൻ തപസ്സു സഹായകമാണു്.

തപസ്സു തപസ്സിനുവേണ്ടിയുള്ളതല്ല; ദൈവത്തിങ്കലേക്കുള്ള ഒരു മാർഗ്ഗമെന്ന നിലയിലെ അതിനു പ്രാധാന്യമുള്ളു. തപോധനർ ഏകാന്തം അന്വേഷിക്കുന്നതെന്തിനാണു്? ആന്തരിക സമാധാനത്തിനും, പ്രാർത്ഥനാജീവിതത്തിനും അതു നല്ലതായതുകൊണ്ടു്. ലൗകിക വ്യാപാരങ്ങളും സന്തോഷങ്ങളും ദൈവവുമായുള്ള സംഭാഷണത്തിനു് വിഘ്നമുണ്ടാക്കുന്നു. എങ്കിലും ഒരു താപസൻ അഥവാ വിശുദ്ധൻ സകല ലൗകിക വ്യാപാരങ്ങളിൽ നിന്നും ഒഴിഞ്ഞുമാറണമെന്നില്ല. ആശാനിഗ്രഹവും സ്വയപരിത്യാഗവും വഴി ലോകവസ്തുക്കളിൽനിന്നു് അകന്നു നിന്നാൽ മതിയാകും.

ഒരിക്കൽ ഒരു അകത്തോലിക്കൻ പറയുകാണു് തങ്ങളുടെ കൂട്ടത്തിൽ റോമൻ കത്തോലിക്കരേക്കാൾ കൂടുതൽ വിശുദ്ധരുണ്ടെന്നു്. അദ്ദേഹം ഏതു മാനദണ്ഡംവെച്ചാണാവോ വിശുദ്ധിയെ അളക്കുന്നതു്. യോഗാഭ്യാസങ്ങൾ ചെയ്യുന്നവരൊക്കെ വിശുദ്ധന്മാരാണെന്നു ഹൈന്ദവർ കരുതിയേക്കാം; ഏററവും കൂടുതൽ തത്വം പ്രസംഗിക്കുന്നവർ വിശുദ്ധരാണെന്നു പെന്തക്കുസ്താക്കാർ പ്രസ്താവിച്ചേക്കും. തപസ്സുവഴി ദുർവ്വാസനകളെ അമർത്തുകയും പ്രാർത്ഥനയും ധ്യാനവും വഴി ദൈവത്തോടു് ഐക്യം പ്രാപിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതാണു് വിശുദ്ധി എന്ന മാനദണ്ഡം വച്ചുനോക്കുമ്പോൾ റോമൻ കത്തോലിക്കാസഭയ്ക്കു പുറമേ യഥാർത്ഥ വിശുദ്ധികാണുവാൻ കഴിയുമോ എന്നു സന്ദേഹമാണു്.

വിശുദ്ധിയുടെ മാനദണ്ഡത്തിൽ മാത്രമല്ല അഭിപ്രായാന്തരമുള്ളതു്. ഭ്രാന്തും വിവേകവും തമ്മിൽ വേർതിരിക്കുന്ന രേഖതന്നെ സുവ്യക്തമല്ല. പരിശുദ്ധമായ ഉദ്ദേശത്തോടുകൂടി നമ്മൾ ചെയ്യുന്ന പ്രവൃത്തികൾപോലും തെററിദ്ധരിക്കുന്നു. ബിസ്മാർക്കിനെ എതിർത്ത വിന്തോഴ്സ്റ്റിനെ ബിസ്മാർക്കു് പ്രഭൃതികൾ ഭ്രാന്തനായും ജർമ്മൻ കത്തോലിക്കർ വീരയോദ്ധാവായും പരിഗണിച്ചു. തിരുസ്സഭയ്ക്കു വേണ്ടി പൊരുതിയ ലൂയീവോയിലോ, ഡൊണോസോ കോർട്ടെസ്സ് മുതലായവരെ മതഭ്രാന്തരെന്നു മുദ്രയടിച്ചു; ഇതരർ അവരെ ധീരപ്രേഷിതരായി വാഴ്ത്തി. കമ്മ്യൂണിസ്ററുകാരുടെ ഇടയിൽത്തന്നെ ഈദൃശവ്യത്യാസം കാണാം. ലെറെന്തിബെറിയായും ട്രോട്സ്കിയും കമ്മ്യൂണി

# ചെറുപുഷ്പവും ജപമാലയും

(B. P.)

വിശുദ്ധന്മാരെല്ലാവരും മരിയഭക്തിയിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചിട്ടുള്ളവരാണ്. മാതാവിനോടുള്ള ഏതെങ്കിലും ഒരു പ്രത്യേകഭക്തിയിൽ പ്രാമുഖ്യം പ്രാപിക്കാത്തവരായി അവരുടെ കൂട്ടത്തിൽ ആരും കാണപ്പെടുകയില്ല. ചിലർ ഉത്തരീയഭക്തിയിലും ചിലർ ജപമാലഭക്തിയിലും പ്രസിദ്ധരാണ്. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജപമാലഭക്തിയെപ്പററി അല്പം പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

വി. കൊച്ചുത്രേസ്യാ ദൈവമാതൃഭക്തിയിൽ ആരുടേയും പിന്നിലല്ലായിരുന്നു എന്ന് "പാടും ഞാനമ്മേ" എന്നാരംഭിക്കുന്ന അവളുടെ അവസാനഗാനം സാക്ഷ്യം വഹിക്കുന്നുണ്ട്. കർമ്മലനാഥ, വിജയമാതാവ് എന്നീ അഭിധാനങ്ങളിൽ അവൾ പരിശുദ്ധ ജനനിയോട് അത്യധികമായ സ്നേഹവും ഭക്തിയും പ്രദർശിപ്പിച്ചിരുന്നു. വിജയമാതാവിന്റെ മദ്ധ്യസ്ഥതയാൽ ചെറുപുഷ്പത്തിനു ലഭിച്ച അത്ഭുതകരമായ രോഗശാന്തിയും സ്വർഗ്ഗരാജ്ഞിയുടെ നേർക്ക് അവൾക്കുണ്ടായിരുന്ന കൃതജ്ഞതയും നമുക്കു മറക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ ജപമാലരാജ്ഞിയോടു പ്രത്യേകവിധത്തിൽ അവൾക്കു ഭക്തിയുണ്ടായിരുന്നോ എന്നുള്ളതാണ് പ്രതിപാദ്യവിഷയം. ഇതു

---

സ്റ്റുകാരായിരുന്നു; എന്നാൽ ട്രോട്സ്കിയെ സ്റ്റാലിനും ബെറിയായെ ഇന്നത്തെ റഷ്യൻ മേധാവികളും അവസാനിപ്പിച്ചു. അവർ രാജ്യദ്രോഹികളായി മുദ്രയടിക്കപ്പെട്ടു. കുറച്ചു കൊല്ലം മുമ്പു റോമായിലെ പ്രധാന യഹൂദപുരോഹിതൻ എവുജെനിയോ സോവെല്ലി യഹൂദനിയമം ഉപേക്ഷിച്ചു സ്നേഹത്തിന്റെ നിയമമായ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചപ്പോൾ ഇതര യഹൂദരുടെ ദൃഷ്ടിയിൽ അദ്ദേഹം ഭ്രാന്തനായി.

ആകയാൽ വിശുദ്ധന്മാരെ, അവരുടെ ജീവിതകാലത്തു പ്രത്യേകിച്ചും, വളരെയധികം തെററിദ്ധരിച്ചുവരുന്നുണ്ട്. ചിലർക്ക് അവർ ഭ്രാന്തരും അവവേകികളുമാണന്നു തോന്നിപ്പോകും; എന്നാൽ കാലം അതിന്റെ നിറം കാട്ടും. അൽഫോൺസ് ലിഗോരിയെ അദ്ദേഹം സ്ഥാപിച്ച സന്യാസസഭയിലെ അംഗങ്ങൾ തന്നെ ബഹിഷ്ക്കരിക്കയുണ്ടായി. കൊച്ചുത്രേസ്യാ പുണ്യവതിയെപ്പോലും തെററിദ്ധരിച്ചിട്ടുണ്ട്. അതിനാൽ ആദ്ധ്യാത്മികാഭ്യാസങ്ങൾ ഇതരരുടെ ആക്ഷേപങ്ങളെ പ്രതി ഉപേക്ഷിക്കേണ്ടതില്ല. എളിമയോടുകൂടെ ആത്മപിതാക്കന്മാരെ നമ്മുടെ ഉദ്ദേശങ്ങൾ അറിയിക്കുക; അനന്തരം എന്തുത്യാഗം സഹിച്ചും ആത്മപിതാക്കന്മാരുടെ നിർദ്ദേശങ്ങൾ അനുഷ്ഠിക്കുക. ഭ്രാന്തെന്നോ അവിവേകമെന്നോ ഇതരർ പറഞ്ഞാലും ആ ആരോപണങ്ങൾക്കു പ്രാധാന്യം കല്പിക്കാനില്ല.

ശാസ്ത്രത്തിന്റെ പുരോഗതിയിൽ ആദ്ധ്യാത്മികത്വവും തപോനിഷ്ഠയും, മിസ്ററിക്ക് അനുഭവങ്ങളും ഭ്രാന്താണെന്നു ചിലർ മുദ്രയടിച്ചേക്കാം. സാരമില്ല. ഈ ശാസ്ത്രീയ യുഗത്തിനു് അത്യന്താപേക്ഷിതമായ ഒരു ഗുണം എളിമയാണ്. ശാസ്ത്രജ്ഞന്മാർ കുട്ടിച്ചന്ദ്രനെ അന്തരീക്ഷത്തിലേക്ക് അയക്കുവാൻ പോകയാണെങ്കിലും ഈശ്വരനെ വണങ്ങി അവിടുത്തെ സന്നിധിയിൽ മുഴങ്കാൽ മടക്കി ഗവേഷണം നടത്തട്ടെ. സ്കൂളുകൾ വളരെയുണ്ടെങ്കിലും സാക്ഷാത്തായ ജ്ഞാനം വിതരണം ചെയ്യുന്നില്ല; ആദ്ധ്യാത്മികത്വത്തിന്റെ അധഃപതനവും ശാസ്ത്രപഠനത്തിന്റെ അഹങ്കാരവുമാണ് ഇതിനു കാരണം.

കത്തോലിക്കാസഭ മനശാസ്ത്രമനുസരിച്ചാണു നമ്മളെ നയിച്ചുകൊണ്ടുപോകുന്നതു്. ബുദ്ധിരാക്ഷസന്മാരെയും രാഷ്ട്രീയ നേതാക്കളേയും അവർ ബഹുമാനിക്കും; ശാസ്ത്രജ്ഞന്മാരുടെ ശാസ്ത്രീയ വിജ്ഞാനത്തിനു് അവർ ജെയ് വിളിക്കും; എന്നാൽ പുണ്യവാന്മാരെ അവർ വണങ്ങും; അതായതു് സന്മാർഗ്ഗതത്വങ്ങൾക്ക് എളിമയോടും ധീരതയോടുംകൂടെ വഴങ്ങുന്നവരെ തിരുസ്സഭ മാർഗ്ഗദർശികളായി നമുക്കു നിർദ്ദേശിക്കും. അവരാണ് പുണ്യവാന്മാർ. അവരുടെ വിവേകമാണ് സാക്ഷാൽ വിവേകം. അതിനെ ഭ്രാന്തായി നിഷ്ക്കാസനം ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ ഭ്രാന്തന്മാർ.

സംബന്ധിച്ച് സാൻഡ്രോവുഡ് എന്ന ദേഹം 'ലിററിൽ ഫ്ലവർ' എന്ന അമേരിക്കൻ മാസികയിൽ എഴുതിയിരിക്കുന്ന ഒരു ഉപന്യാസം പ്രതിപാദനത്തിനു വളരെ സഹായിച്ചിട്ടുണ്ട്.

ചെറുപുഷ്പത്തിന്റെ മനോഹരജീവിതവുമായി പരിചയപ്പെട്ടിട്ടുള്ള ഏതൊരുവനും സമ്മതിക്കുന്ന ഒരു സംഗതിയാണ് "തെരേസാമാർട്ടിൻ കർമ്മലമഠത്തിൽ പ്രവേശിക്കുന്നതിനുമുൻപും പിൻപും ജപമാലരാജ്ഞിയോടു സവിശേഷഭക്തി പ്രദർശിപ്പിച്ചിരുന്നു" എന്നുള്ളതു്. ഇതു കേൾക്കുമ്പോൾ ചിലർ വിസ്മയിച്ചേക്കാം. എന്നാൽ കൊച്ചുത്രേസ്യാ നസ്രത്തിലെ കുടുംബത്തിനു സദൃശമായ ഒരു കുടുംബത്തിലാണ് ജനിച്ചുവളന്നതെന്നകാര്യം നാം വിസ്മരിക്കരുതു്. അതു് ഒരു മാതൃകാകത്തോലിക്കാ കുടുംബമായിരുന്നു. മാതാപിതാക്കന്മാരേയും സഹോദരിമാരേയും ബഹുമാനിച്ചും ആദരിച്ചും വളർന്നുവന്ന ചെറുപുഷ്പം ദൈവികപുണ്യങ്ങളിലും സാന്മാർഗ്ഗികപുണ്യങ്ങളിലും അനുദിനം അഭിവൃദ്ധി പ്രാപിച്ചു. സ്വഭവനത്തിൽ ദൈവമാതൃഭക്തിയും ജപമാലോച്ചാരണവും ശ്വാസോച്ഛ്വാസം പോലെ സ്വാഭാവികമായിത്തീന്നു. കൊച്ചുത്രേസ്യാ ജപമാലയുടെ സാരവും വിശ്വാസ രഹസ്യങ്ങളുടെ അർത്ഥവും ഗ്രഹിച്ചതോടൊപ്പം കൊന്തമണികൾ ഉരുട്ടുന്നതിനിടയിൽ പ്രസ്തുത രഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനും പഠിച്ചു. ബാല്യകാലത്തിൽ തന്നെ വിശുദ്ധ, ജപമാലഭക്തിയിൽ വളരെ മുന്നേറിയിരുന്നു എന്നു വ്യക്തമായി സൂചിപ്പിക്കുന്ന ഒരു സംഭവം പറയാം.

ചെറുപുഷ്പം അസാധാരണമായ ആദരവോടും ഭക്തിയോടുംകൂടി ആദ്യ കുമ്പസാരത്തിനൊരുങ്ങി. എന്തുചെയ്യണമെന്നു നല്ലപോലെ ഉപദേശിക്കപ്പെട്ടിരുന്ന ആ കൊച്ചുകുട്ടി, കുമ്പസാരക്കൂട്ടിലിരുന്ന വൈദികനെ സമീപിച്ച് പാപോച്ചാരണംചെയ്തു. ഉണ്ണിയീശോയുടെ ബാഷ്പകണങ്ങൾ തന്റെ ആത്മാവിനെ പവിത്രീകരിക്കുമെന്നു സഹോദരിയിൽനിന്നും ധരിച്ചിരുന്ന കൊച്ചുത്രേസ്യാ സജീവ വിശ്വാസത്തിന്റെ അരൂപിയിൽ പാപമോചനം പ്രാപിച്ചു. വൈദികന്റെ ഉപദേശത്തിൽ സർവ്വപ്രധാനമായി അവളെ ആഷ്കിച്ചതു മാതാവിനോട് ആർദ്രമായ സ്നേഹമുണ്ടായിരിക്കണമെന്ന ഭാഗമായിരുന്നു. അതിന്റെ ഫലമായി ദൈവജനനിയുടെ നേർക്കുള്ള ഭക്തിയുംസ്നേഹവും ദ്വിഗുണീഭവിപ്പിക്കുന്നതാണെന്നു് അവൾ വാഗ്ദാനം ചെയ്തു. അനന്തരം കൈവശമുണ്ടായിരുന്ന ജപമാല ആശീർവ്വദിക്കുന്നതിനുവേണ്ടി വൈദികനെ ഏല്പിച്ചു. ജപമാല തിരിച്ചുകിട്ടിയപ്പോൾ അവൾക്കുണ്ടായ സന്തോഷവും സംതൃപ്തിയും അവർണ്ണനീയമായിരുന്നു. വീട്ടിലേക്കുള്ള യാത്രാമദ്ധ്യേ തെരുവിലുണ്ടായിരുന്ന വിളക്കിന്റെ അടുത്തുചെന്നു് പോക്കററിൽ നിന്നെടുത്ത ജപമാല, ചെറുപുഷ്പം മറിച്ചും തിരിച്ചും നോക്കി. "എന്താണിത്ര കാര്യമായിനോക്കുന്നതു്?" എന്ന പൗളിന്റെ ചോദ്യത്തിനു് "ആശീർവ്വദിക്കപ്പെട്ട ജപമാല എങ്ങിനെ ഇരിക്കും എന്നു നോക്കുകയാണു്" എന്നായിരുന്നു അവളുടെ മറുപടി. ഇതിൽനിന്നും അവൾ ചെറുപ്പത്തിൽ തന്നെ ജപമാലഭക്തിയിൽ എത്രമാത്രം താല്പര്യം കാണിച്ചിരുന്നു എന്നു വ്യക്തമാണല്ലോ.

കൊച്ചുത്രേസ്യായും സഹോദരി മരിയഗ്വൂഏർ (ദിവ്യകാരുണ്യത്തിന്റെ മേരിസഹോദരി) നും ഉററമിത്രങ്ങളായിരുന്നു. അവരുടെ ബാലലീലകളിൽ പോലും ജപമാല ഒരു പ്രധാനസ്ഥാനംകരസ്ഥമാക്കി. അതിനെ തെളിയിക്കുന്ന ഒരു സംഭവം ചെറുപുഷ്പം തന്നെ വിവരിക്കുന്നതിപ്രകാരമാണ്:— "എന്റെ അമ്മാവന്റെ വീട്ടിനുസമീപം ഞങ്ങൾ ഒരു ചെറിയ കുടിൽ കെട്ടി. ഒരു ചെറിയ തോട്ടം അതിനടുത്തു നിർമ്മിച്ചു. ആ കുടിലിൽ രണ്ടു സന്യാസിനികളെപ്പോലെ ഞങ്ങൾ സമയം കഴിച്ചുകൂട്ടി. ഒരാൾ നിരന്തരമായ സമാധിയിൽ വ്യാപൃതയായിരിക്കുമ്പോൾ മറേറയാൾ പ്രവൃത്തിനിരതയായിരിക്കും. സകലതും സന്യാസിനികൾക്കടുത്ത ഗൗരവത്തോടും ഔചിത്യത്തോടും നിർവഹിക്കപ്പെട്ടു. ഞങ്ങൾ തെരുവിൽ പോയപ്പോഴും പ്രസ്തുത നിയമത്തിനു മാററം വരുത്തിയിരുന്നില്ല. രണ്ടു സന്യാസിനികളും ജപമാല ചൊല്ലിയിരുന്നു. പക്ഷേ എണ്ണുന്നതിനു ജപമാല മണികൾക്കുപകരം കൈവിരലുകൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. മററുള്ളവരുടെ പരിഹാസത്തിനു ഞങ്ങളുടെ ജപമാലഭക്തി വിധേയമാകാതിരിക്കുവാൻ അതു സഹായിച്ചു. ഇതിൽനിന്നും എത്ര ബഹുമാനത്തോടും ഉത്സാഹത്തോടുംകൂടിയാണ് ചെറുപുഷ്പം ജപമാല എത്തിച്ചിരുന്നതെന്നു് നമുക്കു മനസ്സിലാക്കാൻ കഴിയും.

കൊച്ചുത്രേസ്യാ 15-ാമത്തെ വയസ്സിൽ കാർമ്മേലിൽ പ്രവേശിക്കുന്നതിനു് അത്യാശയോടുകൂടി തന്റെ പിതാവുമൊരുമിച്ച് റോമിലേക്കു തീർത്ഥയാത്ര ചെയ്തപ്പോഴും അവളുടെ ജപമാല എടുക്കുവാൻ മറന്നില്ല. തീർത്ഥകർ തിരുക്കുടുംബം സന്ദർശിക്കുന്നതിനു് ലൊറേത്തോയിൽ ഇറങ്ങിയപ്പോൾ ചെറുപുഷ്പത്തിന്റെ സന്തോഷം അപരിമേയമായിരുന്നു. മാതാവു മംഗലവാർത്ത സ്വീകരിച്ച മുറിയും ദിവ്യപൈതൽ ഉപയോഗിച്ചിരുന്ന തളികയും ഭക്തിയോടും കൗതുകത്തോടുംകൂടി അവൾ ദർശിച്ചു. ആ തളികയിൽ കൊച്ചുത്രേസ്യായുടെ ജപമാല ഇട്ടപ്പോൾ അവൾ ആനന്ദത്താൽ പുളകിതഗാത്രയായി ത്തീർന്നു. ജപമാലരാജ്ഞിയോടുള്ള ഭക്തി ആ നിമിഷം അവളിൽ വർദ്ധമാനമായിത്തീർന്നുഎന്നതിനു സംശയമില്ല.

"ജപമാലയുടെ പാപ്പാ" എന്ന അപരനാമത്താൽ അറിയപ്പെടുന്ന പതിമൂന്നാം ലെയോമാർപ്പാപ്പായുടെ സന്നിധിയിൽ തന്നെ കർമ്മലസഭാ പ്രവേശനത്തിനുള്ള അവളുടെ അപേക്ഷ സമർപ്പിക്കുവാൻ സാധിച്ചതിൽ അവൾ അഭിമാനം കൊണ്ടിരിക്കും. "ദൈവം തിരുമനസ്സാകുന്നെങ്കിൽ നീ കാർമ്മേലിൽ പ്രവേശിക്കും" എന്നരുളിച്ചെയ്തു ചെറുപുഷ്പത്തെ സമാധാനപ്പെടുത്തിയതു് തിരുമേനിയാണല്ലോ.

1888 ഏപ്രിൽ 9-ാംതീയതി ചെറുപുഷ്പം കർമ്മലസഭയിൽ പ്രവേശിച്ചപ്പോൾ പരിശുദ്ധപിതാവിന്റെ പ്രസ്തുത പ്രവചനം നിറവേറി. ഒരു കർമ്മലീത്താസന്യാസിനി എന്ന നിലയിൽ കൊച്ചുത്രേസ്യായുടെ ജപമാലഭക്തി അനുദിനം വധിച്ചുവന്നു സഭയുടെ പാരമ്പര്യമനുസരിച്ച് ദിവസവും 153 മണിജപം എത്തിക്കുക എന്ന പതിവു് അവൾ വളരെ നിഷ്കൃഷ്യോടുകൂടിയാണു പാലിച്ചതു്. ജപമാല ആത്മീയശക്തിയുടേയും ആശ്വാസത്തിന്റേയും ഒരു നീരുറവയായി അവൾക്കു് അനുഭവപ്പെട്ടു ദൈവമാതാവു നൽകിയ ഒരു അമൂല്യനിധിയായിട്ടാണു് കൊച്ചുത്രേസ്യാ ജപമാലയെ കണക്കാക്കിയതു്.

ജപമാലയുടെ തിരുനാൾ ആഘോഷിക്കപ്പെട്ടുന്ന ഒക്ടോബർ 7-ാംതീയതി കൊച്ചുത്രേസ്യായ്ക്കു് സമാധാനത്തിന്റേയും സന്തോഷത്തിന്റേയും ഒരു ദിനമായിരുന്നു. മാത്രമല്ല ഉപകാരസ്മരണയുടെ ഒരു ദിവസമായും അവൾ അതു കൊണ്ടാടി. ജപമാലരാജ്ഞിയുടെ മാദ്ധ്യസ്ഥത്താൽ ലെപ്പാന്റോയിൽ വെച്ച് ക്രിസ്ത്യാനികൾ തുർക്കികളുടെമേൽ വിജയം വരിച്ചതിന്റെ ഓർമ്മ അവളുടെ ഹൃദയത്തെ കൃതജ്ഞതാനിർഭരമാക്കി. 1571 ഒക്ടോബർ 7-ാംതീയതിയാണല്ലൊ ലെപ്പാന്റോയിൽവച്ച് തുർക്കികളും ക്രിസ്ത്യാനികളും തമ്മിൽ ഏറ്റുമുട്ടിയതു്. ക്രിസ്ത്യൻഭടന്മാർ എണ്ണത്തിൽ വളരെ കുറവായിരുന്നെങ്കിലും അവർ അത്ഭുതകരമായവിധത്തിൽ മഹമ്മദീയരെ തോല്പിച്ചു.

1570-ൽ മഹമ്മദീയസുൽത്താൻ, സോളിമാൻ ദ്വിതീയൻ, സൈറസ് ആക്രമിക്കുകയും പശ്ചിമരാജ്യങ്ങളിലെ ക്രിസ്ത്യാനികളെ ഭീഷണിപ്പെടുത്തുകയും ചെയ്തു. അന്നു് തിരുസ്സഭാഭരണം നടത്തിയിരുന്ന പീയൂസ് പഞ്ചമൻ മാർപ്പാപ്പാ വെനീസിന്റേയും സ്പെയിനിന്റേയും സൈന്യങ്ങളെ തിരുസിംഹാസനത്തിന്റെ സൈന്യങ്ങളോടു ചേർത്തു് ഒരു ഐക്യമുന്നണി സൃഷ്ടിച്ചു. ദുർമ്മാർഗ്ഗികളായ ഭടന്മാരെ തിരസ്കരിച്ചശേഷം ഉത്തമരായ ഭടന്മാരോടുകൂടി മുന്നേറുന്നതിനു് പ്രധാന സൈന്യാധിപൻ ഡോൺജോണിനോടു കല്പിച്ചു് തിരുമേനി അദ്ദേഹത്തെ അനുഗ്രഹിച്ചയച്ചു അനന്തരം പൊതുപ്രാർത്ഥനകളും ജപമാലയുടെ ആഘോഷമായ പ്രദക്ഷിണങ്ങളും റോമിൽ നടത്തുവാൻ മാർപ്പാപ്പാ ഉത്തരവിട്ടു. അവിടുന്നാകട്ടെ നിരന്തരമായ അപേക്ഷകളാലും നെടുവീർപ്പുകളാലും സ്വർഗ്ഗീയകവാടം ഭേദിച്ചുകൊണ്ടിരുന്നു. ലെപ്പാന്റോ യുദ്ധദിവസം സമാഗതമായി. അന്നും പതിവുപോലെ തിരുമേനി കർദ്ദിനാളന്മാരോടൊരുമിച്ചു് കൃത്യനിരതനായിരുന്നു. പെട്ടെന്നു ജോലിയിൽനിന്നു വിരമിച്ച പരിശുദ്ധപിതാവു് ഒരു ജനൽ തുറന്നു് ആകാശത്തിലേക്കു നോക്കിക്കൊണ്ടു് വിളിച്ചു പറഞ്ഞു "ജോലി തല്ക്കാലം നിറുത്തുക, നമ്മുടെ ഇപ്പോഴത്തെ മുഖ്യമായ ക്രിസ്ത്യാനികൾക്കു് ദൈവം നൽകിയ വിജയത്തിനു് അങ്ങേയ്ക്കു് കൃതജ്ഞത പ്രകാശിപ്പിക്കുകയാണു്."

ഈ വിജയത്തിന്റെ ഓർമ്മയ്ക്കായി അഞ്ചാം പീയൂസ് ഒക്ടോബർ 7-ാംതീയതി വിജയമാതാവിന്റെ തിരുനാൾ ഏർപ്പെടുത്തുകയും "ക്രിസ്ത്യാനികളുടെ സഹായമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന സുകൃതജപം മാതാവിന്റെ ലുത്തിനിയായിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. 1573-ൽ ലെപ്പാന്റോ വിജയത്തെ അനുസ്മരിപ്പിക്കുന്നതിനു

# വിജയിയായ യോദ്ധാവ്

(ജി. സി. ടീലാർ)

1914 ജൂലൈ 28. അന്ന് രണ്ടു വലിയ സംഭവം നടന്നു ഹംഗറിയുടെ അയൽവാസിയായ ഓസ്ട്രിയാ ബൾഗേറിയായുടെ അയൽവാസിയായ സേർബിയായോട് യുദ്ധപ്രഖ്യാപനം നടത്തി. ഒന്നാം ലോകമഹായുദ്ധത്തിൻെറ ആദ്യത്തെ ആളിക്കത്തലായിരുന്നു അതു്. 1918 നവംബർ 11 വരെ യുദ്ധം നീണ്ടുനിന്നു. 80 ലക്ഷം വീരയോദ്ധാക്കൾ രണഭൂമിയിൽ മരിച്ചുവീണു എന്നാണു കണക്ക്. പരുക്കേററവരുടെ സംഖ്യ തിട്ടപ്പെടുത്തിയിട്ടില്ല. യുദ്ധത്തിനു ചൂടു പിടിച്ചതനുസരിച്ച് സമരരംഗങ്ങൾ മാറിമാറിക്കൊണ്ടിരുന്നു 1915 ഏപ്രിൽ മുതൽ 1916 ജനുവരി വരെ Gallipoli (ഗാല്ലിപ്പൊളി) എന്ന ഉപദ്വീപായിരുന്നു രണാങ്കണം. അവിടെ ബ്രിട്ടീഷ് പട്ടാളത്തിൻെറ മുൻനിരയിൽനിന്നു ധൈര്യസമേതം ശത്രുക്കളെ എതിർത്തിരുന്ന ഒരു യോദ്ധാവായിരുന്നു ജോൺ ട്രെയ്നർ (John Traynor).

ശത്രുപക്ഷത്തുനിന്നും ചീറിപ്പാഞ്ഞുവന്ന ഒരു വെടിയുണ്ട ട്രെയ്നറുടെ നേരെ. ഉയർത്തിപ്പിടിച്ചിരുന്ന വലതുകരത്തിൻെറ അകവശത്താണ് അതു തുളച്ചുകയറിയതു്. കൈപ്പലക വരെ അതു പായുകയും ചെയ്തു. അവശനായി നിലംപതിച്ച ട്രെയ്നറെ ശുശ്രൂഷാസങ്കേതത്തിലേക്ക് ആളുകൾ എടുത്തുകൊണ്ടുപോയി. സൈനികഡോക്ടറന്മാർ പലരും അദ്ദേഹത്തെ പരിശോധിച്ചു. വലത്തെ കൈയ് ജീവൻ നശിച്ചു തളർന്നുപോയി എന്നും അതു ഛേദിച്ചുകളഞ്ഞെങ്കിലേ ആളു ജീവിക്കയുള്ളു എന്നുമായിരുന്നു ഡോക്ടറന്മാരുടെ അഭിപ്രായം. കൈ കണ്ടിച്ചുകളഞ്ഞിട്ടു ജീവിക്കേണ്ടതില്ലെന്നു ട്രെയ്നറും പറഞ്ഞു.

---

വേണ്ടി പതിമൂന്നാം ഗ്രിഗോരിയോസ് മാപ്പാപ്പാ പരിശുദ്ധ ജപമാലയുടെ തിരുനാൾ ആരംഭിച്ചു. ഒക്ടോബർ മാസത്തിലെ ആദ്യഞായറാഴ്ചയാണ് ഈ തിരുനാൾ ആഘോഷിച്ചുവരുന്നതു്. വി. പത്താം പീയൂസ് അതു് ഒക്ടോബർ 7-ാംതീയതി ആണ്ടുതോറും ഘോഷിക്കണമെന്നു കല്പിച്ചു. കാൽക്കൽ മുട്ടുകുത്തിനിന്ന ചെറുപുഷ്പത്തെ നോക്കി പുഞ്ചിരി തൂകിയ പതിമൂന്നാം ലെയോ മാർപ്പാപ്പായാണ് "പരിശുദ്ധജപമാലയുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്ന മനോഹരമായ സുകൃതജപം ലുത്തിനിയായിൽ കൂട്ടിച്ചേർത്തു്.

കൊച്ചുത്രേസ്യാ ജപമാലഭക്തിയുടെ ശക്തിയും മാഹാത്മ്യവും നല്ലപോലെ മനസ്സിലാക്കിയിരുന്നു. വേദഞെരുക്കളും പാഷണ്ഡതകളും വിജയപൂർവ്വം എതിരിടുന്നതിനു ക്രിസ്ത്യാനികൾ ഉപയോഗിച്ച ഒരു വിശിഷ്ടായുധമാണ് ജപമാല. ചഞ്ചലഹൃദയരായി പകച്ചുനിന്ന വിശ്വാസികൾക്ക് വിശ്വാസസ്ഥിരതയും ധൈര്യവും പ്രാപിച്ചുകൊടുത്തതും ഈ ജപമാല തന്നെ. പല രാജ്യങ്ങളിലും തിരുസ്സഭ പീഡിപ്പിക്കപ്പെടുകയും കമ്യൂണിസം തേർവാഴ്ച നടത്തുകയും നിരീശ്വരത്വവും നിർമ്മതത്വവും ശിശുഹൃദയങ്ങളിൽ കുത്തിവെയ്ക്കപ്പെടുകയുംചെയ്യുന്ന ആധുനികകാലത്തു് ജപമാല ഒഴിച്ചുകൂടാൻപാടില്ലാത്ത ശക്തിയേറിയ ഒരായുധമാണ്. കൊന്തമണികൾ ഉരുട്ടുന്നതോടൊപ്പം നമ്മുടെ ദിവ്യനാഥൻെറ രക്ഷണീയ രഹസ്യങ്ങളെപ്പററി അനുദിനം ധ്യാനിക്കുന്ന ഒരുവൻ ക്രിസ്തുനാഥനിൽനിന്നു വേർപിരിഞ്ഞുപോകാൻ ഒരിക്കലും ഇടവരുകയില്ല. ദിവ്യരക്ഷകനോടും അമലോത്ഭവമാതാവിനോടും ഗാഢമായ സ്നേഹം പുലർത്തുവാൻ കൊച്ചുത്രേസ്യായ്ക്കു സാധിച്ചതിൻെറ ഒരു പ്രധാന കാരണം അവൾ അനുദിനം ജപമാലയുടെ രഹസ്യങ്ങളെപ്പററി ധ്യാനിച്ചിരുന്നതാണ്. പരിശുദ്ധജനനി മനുഷ്യവർഗ്ഗത്തിൻെറ വീണ്ടെടുപ്പിൽ വഹിച്ചഭാഗം ചെറുപുഷ്പത്തിൻെറ ചിന്താവിഷയമായിരുന്നു. വിശുദ്ധയെ അനുകരിച്ച് പരിശുദ്ധ ജപമാല അനുദിനം യോഗ്യതയോടെ ചൊല്ലുന്നതിനും അതിൻെറ രക്ഷണീയരഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനും ഉള്ള അനുഗ്രഹം ചെറുപുഷ്പം തന്നെ ജപമാലരാജ്ഞിയിൽ നിന്നും നമുക്കു പ്രാപിച്ചുതരട്ടെ.

അനേകം വിദഗ്ദ്ധ ഡോക്ടറന്മാരുടെ ശ്രദ്ധാവിഷമായിത്തീന്നു ട്രെയ്നർ. കൈ ഛേദിച്ചുകളയാതെ അദ്ദേഹത്തെ സുഖപ്പെടുത്തുവാൻ കഴിയുമോ എന്നായിരുന്നു നിരീക്ഷണ പരീക്ഷണങ്ങൾ. കപ്പലിൽ വച്ച് സർ ഫ്രെഡറിക് ട്രെവെസ് (Sir Frederick Treves) മേജർ റോസ്സ് (Major Ross) എന്ന ഭിഷഗ്വരന്മാരും ഇംഗ്ലണ്ടിൽ എത്തിക്കഴിഞ്ഞ് അവിടത്തെ ഒരാശുപത്രിയിൽ വച്ച് ഡോക്ടർ മക്മുറേ (Dr. McMurray), മേജർ മോണ്ട് സെറാററ് (Major Mont serat) എന്നീ വിദഗ്ദ്ധന്മാരും അദ്ദേഹത്തിൻെറ വലംകൈയ്ക്കു ശസ്ത്രക്രിയ നടത്തുകയും അതിനു ജീവൻ കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ നിഷ്ഫലമായിപ്പോയി എല്ലാം. ഒടുവിൽ സൈനികഡോക്ടർ ഗവണ്മെൻറിലേക്കയച്ചു ഒരു സർട്ടിഫിക്കററ്. "ജോൺ ട്രെയ്നറുടെ വലംകൈ ഉപയോഗശൂന്യമായിരിക്കുന്നു. ഇനി അതു സുഖം പ്രാപിക്കയില്ല." ജീവിതകാലം മുഴുവനും ശമ്പളത്തോളം വരുന്ന തുക പെൻഷനായി അദ്ദേഹത്തിനു നൽകുവാനായിരുന്നു ഗവണ്മെൻറിൻെറ ആജ്ഞ.

ദിവസങ്ങൾ കഴിയുംതോറും ട്രെയ്നറുടെ സ്ഥിതി കൂടുതൽ കൂടുതൽ മോശമായിക്കൊണ്ടിരുന്നു എങ്കിലും ആറു കൊല്ലത്തിനിടയ്ക്ക് അഞ്ച് ആശുപത്രികളിലെ പരിക്ഷണങ്ങൾക്കുകൂടി അദ്ദേഹം വിധേയനാകുകയുണ്ടായി. പഴയ രോഗങ്ങൾക്കു യാതൊരു ശമനവുമുണ്ടായില്ലെന്നു മാത്രമല്ല, ഒരു പുതിയ രോഗം കൂടി ഇതിനകം ട്രെയ്നറെ ബാധിച്ചു. അപസ്മാരരോഗിയെപ്പോലെ ദിവസത്തിൽ മൂന്നു പ്രാവശ്യംവീതം അദ്ദേഹം ബോധരഹിതനായി വീഴുവാൻ തുടങ്ങി. രണ്ടു കാലിനുംകൂടി തളർച്ചപിടിപെടുകയും ചെയ്തു. 8 കൊല്ലമായി അദ്ദേഹം വലതുകൈ അനക്കിയിട്ട്. ഈ സ്ഥിതിയിൽ സ്പ്രിംഗ്ഫിൽഡ് (Spring field) ആശുപത്രിയിലേക്ക് ട്രെയ്നർ ആനയിക്കപ്പെട്ടു. ബോധരാഹിത്യത്തെ തടയുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ തലയോട് അവർ തുരന്നുവച്ചു. ചുമയ്ക്കുമ്പോഴും ശ്വാസം വിടുമ്പോഴും ആ സുഷിരത്തിൽകൂടി തള്ളിവരും തലച്ചോറ്. ഔഷധങ്ങളുടെയോ വൈദ്യശാസ്ത്രത്തിൻെറയോ പിടിയിയിൽ ഒതുങ്ങുന്നതല്ല ട്രെയ്നറുടെ രോഗം എന്നു ഡോക്ടറന്മാർ അവസാനമായി വിധിയെഴുതി. മരിക്കുവാൻ



(ലേഖകൻ)

വേണ്ടി ലിവർപ്പൂളിലുള്ള (Liverpool) സ്വന്തഗൃഹത്തിലേക്ക് അദ്ദേഹം പോരുകയുംചെയ്തു.

1915-ൽ ഒന്നാം ലോകമഹായുദ്ധത്തിലെ ഒരു ധീരയോദ്ധാവായിരുന്നു ജോൺ ട്രെയ്നർ. എന്നാൽ 1923-ൽ ഒരു കിടക്കയിൽ പററിപ്പിടിച്ചുകിടക്കുവാനേ അദ്ദേഹത്തിനു കഴിയുമായിരുന്നുള്ളു. കാലോ, കൈയോ അനക്കുവാൻ വയ്യാ. എന്നാൽ ഇളക്കമുണ്ടാകുമ്പോൾ കാലും കൈയും കോടുകയും പിരിയുകയും ചെയ്യും. ഒരാൾ എപ്പോഴും അടുത്തുനിൽക്കണം. മറെറാരാൾ ഒഴിച്ചുകൊടുക്കുന്ന പാൽ മാത്രമേ ഭക്ഷണമുള്ളു. ശരീരം മെലിഞ്ഞ് അസ്ഥിമാത്രശേഷനായി. അദ്ദേഹത്തിൻെറ മരണത്തെ പ്രതീക്ഷിച്ച് ഭാര്യയും മകളും ദിവസങ്ങൾ തള്ളിവിട്ടുകൊണ്ടിരിക്കയാണ്.

1923 ജൂലൈ. ഒരു പുതിയ വാർത്തയുമായിട്ടാണ് അന്നു മിസ്സുസ് കണ്ണിങ്ങാം (Mrs. Cunningham) ആ വീട്ടിലേക്കു കയറിവന്നതു്. "നിങ്ങളറിഞ്ഞോ; ലിവർപ്പൂൾ രൂപതയിൽനിന്നും ഒരു തീർത്ഥകസംഘം ലൂർദ്ദിലേക്കു പോകുന്നതു്?" ലൂർദ്ദ് എന്നു കേട്ടപ്പോൾ ട്രെയ്നറുടെ മുഖത്ത് ഒരു പ്രകാശം ഉദിച്ചു. സാമ്പത്തികമായ തൻെറ കഴിവുകൾ നശിച്ചിരിക്കയാണെന്ന് അദ്ദേഹത്തിനറിയാമായിരു

നെങ്കിലും അദ്ദേഹം കിടക്കയിൽ കിടന്നുകൊണ്ടു തന്നെ ചോദിച്ചു: "ഒരാൾക്കു് എന്തു ചെലവുവരും?" മിസ്സസ് കന്നിങ്ങാം തീത്ഥകസംഘത്തിനു വേണ്ടി പ്രചാരണവേല നടത്തുന്ന ഒരാളായിരുന്നു. "എല്ലാം കൂടി 13 പവൻ ഒരു പവൻ മുമ്പേകൊടുത്താൽ ഒരാളുടെ സ്ഥാനം റിസേർവ്വു ചെയ്യുകിട്ടു" ആ മഹിളാരത്നത്തിന്റെ മറുപടി. അവരുടെ സംഭാഷണം മിസ്സസ് ട്രെയനർ കേൾക്കയുണ്ടായില്ല. ഭർത്താവിന്റെ വിളികേട്ടു് അവർ ക്ഷണം അകത്തേക്കോടി വന്നു. അപ്പോൾ അദ്ദേഹം പറയുകയാണു്: "പ്രിയേ, ഈ മാസത്തെ തീത്ഥകസംഘത്തോടുകൂടി ഞാൻ ലൂർദ്ദിലേക്കൊന്നു പോകാൻ വിചാരിക്കയാണു്. രണ്ടാം നിലയിൽ കയറി ആ പെട്ടിയിൽ വച്ചിരിക്കുന്ന ഒരു പവൻ എടുത്തു നമ്മുടെ അയൽക്കാരിയെ ഏല്പിക്കുക. അതു ടിക്കററിനുള്ള അഡ്വാൻസാണു്."

ഭർത്താവു ഭ്രാന്തു പറയുകയാണോ എന്നു സംശയിച്ചു നിന്നുപോയി മിസ്സസ് ട്രെയ്നർ. അദ്ദേഹത്തിന്റെ ദൃഢനിശ്ചയമാണെന്നറിഞ്ഞപ്പോൾ എതിരൊന്നും പറയാതെ അവർ പവനെടുത്തു് മിസ്സസ് കന്നിങ്ങാമിനെ ഏല്പിച്ചു കാട്ടുതീപോലെ പരന്നു. മരണത്തിന്റെ കവാടത്തിൽ എത്തിയിരിക്കുന്ന ട്രെയ്നർ തീത്ഥകസംഘത്തോടൊന്നിച്ചു് ലൂർദ്ദിലേക്കു പോകുന്നുവെന്നു്. സംഘത്തിന്റെ നേതൃത്വം വഹിച്ചിരുന്ന വൈദികൻ ആശങ്കാകുലനായി. ട്രെയ്നർ ലൂർദ്ദിലേക്കുപോകുന്ന വഴിക്കുവച്ചുതന്നെ മരിക്കുന്ന പക്ഷം പിന്നത്തെ സ്ഥിതി എന്തു്? ആ പ്രശ്നം അദ്ദേഹം ഉന്നയിച്ചപ്പോൾ എവരും ഭയചകിതരായി. ട്രെയ്നറെ അദ്ദേഹത്തിന്റെ സാഹസത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനും പവൻ തിരിയെ കൊടുക്കുന്നതിനുമുള്ള ചുമതല വൈദികൻ തന്നെ കൈയേൽക്കാമെന്നു സമ്മതിച്ചു. അദ്ദേഹം ട്രെയ്നറെ കണ്ടു പറയുകയാണു്: "മി. ട്രെയ്നർ, ഞാൻ ഒരു കാര്യം തുറന്നുപറയുന്നതു ക്ഷമിക്കണം. ഒരു ശവവുമായി ലൂർദ്ദിലേക്കു യാത്ര ചെയ്യുവാൻ ഇഷ്ടമില്ലെന്നു് സംഘാംഗങ്ങൾ പറയുന്നു. താങ്കൾക്കു താങ്കളുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി പൂർണ്ണബോധ്യമുണ്ടെന്നാണെന്റെ വിശ്വാസം. താങ്കൾ ഇവിടെ കിടന്നാലും മാതാവിനു് ഒരത്ഭുതം ചെയ്യരുതോ? താങ്കൾ ഇവിടെ കിടന്നുകൊണ്ടു പ്രാർത്ഥിക്കുക. ഞങ്ങളും പ്രാർത്ഥിക്കാം." ഈ വാദമുഖങ്ങളൊന്നും ട്രെയ്നറുടെ തലയിലേക്കു കയറിയില്ല. അദ്ദേഹം പറഞ്ഞു: "അച്ചൻ എന്റെ അഡ്വാൻസ് സ്വീകരിച്ചില്ലേ? ഇനി ഞാൻ നിയമത്തേൽ നിൽക്കുന്നു. എനിക്കുള്ള സ്ഥാനം എനിക്കു ലഭിക്കണം. ലൂർദ്ദിലേക്കു ഞാൻ പോകുകതന്നെ ചെയ്യും.

ലൂർദ്ദിൽ ചെല്ലുന്ന രോഗികൾ ഒരു ഡോക്ടരുടെ സാക്ഷിപത്രം വാങ്ങിച്ചിരിക്കണമെന്നുള്ളതു് അലംഘനീയമായ ഒരു വ്യവസ്ഥയാണു്. ഡോക്ടർ ടർണർ (Dr. Turner), ഡോക്ടർ മക്കോണൽ (Dr. Mcconnell), ഡോക്ടർ അയിക്കൻ (Dr. Aiken), ഇങ്ങനെ മൂന്നു ഭിഷഗ്വരന്മാരുടെ മേൽനോട്ടത്തിലായിരുന്നു ട്രെയ്നർ. യാത്ര അപകടകരമാണെന്നു പറഞ്ഞു് മൂന്നുപേരും സാക്ഷിപത്രം നൽകിയില്ല അക്കാര്യം ഗ്രഹിച്ചു് വൈദികൻ വീണ്ടും വന്നുപറഞ്ഞു ട്രെയ്നർ തന്റെ യാത്രാപരിപാടി ഉപേക്ഷിക്കണമെന്നു്. എന്നാൽ ട്രെയ്നർ കരിങ്കല്ലുപോലെ ഉറച്ചുനിന്നു തന്റെ നിശ്ചയത്തിൽ. ആഭരണങ്ങൾ പണയംവച്ചു് മിസ്സസ് ട്രെയ്നർ പന്ത്രണ്ടു പവൻ കൂടി ഉണ്ടാക്കി.

നാലഞ്ചു പേർകൂടി ഒരു സ്ട്രെച്ചറിൽ ട്രെയ്നറെ എടുത്തുകൊണ്ടുപോയി റെയിൽവേസ്റ്റേഷനിൽ വച്ചു ജനബാഹുല്യംമൂലം ആദ്യത്തെ ട്രെയിനിൽ ട്രേയ്നറിനു പ്രവേശനം ലഭിച്ചില്ല. അദ്ദേഹത്തിന്റെ സ്ഥിതി കൂടുതൽ പരിതാപകരമായിരുന്നു അപ്പോൾ. സംഘത്തിന്റെ നേതാവായ വൈദികൻ ഒരിക്കൽകൂടി ട്രെയ്നറെ സമീപിച്ചുകൊണ്ടുപറഞ്ഞു: "പ്രിയസ്നേഹിതാ, ആരോഗ്യമുള്ളവർക്കു പോലും ഇന്നത്തെ യാത്ര ക്ലേശകരമാണു്. താങ്കൾ ഈ സ്ഥിതിയിൽ യാത്രചെയ്യുന്നതു് ഡോക്ടറന്മാർ പറഞ്ഞതുപോലെ, ആത്മഹത്യാപരമായിരിക്കും. അതുകൊണ്ടു ഞാൻ അവസാനമായി സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു, വീട്ടിലേക്കു തിരിയെപോകുക എന്നു്". അത്യപ്തിജനകമായിരുന്നു ആ ശുപാശ ട്രെയിനർക്കു്. അദ്ദേഹം പറഞ്ഞു: "കൽക്കരി ഇട്ടിരിക്കുന്ന വണ്ടിയിൽ എനിക്കൊരു സ്ഥലം കിട്ടിയാലുംമതി: എങ്ങനെയും ഞാൻ ലൂർദ്ദിൽ എത്തുവാൻ ഉറച്ചു. അച്ചൻ ദയവുചെയ്തു് എന്നെ തടയരുതു്".

രണ്ടാമത്തെ ട്രെയിനിൽ കയറുവാൻ സാധിച്ചു ട്രെയിനർക്കു്. എന്നാൽ വഴിക്കുവച്ചു പലപ്രാവശ്യവും മരണലക്ഷണങ്ങൾ കാണിച്ചതിനാൽ ട്രെയിനിൽ

നിന്നും അദ്ദേഹത്തെ ഇറക്കി ഒരാശുപത്രിയിൽ ആക്കണമെന്ന് ട്രെയിൻ അധികാരികൾക്കു തോന്നി. പക്ഷെ ആശുപത്രികളൊന്നും അടുത്തില്ലാഞ്ഞതിനാൽ അദ്ദേഹത്തെ വച്ചുകൊണ്ടുതന്നെ ട്രെയിൻ മുന്നോട്ടു നീങ്ങേണ്ടിവന്നു

1923 ജൂലൈ 22. ട്രെയ്നർ ലൂർദ്ദിൽ എത്തിയപ്പോൾ വളരെ അവശനായിട്ട്. അസിൽ (Asiie) ആശുപത്രിയിൽ അദ്ദേഹത്തിന് പ്രവേശനം കിട്ടി. മയക്കു മരുന്നു കൊടുത്ത് അദ്ദേഹത്തിന്റെ വേദന ശമിപ്പിക്കുവാൻ അവർക്കു സാധിച്ചു. ജൂലൈ 24-ാംനു-യാണ് അദ്ദേഹത്തെ അവർ പരിശോധിച്ചത്. മൂന്നു സുപ്രസിദ്ധ ഡോക്ടറന്മാർ കൂടി അദ്ദേഹത്തെപ്പററി ചെയ്ത പ്രഖ്യാപനം, ഔഷധങ്ങൾകൊണ്ട് ട്രെനർക്കു സുഖം ലഭിക്കയില്ലെന്നാണ്. ലൂർദ്ദിൽ വന്നതിനു ശേഷം അദ്ദേഹത്തിന്റെസ്ഥിതി വളരെ ഗുരുതരമായി. കൂടെക്കൂടെ ഇളക്കവും രക്തഛർദ്ദിയും ഉണ്ടായിക്കൊണ്ടിരുന്നു. എങ്കിലും 9 പ്രാവശ്യം അദ്ദേഹത്തിനു ലൂർദ്ദിലെ അരുവിയിൽ മുങ്ങുവാൻ സാധിച്ചു എന്നതു് ഒരു വലിയ നേട്ടമാണ്. രണ്ടാമത്തെ കുളിയോടുകൂടി ഇളക്കം പരിപൂർണ്ണമായി നിലച്ചു. പക്ഷേ അതിനു ശേഷം സ്ഥിതിവ്യത്യാസങ്ങളൊന്നുമുണ്ടായില്ല

1923ജൂലൈ 25. ട്രെയ്നർ നിരാശനായി ആശുപത്രി വാർഡിൽ കിടക്കയായിരുന്നു. 27-ാംനു-യാണ് അവിടെനിന്നും തിരിച്ചുപോകേണ്ട ദിവസം. ഒരുത്തമ കത്തോലിക്കനായിരുന്ന ട്രെയ്നർ ദൈവഹിതത്തിനു സസന്തോഷം കീഴ്‌വഴങ്ങി. ലൂർദ്ദിലേക്കുള്ള തന്റെ യാത്രാസ്മാരകമായി ഭാര്യയ്ക്കും കുട്ടികൾക്കും എന്തെങ്കിലും വാങ്ങിക്കൊണ്ടു പോകണമെന്നു അദ്ദേഹം വിചാരിച്ചു. അപ്പോൾ ആ വഴിയേ വന്ന ഒരു കച്ചവടക്കാരനിൽനിന്നും കുറേ കൊന്തയും കാശുരൂപവും ട്രെയ്നർ വാങ്ങി. അതു ബാഗിൽ സൂക്ഷിച്ചുവക്കുവാൻ കഴിയുന്നതിനുമുമ്പേ അരുവിയിൽ മുങ്ങുവാനുള്ള മുന്നറിയിപ്പു ലഭിച്ചു.

9-ാമത്തെ കുളി. എന്തു സംഭവിക്കുമോ? അത്തവണ എന്തോ പരിവർത്തനം കാലിനും കൈയ്ക്കും ഉണ്ടായി എന്ന് ട്രെയ്നർക്കു തോന്നി. അദ്ദേഹത്തിന്റെ കാലും കൈയും ശക്തിയായി വിറക്കുന്നതു കണ്ടപ്പോൾ ഇളക്കം വരാൻ പോകുന്നു എന്നാണ് പരിചാരകന്മാർ വിചാരിച്ചതു്. അവർ വെള്ളത്തിൽ നിന്നും കരയ്ക്കുകയററി അദ്ദേഹത്തെ സ്ട്രെച്ചറിൽ കിടത്തി കൊന്ത മാതാവിന്റെ പള്ളി അങ്കണത്തിലേക്കു കൊണ്ടുപോയി. വൈകുന്നേരം നാലുമണിക്കാണ് കുർബാനയുടെ പ്രദക്ഷിണം. അവിടെ, രോഗികളെയെല്ലാം തത്സമയം ഇരുവശങ്ങളിലും നിരനിരയായി കിടത്തിയിരിക്കും. റെയിംസിലെ (Rheims) മെത്രാപ്പോലീത്തായാണ് പ്രദക്ഷിണത്തിൽ കുർബാനവഹിക്കുന്നതു്. അദ്ദേഹം ഓരോ രോഗിയുടേയുംമുമ്പിൽ വന്നുനിന്ന് അവർക്ക് കുർബാനയുടെ വാഴ്‌വ് നൽകും. അന്ന് ഏററം ഒടുവിലായി കിടന്നിരുന്ന ട്രെയ്നർക്കും ലഭിച്ചു കുർബാനയുടെ ആശീർവാദം

ട്രെയ്നറുടെ ജീവിതത്തെ ഒന്നു കുലുക്കി ആ സംഭവം. 1915-ൽ നിർജ്ജീവമായതാണ് അദ്ദേഹത്തിന്റെ വലത്തെകൈയ്. എന്നാൽ 1923ജൂലൈ 25-ാംനു- വൈകുന്നേരം ആ കൈയ്ക്ക് ഒരുജീവൻ വീണതുപോലെതോന്നി. ഇടതുകൈകൊണ്ട് അതിന്റെ കെട്ടുകളെല്ലാം അദ്ദേഹംതന്നെ അഴിച്ചു ആരോഗ്യം തോന്നിയതു കൊണ്ട് സ്ട്രെച്ചറിൽനിന്നും എഴുന്നേൽക്കുവാനും ഒരു ശ്രമം നടത്തി. എങ്കിലും പരിചാരകന്മാർ അതിനൊന്നും സമ്മതിച്ചില്ല. അവർ അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോയിക്കിടത്തി ഉറങ്ങുവാനുള്ള മരുന്നു കുത്തിവയ്ക്കുകയും ചെയ്തു. അത്ഭുതങ്ങൾ കാണുവാൻ കൊതിയുള്ളവരല്ല ലൂർദ്ദിലെ പഴക്കമുള്ള പരിചാരകന്മാർ

ജൂലൈ 26-ാംനു- വെളുപ്പിന് കുരിശു മണി അടിച്ചപ്പോൾ ട്രെയ്നർ ചാടിഎഴുന്നേററ മുട്ടിന്മേൽ നിന്നു കൊന്തയുടെ ഒരു രഹസ്യം ചൊല്ലിത്തീർത്തിട്ട് അദ്ദേഹം വാതിൽക്കലേക്കു ഓടി. കാവൽ നിന്നിരുന്ന രണ്ടു പരിചാരകന്മാരെ തട്ടിമാററിയിട്ട് ഗ്രോട്ടോയുടെ നേർക്ക് അതിവേഗം നടന്നു. എട്ടുകൊല്ലമായി ഒരു ചുവടുവച്ചിട്ടില്ലാത്ത ആ മനുഷ്യൻ ഒരു യുവാവിനെപ്പോലെ കുതിക്കുന്നതു കണ്ടപ്പോൾ അവർ ഭയചകിതരായിപ്പോയി. അദ്ദേഹത്തിന്റെ പുറകേ അവരും പാഞ്ഞു: പക്ഷേ ട്റെയ്നറുടെ ഒപ്പം നിൽക്കുവാൻ അവർക്കു കഴിഞ്ഞില്ല. അദ്ദേഹം മാതാവിന്റെ സ്വരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി20 മിനിട്ടുനേരം പ്രാർത്ഥിച്ചു. ഈ സമയംകൊണ്ട് ട്റെയ്നറുടെ അത്ഭുതകരമായ രോഗശമനത്തെപ്പററി അറിയാത്തവർ അസിൽ ആശുപത്രിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം മുട്ടിന്മേൽ നിന്നു എഴുന്നേററപ്പോൾ കണ്ടതു് തിങ്ങിക്കൂടിയിരിക്കുന്ന ഒരു ജനക്കൂട്ടത്തെയാണ്. അവരുടെ എല്ലാവ

രുടെയും കണ്ണുകൾ അദ്ദേഹത്തിൽ പതിഞ്ഞിരിക്കുന്നു. ലൂർദ്സന്ദർശിക്കുവാൻവന്ന പ്രശസ്തനായ ഒരു അതിഥിയുടെസ്ഥാനമാണ് ടെയ്നർക്കു പിന്നീടവിടെ ലഭിച്ചതു്. അദ്ദേഹം നടന്നുപോകുന്ന വഴിയിൽനിന്നും ആളുകൾ ഒഴിഞ്ഞുനിൽക്കും. എന്നാൽ പുറകേ ഒരു വലിയ സംഘം ആളുകൾ കൂടിയിരിക്കയാണ്. ജനക്കൂട്ടത്തിൽനിന്നും രക്ഷപ്പെടുവാൻ മാർഗ്ഗമാലോചിച്ചു കൊണ്ടിരുന്നപ്പോൾ ഒരു വൈദികൻ വാർഡിനകത്തേക്കു കയറിവന്നു. അസിൽ ആശുപത്രികപ്പേളയിൽ കുർബാന ചൊല്ലുവാൻ വന്നിരുന്ന ഫാദർ ഗ്രേ (Gray) ആയിരുന്നു അദ്ദേഹം. കുർബാനയിൽ ശുശ്രൂഷിയായി സഹായിക്കുവാൻ അവിടെ ആരെങ്കിലും കഴിയുമോ എന്നറിയുവാനായിരുന്നു അദ്ദേഹം വന്നതു്. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിൻെറ അടുക്കൽ പോയി വിശ്രമിക്കാമല്ലോ എന്നുകരുതി ടെയ്നർ കുർബാനയ്ക്കു കൂടുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. പലപ്പോഴും നിൽക്കുകയും മുട്ടുകുത്തുകയും ചെയ്യേണ്ട ഒരു സാഹചര്യം! ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ ആരോഗ്യവാനായിത്തീർന്ന ടെയ്നർ തൻെറ സേവനം ആദ്യമായി പ. കുർബാനയുടെ മുമ്പിൽ തന്നെ അർപ്പിക്കാമെന്നു കരുതിയതുചിതം തന്നെ. കുർബാന കണ്ടവരെല്ലാം ദിവ്യപൂജയ്ക്കു് സഹായിച്ച ആളെ മനസ്സിലാക്കി. വാചാമഗോചരമായിരുന്നു അവരുടെ വിസ്മയം. രോഗവിമുക്തനായ ടെയ്നറെ ഒന്നു കാണുന്നതും, അദ്ദേഹത്തിൻെറ ഉടുപ്പേൽ ഒന്നു തൊടുന്നതും ഒരു കൈയ്യൊപ്പു വാങ്ങിക്കുന്നതും മഹാഭാഗ്യമായി പലരും കരുതി. ഫാദർ ഗ്രേയുടെ കുർബാനയിൽ ശുശ്രൂഷിയുടെ സ്ഥാനത്തു നിൽക്കുന്ന ടെയ്നറെ കണ്ടപ്പോൾ ലിവർപ്പൂൾ തീർത്ഥകസംഘനേതാവിൻെറ ഹൃദയത്തിൽ ഒരു മിന്നൽപിണർ പാഞ്ഞു. എല്ലാവരുടെയും മുമ്പിൽവച്ചു തൻെറ കുററം ഏററു പറഞ്ഞുകൊണ്ടു് ആ വൈദികൻ ട്റെയ്നറോടു മാപ്പിരന്നു.

1923 ജൂലൈ 27: ലിവർപ്പൂൾ തീർത്ഥകസംഘം മടങ്ങുവാനുള്ള തീയതിയായിരുന്നു. സന്തോഷസന്താപസമ്മിശ്രമായ വികാരങ്ങൾക്കിടയിൽ ദീപ്തകങ്ങളായിരുന്നു അവരുടെ മുഖങ്ങൾ, കൃതാർത്ഥതകൊണ്ടു് ടെയ്നറുടെ രോഗശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാത്തവരായി അക്കൂട്ടത്തിൽ ആരുമുണ്ടായിരുന്നില്ല. ഇത്ര വലിയ ഒരനുഗ്രഹം നൽകി തങ്ങളുടെ സംഘത്തെ ബഹുമാനിച്ചതിൽ ദിവ്യജനനിയോടു് അവർക്കുള്ള കൃതജ്ഞത സീമാതീതമാണ്. നാലുദിവസംമുമ്പു് സ്ട്രെച്ചറിൽ മരണാസന്നനായി കിടന്നിരുന്ന ടെയ്നർ ആരോഗ്യത്തിൻെറ ഒരു സജീവചിത്രമെന്നോണം അവരുടെ ഇടയിൽ ഇതാ നിൽക്കുന്നു! ടെയ്നറെ തീവണ്ടിയിൽ കയററി യാത്രയാക്കുവാൻ വിവിധ രാജ്യക്കാരായി ലൂർദ്ദിൽ വന്നുചേർന്നിരുന്ന എല്ലാ ആളുകളും അന്നവിടെ കൂടിയിട്ടുണ്ടായിരുന്നു. സ്വന്തം നാട്ടിനോടും വീട്ടിനോടും യാത്രപറഞ്ഞുപോലെ പോകുന്നവർക്കു്, സ്വന്തക്കാരെ യാത്ര അയയ്ക്കുന്നതുപോലെ അവിടെ കൂടിയിരുന്നവർക്കും തോന്നി. മൂന്നു ഡോക്ടറന്മാർ കൂടി പരിശോധിച്ചു് നൽകിയ സാക്ഷിപത്രവുമായിട്ടാണ് ടെയ്നർ അന്നു രാവിലെ 9 മണിക്കുള്ള ട്രെയിനിൽ ലിവർപ്പൂളിലേക്കു് പുറപ്പെട്ടതു്.

ടെയ്നറുടെ മൃതശരീരത്തെ സ്വാഗതം ചെയ്യേണ്ടിവരുമല്ലോ എന്ന സങ്കടത്തോടുകൂടി കഴിഞ്ഞു കൂടിയിരുന്ന ഒരു കുടുംബത്തിലാണ് ജൂലൈ 25-ാംനു-രാത്രിയിൽ ഒരു കമ്പികിട്ടിയതു്. മിസ്സസ് ടെയ്നറുടെയും കുഞ്ഞുങ്ങളുടെയും കണ്ണുകൾ നിറഞ്ഞു. മരണവാർത്ത എന്നുതന്നെ അവർക്കുതോന്നി. അതു പൊട്ടിച്ചപ്പോൾ ആ മഹിളാരത്നത്തിൻെറ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. തുറന്നപ്പോഴേ കണ്ടതു് "അത്ഭുതരോഗശാന്തി" ആ കണ്ണുകളിൽ സന്താപത്തിൻെറ കണ്ണുനീർ വററിനിന്നുപോയി. മിസ്സസ് ടെയ്നർ കുഞ്ഞുങ്ങളെയും കൂട്ടിക്കൊണ്ടു് മാതാവിൻെറ തിരുസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി ഒരു കൊന്തജപം എത്തിച്ചുകാഴ്ചവച്ചു. അന്നത്തേപ്പോലെ എരിവുള്ള പ്രാർത്ഥന അവർ അതിനുമുമ്പു നടത്തിയിട്ടുണ്ടോ എന്നു സംശയം. കണ്ണാകണ്ണികയാ ടെയ്നറുടെ അത്ഭുതരോഗശാന്തി ലിവർപ്പൂൾ പട്ടണം മുഴുവനും അറിഞ്ഞു.

ലിവർപ്പൂൾ റെയിൽവേസ്റ്റേഷൻ. ഗംഭീരമായ ആ തീവണ്ടിയുടെ ശ്വാസം കുറഞ്ഞുകുറഞ്ഞുവന്നു. അഭൂതപൂർവ്വമായ ഒരു ജനക്കൂട്ടമാണ് അവിടെ കൂടിയിരുന്നതു്. ടെയ്നറെ ഒരു നോക്കു കാണുന്നതിനും അദ്ദേഹത്തോടു് ഒരു വാക്കു് സംസാരിക്കുന്നതിനുമുള്ള ആകാംക്ഷയോടുകൂടിയാണ് ആ ജനക്കൂട്ടം അവിടെ നിൽക്കുന്നതു്. അവരെ നിയന്ത്രിക്കുവാനും അവരുടെ

# മതവും കമ്മ്യൂണിസവും

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

പ്രപഞ്ചത്തിലെ സൃഷ്ടികളിൽ പരമോന്നതനാണ് മനുഷ്യൻ. മററു ചരാചരങ്ങളെല്ലാം അവനുവേണ്ടി ദൈവം സൃഷ്ടിച്ചിട്ടുള്ളതാണ്. എന്തുദ്ദേശത്തോടുകൂടി മനുഷ്യനെ ലോകത്തിലേയ്ക്കയച്ചുവോ അതു് സാധിക്കുവാൻ സഹായകമായിട്ടാണ് ഇതര സൃഷ്ടവസ്തുക്കളെ ആ പരമകാരുണികൻ, ദാനമായി മനുഷ്യന് പ്രദാനം ചെയ്തിട്ടുള്ളതു്. ആ കൃപാനിധിയുടെ അഭിലാഷാനുസരണം ജീവിയ്ക്കുകയെന്നതാണ് സാക്ഷാൽ മനുഷ്യധർമ്മം. മാനവസൃഷ്ടിയുടെ പരമോദ്ദേശം, ആധുനികകാലത്തു് പലരും വിസ്മരിച്ചതുപോലെ തോന്നും, അവരുടെ പ്രവർത്തനം കണ്ടാൽ. ശാസ്ത്രം, അത്ഭുതാവഹമായി പുരോഗമിച്ചുവരുന്ന ഈ കാലത്തു്, സാക്ഷാൽ മാനുഷിക ധർമ്മത്തെപ്പററി ചിന്തിക്കുവാൻ ചില പുരോഗമനതത്വചിന്തകന്മാർക്കു സമയമില്ല; അല്ലാ, അതു് അത്ര കാര്യമായി ഗണിയ്ക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യൻ ആരെന്നും, വാസ്തവത്തിൽ മനുഷ്യത്വം എന്തെന്നുമുള്ള അജ്ഞതയാണിതിനു കാരണം.



(ലേഖകൻ)

ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനിൽ ദൈവത്വത്തിന്റെ പ്രതിച്ഛായയായ ഒരു സത്ത സ്ഥിതിചെയ്യുന്നുണ്ടെന്ന് പലരും മറന്നുപോയപോലെ തോന്നുന്നു. വിശിഷ്ടമായ ആ പൂജ്യവസ്തു ഏതു്? അമർത്ത്യമായ ഒരു ആത്മാവു്! എന്നും ജീവിയ്ക്കുന്ന — മരണത്തിനു വിധേയമാകാത്ത ഒരു ദിവ്യസത്ത! സനാതനമായ ഈ അമൂല്യ രത്നമാണ്, സാക്ഷാൽ, മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു്. ആ തേജഃപുഞ്ജത്തിന്റെ ഉജ്വലകിരണങ്ങളാണ്, അന്ധകാരത്തിൽ നമുക്കു പ്രകാശം നൽകുന്നതു്. അതെ, ആത്മീയാന്ധതയിൽ മനുഷ്യമനസ്സിനു വെളിച്ചം നൽകുന്ന അനുപമ ദീപശിഖയാണതു്. കല്ലും മുള്ളും നിറഞ്ഞ തിന്മയുടെ ഊടുവഴിയിൽനിന്നും, നന്മയുടെ പുഷ്പാലംകൃതമായ രാജപാഥയിൽ ചരിക്കുവാൻ പ്രചോദനം നൽകുന്നതു് ആ ദിവ്യചൈതന്യമാണ്. ആത്മാവിന്റെ സ്വരം: നല്ലമനസ്സാക്ഷി: അതാണ് നമ്മെ നല്ലകാര്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിയ്ക്കുന്നതു്.

---

ഇടയിൽ ക്രമം പാലിക്കുവാനും പോലീസും പട്ടാളവും വേണ്ടിവന്നു.

ലൂർദ്ദുനാഥയുടെ സ്തോത്രഗീതങ്ങൾ ആലപിക്കുന്ന ഒരു പാട്ടുപെട്ടിപോലാണ് ആ തീവണ്ടി ലിവർപ്പൂൾ സ്റ്റേഷനിൽ വന്നുനിന്നതു്. അതിൽനിന്നും ഇറങ്ങിയവരെയെല്ലാം പോലീസും പട്ടാളവും കൂടി തെളിച്ചുനിവർത്തിയിരുന്ന വഴിയിൽ കൂടി ക്ലേശരഹിതമായി മുന്നോട്ടുനീങ്ങി. ഒടുവിലാണ് ട്രെയ്നർ വണ്ടിയിൽനിന്നും ഇറങ്ങിയതു്. ജനങ്ങളുടെ ആർപ്പുവിളികളും അട്ടഹാസങ്ങളും കേട്ടപ്പോൾ ട്രെയ്നർക്കു ലജ്ജയായിപ്പോയി. ലൂദ്ദിൽവച്ചു രോഗശാന്തി ലഭിച്ചിട്ടുള്ള അനേകം വ്യക്തികളുമായി അഭിമുഖസംഭാഷണം നടത്തിയിട്ടുള്ള ഒരു മഹതിയാണ് മിസ്സസ് രൂത്തു് ക്രാൻസ്റ്റൺ. “ലൂർദ്ദിലെ അത്ഭുതങ്ങൾ” എന്ന തന്റെ വലിയ ഗ്രന്ഥത്തിൽ അവർ എഴുതിയിരിക്കുന്നു, രോഗശാന്തിയോടുകൂടി ലൂർദ്ദ് നൽകുന്ന വലിയൊരനുഗ്രഹം വിനയസ്വഭാവമാണെന്ന്. ജനങ്ങളുടെ സ്വീകരണംകൊണ്ടും സ്വാഗതംകൊണ്ടും ട്രെയ്നറിൽ അഹന്ത തലപൊക്കിയില്ല. അദ്ദേഹത്തിന്റെ ഏററം വലിയ അഭിമാനം അദ്ദേഹം തൊഴിൽ ചെയ്തു ജീവിതം നയിക്കുന്നുവെന്നും കൊല്ലംതോറും ലൂർദ്ദിൽ പോയി കുറേ നാളത്തേക്ക് രോഗികൾക്കു സേവനം അനുഷ്ഠിക്കുന്നുവെന്നും ഉള്ളതാണ്. ലൂർദ്ദിൽവച്ചു് ഒരു യോദ്ധാവിനെപ്പോലെ അദ്ദേഹം പ്രാർത്ഥനാസമരം നടത്തി. അത്യത്ഭുതകരമായിരുന്നു ആ യോദ്ധാവിന്റെ വിജയം.

ആത്മാവിന്റെ—സ്വതന്ത്രമനസ്സിന്റെ സൽപ്രേരണകൾക്ക് വിധേയമായി നന്മ പ്രവർത്തിക്കുന്നതിനും, തദ്വാരാ മനുഷ്യപുത്രർക്കായി ദൈവം നിശ്ചയിരിക്കുന്ന നിത്യലക്ഷ്യത്തിലെത്തിച്ചേരുന്നതിനും ജീവിതനിയന്ത്രണം ആവശ്യമാണ്. ക്രമീകൃതമായ ആത്മനിയന്ത്രണം വഴി അതു് സാധിയ്ക്കും. ജന്മനാ തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യമനസ്സിനെ വേണ്ടവിധം നിയന്ത്രിച്ച് സദ്പന്ഥാവിലൂടെ നയിയ്ക്കുന്നതു്—നയിക്കേണ്ടതു്—മതമാണ്.

കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ കുതിച്ചു പായുന്ന മാനവമാനസത്തെ നിയന്ത്രണാധീനമാക്കാത്തപക്ഷം, അചിരേണ ആപത്തിൽച്ചാടുമെന്നതു് തീർച്ചയാണ്. കാരണം ലോകത്തിലെ മായാമോഹങ്ങളിലേയ്ക്ക് മനസ്സ സദാ ആകർഷിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുയാണ്, കാന്തവും ഇരുമ്പും പോലെ. ലൗകായതികത്വം ശക്തിപ്രാപിയ്ക്കുംതോറും മനുഷ്യന്റെ ആദ്ധ്യാത്മികനയനങ്ങൾ അന്ധമാകും. അതോടുകൂടി സത്യം അസത്യമായും, നീതി അനീതിയായും, സ്നേഹം ദ്വേഷമായും അവന് അനുഭവപ്പെടും. ഈ വിരോധാഭാസത്തിന്റെ നിരന്തരപ്രവർത്തനത്തിൽ കൂടി മഹത്തമമായ അവന്റെ ജീവിതലക്ഷ്യത്തിൽനിന്നും അവൻ ക്രമാനുഗതമായി അകന്നകന്ന് ജീവിച്ചു മൃഗത്തെപ്പോലെ മരിക്കുവാനിടവരും. ഇതിൽപ്പരം എന്തു് ദുർഭാഗ്യമാണ് ഒരു മനുഷ്യനു നേരിടാനുള്ളതു്?

മൃഗാതിരിക്തമായ വിശേഷബുദ്ധി, മറ്റൊരു ലൗകിക സൃഷ്ടികൾക്കും ദൈവം നൽകിയിട്ടില്ല, മനുഷ്യനൊഴികെ. ഈവിശേഷബുദ്ധിയുടെ പ്രവർത്തനങ്ങൾ നല്ലവഴിക്ക് നയിക്കുക-സത്യപ്രകാശത്തിലേക്കു തിരിച്ചുവിടുക എന്നതാണ് മതത്തിന്റെ കർത്തവ്യം.

ലോകരക്ഷകനായ ക്രിസ്തു പറഞ്ഞു “ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്റെ പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. പ്രത്യുത, അവനു ജീവന്റെപ്രകാശം ലഭിയ്ക്കും”എന്ന്. അതെ, ദൈവമായ ക്രിസ്തുവിന്റെ പ്രമാദരഹിതങ്ങളായ പ്രബോധനങ്ങളാണ് പ്രപഞ്ചത്തിന്റെ ദീപ്തിമത്തായ പ്രകാശം-സഹൃദയരുടെ ഏക സദ്പ്രതീക്ഷ. ആത്മീയാന്ധകാരത്താൽ നിബിഡീകൃതമായ മനുഷ്യമനസ്സുകളെ-അസമാധാന രാക്ഷസന്റെ നിഷ്ഠൂരവക്ത്രത്തിൽപ്പെട്ടു നട്ടം തിരിയുന്ന ആധുനിക ലോകത്തെ ശോഭനമായ ഒരു ഭാവിയിലേക്ക്-സത്യപ്രകാശത്തിലേക്ക് നയിക്കുവാൻ നീതിസൂര്യനായ ക്രിസ്തുവിന്റെ ശാദ്വല കിരണങ്ങൾക്കല്ലാതെ സാദ്ധ്യമല്ല തന്നെ. ഈ അജയശക്തിയെപ്പററി ലോകം അറിയാത്തിടത്തോളം കാലം നാശമായിരിക്കും ഫലം. അവിടന്ന് സ്പഷ്ടമായരുളിച്ചെയ്തു: “ഞാൻ സത്യവും വഴിയും ജീവനുമാണ്” എന്ന്. കാപട്യം നിറഞ്ഞ ഈ ലോകത്തിൽ യഥാർത്ഥ സത്യത്തെ ബീജാവാപം ചെയ്യിച്ച സ്വർഗ്ഗീയ കലാകാരനാണവിടുന്ന്. എന്നും പ്രകാശിക്കുന്ന സ്വർഗ്ഗപാതയെ വെട്ടിത്തുറന്നുതന്ന അനുപമ മാർഗ്ഗദർശിയാണ്, ആ സ്നേഹസമ്പന്നൻ. അതെ, അവിടന്നുതന്നെയാണ്, നിത്യജീവൻ പ്രദാനംചെയ്യുന്ന വററാത്ത ഉറവയും.

ലോകസമാധാന ലബ്ധിക്കുവേണ്ടി രാഷ്ട്രീയ നേതാക്കന്മാരും, പ്രസിദ്ധ തത്വചിന്തകന്മാരും ശ്രമങ്ങൾ തുടങ്ങിയിട്ടു നാളുകൾ വളരെയായി. അവരുടെ അക്ഷീണയത്നങ്ങൾ ഇത:പര്യന്തം സഫലമായിക്കാണാത്തതിന്റെ കാരണമെന്തു്? മറെറാന്നുമല്ല, അവരിൽ പലരും, സാക്ഷാൽ ജ്ഞാനമായ ദൈവത്തിങ്കലേക്ക് തിരിഞ്ഞിട്ടില്ല. അവരുടെ ആശയഗതികൾ തിരിഞ്ഞതു്-തിരിയുന്നതു് ലൗകായതികത്വത്തിന്റെ ബാഹ്യപ്രൗഢികളിൽക്കൂടിയാണ്. അവരുടെ നേത്രങ്ങൾക്ക് പ്രകാശം നൽകിക്കൊണ്ടിരിക്കുന്നതു് നശ്വരമായ ഗവേഷണ പാളയങ്ങളാണ്. ഇവയാണ് ഈ ദയനീയ പരാജയത്തിനുള്ള കാരണം.

ഭൗതികവാദ (Dilectical materialism) ത്തിന്റെ തണലിൽ നിന്നുകൊണ്ടു്, നിരീശ്വരത്വപ്രചരണംവഴി, മനുഷ്യരെ സന്മാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കുന്ന ചില നരാധമന്മാർ ഇന്നു ഭൂമുഖത്തുണ്ടു്. സാധുജന സേവനം ദീനാനുകമ്പ മുതലായവയാണ്, അവരവകാശപ്പെടുന്ന നേട്ടങ്ങൾ. പ്രവൃത്തിയോ? മനുഷ്യത്വത്തെ അപമാനിയ്ക്കൽ, അല്ല നിഗ്രഹിക്കൽ. ഇങ്ങനെയുള്ള “പുരോഗമനക്കാരിൽ നിന്നും നാം ഒഴിഞ്ഞു ജീവിക്കണം. വി. മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായത്തിൽ പറയുന്നു, “വ്യാജപ്രവാചകന്മാരെ നിങ്ങൾ സൂക്ഷിച്ചു കൊള്ളുവിൻ. അവർ ആടുകളുടെ വേഷത്തിൽ നിങ്ങളുടെ പക്കൽ വരുന്നു. എന്നാൽ അകമെ ബുഭുക്ഷുകളായ ചെന്നായ്ക്കളാണ്. അവരുടെ പ്രവർത്തന ഫലങ്ങൾ കൊണ്ടു് അവരെ നിങ്ങൾ അറിയും. മുള്ളുകളിൽനി

ന്ന് മുന്തിരിപ്പഴങ്ങളോ, ഞെരിഞ്ഞിലുകളിൽ നിന്ന അത്തിപ്പഴങ്ങളോ പറിയ്ക്കാറുണ്ടോ?''

അവശരുടേയും, ആലംബഹീനരുടേയും രക്ഷിതാക്കൾ എന്ന് സ്വയം അഭിമാനിക്കുന്ന-ലോകസമക്ഷം ഉദ്ഘോഷിക്കുന്ന വർഗ്ഗക്കാരാണ് കമ്മ്യൂണിസ്ററുകാർ. എന്നാൽ അവരുടെ പ്രവർത്തനങ്ങളുടെ അടിത്തട്ടിൽ ചുഴിഞ്ഞു പരിശോധിച്ചാൽ നമുക്കു കാണാൻ സാധിക്കും, അവയെല്ലാം വിഷലിപ്തങ്ങളാണെന്ന്. കാരണം, കമ്മ്യൂണിസ്ററു തത്വശാസ്ത്രം, മനുഷ്യന്റെ മൗലികാവകാശങ്ങളോടുള്ള കടുത്ത കയ്യേററമാണ് ഉദ്ദേശിക്കുന്നതു്. മതത്തേയും, ഈശ്വരാസ്തിക്യത്തേയും, സാന്മാർഗ്ഗികമൂല്യങ്ങളേയും നിർലജ്ജം വെല്ലുവിളിക്കുന്ന ഒരു പാർട്ടി ഭൂമുഖത്തുണ്ടെങ്കിൽ, അതു് കമ്യൂണിസ്ററു പാർട്ടി മാത്രമാണ്. 'ലോകമാണഖിലസാരം' എന്ന തോന്നും, അവരുടെ നിരന്തര യത്നം കണ്ടാൽ. മരണത്തിനപ്പുറം ഒരു ജീവിതമില്ല എന്നതാണ് അവരുടെ തത്വങ്ങളിലൊന്ന്. അതു് സ്ഥാപിച്ചാൽ എന്തനീതിയും ചെയ്യുന്നതിനുള്ള ലൈസൻസായല്ലോ. ദൈവം, ആത്മാവു്, മതം, സത്യം, നീതി മുതലായവ അവരുടെ ദൃഷ്ടിയിൽ വ്യർത്ഥങ്ങളാകുവാനും കാരണമിതാണ്. ഇഹത്തിൽ സുഖമായി ജീവിക്കണം; ഈ ഒരു ചിന്തമാത്രമെ അവർക്കുള്ളു. ജീവിതസുഖ ലബ്ധിക്കു വേണ്ടി എന്തു് അധർമ്മവും ചെയ്യാമെന്നാണ് അവരുടെ അഭിമതം. ഇങ്ങനെ കമ്മ്യൂണിസമാകുന്ന വിഷബീജം, ലോകത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിപ്പിച്ചു്, അനേകം മനുഷ്യരെ ആദ്ധ്യാത്മികാപമൃത്യുവിനിരയാക്കിയിട്ടുണ്ടു്. കേരളത്തിലെ ഇന്നത്തെ യുവതലമുറയിലും, ഈ പാഷാണം കുത്തിവയ്ക്കുവാൻ അവർ വ്യാമോഹിക്കുന്നുണ്ടു്. അതിന്റെ പ്രാരംഭ പ്രവർത്തനമാണ്, പുതിയ വിദ്യാഭ്യാസബില്. അതിൽ നിക്ഷിപ്തമായിരിക്കുന്ന ഒളിയമ്പുകൾ ഏവയെന്ന്, കമ്മ്യൂണിസത്തെപ്പററി ശരിയായി അറിഞ്ഞിട്ടുള്ളവരെ-പഠിച്ചിട്ടുള്ളവരെ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. മനുഷ്യാത്മാക്കളെ നിർദ്ദയം നിഹനിയ്ക്കുന്ന ആഗ്നേയാസ്ത്രങ്ങളാണവയെന്ന്, താത്വികമായി ചിന്തിയ്ക്കുന്നവർക്ക് മനസ്സിലാകും. ഈശ്വര വിശ്വാസമുള്ള ഏതൊരു കേരളീയ പൗരനും ഈ വസ്തുത മനസ്സിലാക്കി, ഈ ബില്ലിനെ എതുത്തു് പരാജയപ്പെടുത്തേണ്ട ചുമതലയുണ്ടു്. സത്യത്തിന്റെയും നീതിയുടെയും, പരസ്നേഹത്തിന്റെയും പ്രവാചകന്മാരായ ക്രിസ്തുവിന്റെ ധർമ്മഭടന്മാർ-കത്തോലിക്കർ-ആത്മത്യാഗം ചെയ്തുപോലും ഈ കടുത്ത അനീതിക്കെതിരെ സമരം ചെയ്യേണ്ടതു് അവരുടെ ധാർമ്മികമായ ചുമതലയാണ്.

കമ്മ്യൂണിസത്തിന്റെ ജനയിതാക്കൾപോലും സ്വീകരിച്ചിരിക്കുന്ന ഒരു തത്വമാണ്, നിരീശ്വരതത്വം; അതു പോകട്ടെ. മനുഷ്യസംസ്ക്കാരത്തിൽ അന്തർലീനമായിരിക്കുന്ന ആദ്ധ്യാത്മികമൂല്യങ്ങളുടെ ആകെത്തുകയായ മതത്തോടും അവർ എതിരാണ്. നമ്മുടെ കേരളാഗവണ്മെൻറും, പരോക്ഷമായി ഈ നിർഭാഗ്യാവസ്ഥയിൽ എത്തിച്ചേർന്നതിൽ നമുക്ക് നിർവ്യാജമായി ഖേദിക്കാം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കളോടു ചോദിച്ചാൽ പറയും അവർ മതത്തിനെതിരല്ലെന്ന്. എന്നാൽ, വാസ്തവമതല്ല. നോക്കുക ''കൊച്ചിൻ സ്റ്റാലിൻ'' എന്ന വിശ്രുതനായ ഒരു കേരള കമ്മ്യൂണിസ്റ്റ് നേതാവു്-സഖാവു് സി അച്യുതമേനോൻ ഒരു പുസ്തകമെഴുതിയിട്ടുണ്ടു്, ''സോവിയററു നാട്ടു്'' എന്ന പേരിൽ. അതിൽ ഇങ്ങനെ പറയുന്നു. ''മനുഷ്യന്റെ ശൈശവത്തിൽ, അവന്റെ നിസ്സഹായതയും, അജ്ഞതയും, തന്നെപ്പോലെയുള്ളവർക്കെങ്കിലും, തന്നേക്കാൾ എത്രയോ ശക്തനായ ദൈവത്തെ സങ്കല്പിക്കാൻ അവനെ പ്രേരിപ്പിച്ചു. പരിഷ്ക്കാരത്തിന്റെ പുരോഗമനത്തോടുകൂടി ഇതിന്റെ ആവശ്യം കുറഞ്ഞുവന്നു. ദൈവം എന്നതു് അജ്ഞാതമായ എന്തോ ഒരു ശക്തിമാത്രമായി പരിണമിച്ചു. അങ്ങനെ ഒരു അജ്ഞാതശക്തിയേയും സങ്കല്പിക്കേണ്ട ആവശ്യമില്ലെന്നുതന്നെയല്ലാ, അങ്ങനെ സങ്കല്പിക്കുന്നതിൽനിന്ന്, അതിൽ വന്നുചേരുന്ന മതത്തിന്റെ കുഴപ്പങ്ങൾ ദ്രോഹകാരികളായിത്തീരുമെന്നാണ് റഷ്യാക്കാരുടെ അഭിപ്രായം(പേജ് 378). റഷ്യാക്കാരുടെ അഭിപ്രായംമാത്രമല്ലാ, കമ്മ്യൂണിസ്ററുകാരുടെ 'വിശ്വാസപ്രമാണത്തിലെ ഒരു ഭാഗമായി ഇതിനെ നാം ഗണിക്കണം.

ക്രിസ്തു ലോകത്തിൽ ഒരു മഹാവിപ്ലവം ഉദ്ഘാടനം ചെയ്തു, പത്തൊൻപതുനൂററാണ്ടുകൾക്കുമുമ്പു്. തന്റെ അനുയായികളായ കത്തോലിക്കർ ഇന്നും അതു് ഊർജ്ജസ്വലതയോടെ പുരോഗമിപ്പിച്ചുകൊണ്ടുവരികയാണ്.വിശേഷാത്തരമായ ആ സമരംഏതു്? 'സ്നേഹവിപ്ലവം'. അതേ, ലോകാരംഭം മുതൽ ഇന്നുവരെ യാതൊരു മതസ്ഥാപകനും, മഹത്ശക്തിയും

ഉപദേശിച്ചിട്ടില്ലാത്ത ശക്തിമത്തായ ഒരു സമരകാഹളമാണ് ക്രിസ്തുവിൽനിന്ന് ലോകം ശ്രവിച്ചതു്—ശ്രവിക്കുന്നതു്. ആഗോളവ്യാപകമായ ഈ വിപ്ലവാഹ്വാനം, മനുഷ്യചേതസ്സുകളെ സ്വർഗ്ഗകവാടത്തിലേക്കാനയിച്ചു. അതെ, ആധുനികപുരോഗമനയുഗത്തിന് മൂഢത്വമായിത്തോന്നാവുന്ന ഈ സന്ദേശം, വൈരാഗ്യമൂർത്തികളായ ഭൗതികവാദികളിൽ ഭയങ്കര കോളിളക്കം തന്നെ സൃഷ്ടിച്ചു. "ശത്രുക്കളെ സ്നേഹിക്കുക' എന്ന ലോകോത്തരമായ സന്ദേശം, 20-ാം നൂറ്റാണ്ടിനു ചേർന്നതാണോ എന്നുപോലും വാദിക്കുന്നവർ ഇന്നത്തെ ശാസ്ത്രജ്ഞന്മാരിലുണ്ടെന്നറിയുമ്പോൾ, ലജ്ജിക്കാതെ തരമില്ല. അഹോ! ആധുനികശാസ്ത്രലോകം എത്ര ദയനീയമായി അധഃപതിച്ചിരിക്കുന്നു!!

ക്രിസ്തുവിന്റെ സമരം എന്തിനുവേണ്ടി—എന്തു് മൗലികാവകാശങ്ങൾ നേടുവാൻ വേണ്ടിയായിരുന്നു? ആത്മാക്കൾക്കുവേണ്ടി—മനുഷ്യന്റെ ഏക ജന്മസാഫല്യം കൈവരുത്തുവാൻ-സമരായുധങ്ങളോ? വാരിക്കുന്തമോ, കഠാരിയോ? അല്ലല്ലാ, അവയെല്ലാം മാരകായുധങ്ങൾ. ദൈവസ്നേഹം, പരസ്നേഹം ഇവയാണ്. മൂർച്ചയേറിയ ശത്രുസ്നേഹത്തിന്റെ സഹായകമായിട്ട്, പടത്തലവനായ ക്രിസ്തു—മർത്ത്യദൈവമായ ആ സ്നേഹമൂർത്തി—തന്റെ സഹപ്രവർത്തകർക്കു സംഭാവന ചെയ്ത സമരോപകരണങ്ങൾ. ആത്മശത്രുക്കളോടു യുദ്ധംചെയ്തു് വിജയമകുടം ചൂടിയ വിപ്ലവകാരികളെ കാണണമോ? നോക്കുക, സ്വർഗ്ഗത്തിലേക്ക്. ആ സ്വർണ്ണാലയത്തിൽക്കാണാം, ജ്വലിക്കുന്ന കിരീടങ്ങൾ ധരിച്ച നിരവധി ധീരഭടരെ. അനുപമസമരനായകനായ സ്നേഹനാഥനുവേണ്ടി ലോകത്തിൽവച്ചു ധീരധീരം പോരാടിയ സ്വർഗ്ഗരാജ്യത്തിലെ ധീരപൗരരാണവർ.

പ്രപഞ്ചത്തിലെ പൗരന്മാർ എന്നു സ്വയം അഭിമാനിക്കുന്ന ഒരുകൂട്ടം ജനങ്ങൾ-പുരോഗമനക്കാരെന്നവകാശപ്പെടുന്ന കമ്മ്യൂണിസ്റ്റുകാർ "വിപ്ലവം ജയിക്കട്ടെ" എന്ന മുദ്രാവാക്യവുമായി നടക്കുന്നുണ്ട്. ശരിയായി പറഞ്ഞാൽ, വിദ്വേഷത്തിന്റെ സമരം എന്നാണതിനു പേരു കൊടുക്കേണ്ടതു്. കാരണം, സായുധവിപ്ലവത്തിൽകൂടി എത്രയോ മനുഷ്യസഹോദരങ്ങളെ ആ രക്തദാഹികൾ കൊന്നൊടുക്കി. 9 ലക്ഷം കർഷകർ, 5 ലക്ഷം തൊഴിലാളികൾ, പന്തീരായിരം സിവിൽ ഉദ്യോഗസ്ഥന്മാർ, 2 ലക്ഷത്തോളം പട്ടാളക്കാർ, 6000 അദ്ധ്യാപകന്മാർ, 880 ഡോക്ടർമാർ, 1200 വൈദികർ, 28 മെത്രാന്മാർ ഇവർ അടക്കം 20 ലക്ഷം മനുഷ്യരെയാണ്, റഷ്യൻവിപ്ലവത്തിൽ ക്രൂരമായി ആ മനുഷ്യരാക്ഷസന്മാർ വധിച്ചതെന്ന് അവരുടെ കണക്കുകളിൽ കാണുന്നു.

കിഴക്കൻ യൂറോപ്പും റഷ്യയും തമ്മിലുള്ള യുദ്ധത്തിൽ "ബാൾട്ടിൻ ഹ്യുമാനിട്ടേറിയൻ" സംഘടന പ്രസിദ്ധപ്പെടുത്തിയ കണക്കിൽ, റഷ്യക്കാരുടെ നരഹിംസയെപ്പററി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "എസ്റ്റോണിയാക്കാർ 60973, ലാററ്വിയക്കാർ 34250, ലിത്വാനിയാക്കാർ 38450, കൂടാതെ 14300 പോളിഷ് ഉദ്യോഗസ്ഥന്മാരേയും, 4000 ഉക്രായേഷ്യൻകാരേയും കാച്ചിപ്പൊരിച്ചു." സാഹോദര്യത്തിന്റെ പ്രവാചകന്മാരെന്ന് ലോകത്തെ തെററിദ്ധരിപ്പിച്ചുകൊണ്ട്, 'സഖാക്കൾ' എന്ന് സ്വയം സംബോധനചെയ്തുനടക്കുന്ന കമ്മ്യൂണിസ്റ്റ് നയവഞ്ചകരുടെ മനുഷ്യസ്നേഹത്തിന്റെ ഒരു നിഴൽ നാം കണ്ടു.

"ഈ നീതിമാനായ മനുഷ്യന്റെ രക്തത്തിൽ എനിക്കു് ഉത്തരവാദിത്വമില്ല. അതിന് നിങ്ങൾ തന്നെ പങ്കാളികൾ" എന്നു പറഞ്ഞുകൊണ്ട്, ഭീരുവായ ആ ഭരണാധിപൻ—പീലാത്തോസ്, കൈകഴുകിക്കൊണ്ടു ക്രിസ്തുവിനെ കൊലക്കുററത്തിന് വിധിയ്ക്കുവാൻ ഭാവിച്ചപ്പോൾ, കൃതഘ്നരായ യഹൂദജനത, അസൂയയോടെ വിളിച്ചുപറഞ്ഞതു് നാം വേദപുസ്തകത്തിൽ വായിച്ചിട്ടില്ലേ? "അയാളുടെ രക്തം ഞങ്ങളുടെ മേലും, ഞങ്ങളുടെ സന്താനങ്ങളുടെ മേലും പതിച്ചുകൊള്ളട്ടെ" എന്നു്. ഈ പ്രത്യുത്തരം തന്നെയാണ്, കമ്മ്യൂണിസ്റ്റ്കാർ അനീതിപരമായി നടത്തിയ ഈ കൂട്ടക്കൊലയിൽ മൗനമായി സമ്മതിക്കുന്നതു്.

വിശേഷോത്തരമായ ക്രിസ്തുവിപ്ലവം, ആത്മരക്ഷക്കുവേണ്ടി—മനുഷ്യരാശിയുടെ നിത്യസൗഭാഗ്യത്തിനുവേണ്ടി—ഉപകരിച്ചെങ്കിൽ, കാറൽമാർക്സിന്റെയും അനുയായികളുടേയും സമരം, മാനവസഹോദരങ്ങളെ നിത്യവിനാശത്തിലേക്ക് വഴിതെളിച്ചു—വഴിതെളിക്കുന്നു എന്നു നാം ഓർക്കണം. ലോകമാസകലമുള്ളതും ഉണ്ടാകുവാനിരിക്കുന്നതുമായ സർവ്വമനുഷ്യജീവികൾക്കും വേണ്ടി, ഗാഗുൽത്താഗിരിശൃംഗത്തിൽ, ത്യാഗ

ബലിപീഠമായ ക്രൂശിൽ ആരോഹണം ചെയ്തുകൊണ്ട്, ആ "സ്നേഹഭ്രാന്തൻ—സാക്ഷാൽ മനുഷ്യസ്നേഹി ഒരു ദിവ്യസന്ദേശം നൽകി. അതിൻെറ വെളിച്ചമാണ് ലോകത്തിനു നവോത്ഥാനം നൽകിയതു്. നിഷ്ഠൂര മർദ്ദനങ്ങൾക്ക് വിധേയമായ ആ മനുഷ്യപുത്രൻ അവസാന രക്തത്തുള്ളിവരെ തൻെറ സഹോദരങ്ങൾക്കുവേണ്ടി ചിന്തി. കളങ്കലേശമേശാത്ത ആ ചെമ്മരിയാട്ടിൻകുട്ടി, അർദ്ധനഗ്നനായി മരണാസന്നനായി ക്രൂശിൽക്കിടക്കുമ്പോൾ നൽകിയ സംപൂജ്യതമമായ ആ ദിവ്യാക്തികൾ കേട്ടാൽ ഹൃദയമുള്ളവർ കരയും. വിറയ്ക്കുന്ന ചുണ്ടുകളോടെ, സഗൽഗതമവിടന്നരുളിച്ചെയ്യുകയാണ്, "പിതാവെ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിയ്ക്കേണമെ" എന്ന്. അന്നത്തെ, അല്ലാ, ഇന്നത്തെയും മനുഷ്യഹൃദയങ്ങളിൽ, ഭയങ്കരമായ ഒരു കൊടുങ്കാററുതന്നെ സൃഷ്ടിക്കുവാൻ ഈ സന്ദേശം പര്യാപ്തമായി. ലോകചരിത്രം ഇന്നുവരെ നാം പരിശോധിച്ചാൽ ഇത്ര ശത്രുസ്നേഹോജ്ജ്വലമായ ഒരു പ്രഭാഷണം, ആരും ചെയ്തിട്ടുള്ളതായി കാണ്മാൻ സാധിക്കയില്ല. മൃഗീയമായ നിഷ്ഠൂരപീഡകൾ, അനീതിയായി അനുഭവിപ്പിച്ച അസൂയാകലുഷിതരായ ശത്രുവൃന്ദത്തിനുവേണ്ടി, പിതാവിനോടു മാപ്പിരക്കുകയാണ് ആ സ്നേഹമൂർത്തി.

മനുഷ്യസ്നേഹികളെന്ന് മിഥ്യാവാദം ചെയ്യുന്ന കമ്മ്യൂണിസ്ററുകാർ ചെയ്യുന്ന ലോകസേവനം, അവരുടെ രക്തദാഹത്തിൽനിന്നും നാം കണ്ടുകഴിഞ്ഞു. ഞാൻ ഒന്നു ചോദിക്കട്ടെ, ഇതാണോ പുരോഗമനം? പ്രിയ സഖാവെ, ഒന്ന് അവഗാഢമായി ചിന്തിയ്ക്കൂ. സത്യം മറച്ചുവയ്ക്കല്ലെ. കത്തോലിക്കാസഭയ്ക്ക്—തദനുയായികളായ ഞങ്ങൾക്ക് നിങ്ങളോടു എതിർപ്പില്ല. നിങ്ങളും ഞങ്ങളുടെ സഖാക്കൾ—സഹോദരങ്ങളാണ്. പക്ഷെ, ഞങ്ങൾ ശക്തിയായി എതിർക്കും? എന്തിനെ? നിങ്ങൾ സ്വീകരിച്ചിരിക്കുന്ന "ഇസ"ത്തിനെ—ആദർശത്തെ. അതാണ്, ലോകസമാധാനത്തിനുള്ള വിലങ്ങുതടി. സമുദായഗാത്രത്തെ ബാധിച്ചിരിക്കുന്ന പ്ലേഗ്. മതവൃക്ഷത്തിലെ ഇത്തിക്കണ്ണി. മനുഷ്യാത്മാവിലെ പുഴക്കുത്തുകൾ. ഇവയെല്ലാം നിങ്ങൾ വേണ്ടവിധം ഗ്രഹിച്ച് സത്യത്തിലേക്ക് തിരിഞ്ഞില്ലെങ്കിൽ—ആരോഗ്യപൂർണ്ണമായ ഒരു ഭാവിലോകഗാത്രത്തിനു രൂപം കൊടുത്തില്ലെങ്കിൽ നിങ്ങൾക്കു നാശം. അതു് വരാതിരിക്കുന്നതിനു വേണ്ടി, ഈശ്വരവിശ്വാസികളായ ഞങ്ങളും പ്രാർത്ഥിക്കയാണ്, ക്രിസ്തുവിനോടുകൂടി ഗാഗുൽത്തായിലെ ക്രൂശിൻ ചുവട്ടിൽ നിന്നുകൊണ്ട് "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിയ്ക്കേണമെ."

ദൈവത്തിൽ വിശ്വസിക്കുന്ന ഒരുവൻ ദൈവനിവേശിതമായ തത്വസംഹിതയിൽ—യഥാർത്ഥത്തിൽ ദൈവസ്ഥാപിതമായ മതത്തിൽ വിശ്വസിച്ചേ മതിയാവൂ. അല്ലാത്തപക്ഷം ആ ദൈവവിശ്വാസം നിരർത്ഥകമാണ്. സത്യാസത്യങ്ങളെ വിവേചിച്ചറിയുന്നതിനു മനുഷ്യനു ധാർമ്മികമായ ഒരു ചുമതലയുണ്ട്. കാരണം, അവനു ദൈവം വിശേഷബുദ്ധിയും സ്വാതന്ത്ര്യമനസ്സും നൽകിയിരിക്കുന്നു. ഇവ രണ്ടും അനുശാസിയ്ക്കുന്നതു് എന്തു്? നന്മയെ സ്വീകരിപ്പാൻ, തിന്മയെ വർജ്ജിയ്ക്കുവാൻ. സത്യംഗ്രഹിക്കണമെന്ന് ആത്മാർത്ഥമായി അഗ്രഹിക്കുന്നവൻ—ലോകത്തിലുള്ള വിവിധമതങ്ങളിൽ ഏതാണു സത്യപ്രകാശിതമെന്നറിവാനഭിലഷിക്കുന്ന നിഷ്പക്ഷ നിരീക്ഷകൻ, ആദ്യമായി ചെയ്യേണ്ടതു് എന്താണ്? എല്ലാ മതങ്ങളെപ്പററിയും സമഗ്രമായി പഠിക്കുക. യുക്തിക്കും വിശേഷബുദ്ധിക്കും കൂടുതൽ നന്മയെന്നു തോന്നുന്നതിനെ സ്വീകരിക്കുക. ഒന്നു തീർച്ചയാണ്. ദൈവം ഒരുവൻ മാത്രമുള്ളതു പോലെ ദൈവസ്ഥാപിതമതം ഒന്നുമാത്രമേഉണ്ടാകുവാൻ പാടുള്ളു. അല്ലാത്ത പക്ഷം യുക്തിഭംഗമാണ്—നീതിവിരുദ്ധമാണ് ആ കാര്യം. സത്യം ഏതെന്നു ഗ്രഹിച്ചാൽ അതിനെ സ്വീകരിപ്പാനുള്ള സന്മനസ്സ് ഏതൊരു സത്യാന്വേഷിക്കും ഉണ്ടായിരിക്കണം. അതു് അത്യാവശ്യം. കത്തോലിക്കാസഭ-മതം, ദൈവസ്ഥാപിതമാണെന്ന് കണ്ണടച്ചു വിശ്വസിക്കേണ്ടതില്ല. ലോകത്തിലെ മഹാന്മാരും, ശാസ്ത്രജ്ഞന്മാരും അങ്ങനെ വിശ്വസിച്ചു കൊണ്ടല്ല, സഭാരാമത്തിലേക്ക്-സത്യപ്രകാശത്തിലേക്ക് ആനീതരായിട്ടുള്ളതു. അതു് നിൽക്കട്ടെ.

ഇനി, കമ്മ്യൂണിസത്തിന്, പൊതുവെ മതത്തെപ്പററിയുള്ള അഭിപ്രായമെന്തെന്നു നോക്കാം. ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ ഒരു പ്രമുഖനേതാവായ സഖാവ്, ജി. അധികാരി, മീററ് ഗൂഢാലോചനക്കേസിൽ കൊടുത്ത മൊഴിയിങ്ങനെയാണ്:

(ശേഷം 32-ാം പേജിൽ)

# സ്പട്നിക് യുഗത്തിലെ വാനനക്ഷത്രങ്ങൾ

(വെ. റവ. ഫാ. ബർണർഡിൻ, ഒ. സി. ഡി.)

ഉദ്ദേശം രണ്ടായിരം വർഷങ്ങൾക്കപ്പുറം. പാതിരാനേരം. ഏതാനും ചില ജോതിശാസ്ത്രജ്ഞന്മാർ നക്ഷത്രനിബിഡമായ ആകാശത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു അന്നുവരെയും കണ്ടിട്ടില്ലാത്ത പ്രത്യേകതരമായ ഒരു നക്ഷത്ര —അത്ഭുതകരമായ നക്ഷത്രം— അവരുടെ ശ്രദ്ധയിൽപെട്ടു. മററു നക്ഷത്രങ്ങളെപ്പോലെ ചലിക്കാതെ ഇതു് അവരുടെ തലയ്ക്കുമുകളിൽ നിന്നു വിസ്മയഭരിതരായ ശാസ്ത്രജ്ഞന്മാർ അവരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ പരിശോധിച്ചു അതിൻെറ അർത്ഥം അറിയുവാൻ. യഹൂദനായ ദാനിയേലിൻെറ ശിഷ്യനായ സൊറാസ്റ്ററിൻെറ പ്രാചീന പ്രവചനം അവരുടെ ശ്രദ്ധയിൽപെടുന്നു. "സൈറസിൻെറ ആദ്യത്തെ പിൻഗാമിയുടെ ഭരണകാലത്തു്, ദേവാലയം പുതിയതായി പണിത ശേഷമുള്ളകാലത്തു്, പാശ്ചാത്യദേശത്തിനു വിദൂരമായ സ്ഥലത്തു് ഒരു കന്യകയിൽ നിന്നും ഒരു ദിവ്യശിശു ജനിക്കും. നമുക്കജ്ഞാതമായ ഒരു നക്ഷത്രം ആ ശിശുവിൻെറ ജനനത്തെ അറിയിക്കും. ആ ശിശു യഹൂദന്മാരുടെ രാജാവെന്നും, ലോകരക്ഷകനെന്നും, സമാധാനത്തിൻെറ രാജകുമാരൻ എന്നും വിളിക്കപ്പെടും. ജ്യോതിശാസ്ത്രജ്ഞന്മാർ തന്നെ അവിടുത്തെ ആരാധിക്കുന്നതിനായി പുറപ്പെടണം". അവർ തല ഉയർത്തിനോക്കിയപ്പോൾ നക്ഷത്രം അവരുടെ തലയ്ക്കുമുകളിൽ തന്നെ സ്ഥിതിചെയ്യുന്നതായി കണ്ടു. ലോകരക്ഷകൻ ഭൂജാതനായതിൻെറ അടയാളമാണിതെന്നു പറഞ്ഞുകൊണ്ടു് അവിടുത്തെ കണ്ടാരാധിക്കുന്നതിനായി പുറപ്പെടുന്നു അവർ. നക്ഷത്രം അവരുടെ മുമ്പേ പോകുന്നു. അവർ ജറുസലേം നഗരത്തിലെത്തുന്നു. നക്ഷത്രം അപ്രത്യക്ഷമാകുന്നു. ലോകരക്ഷകൻ ജനിച്ചുവെന്നറിയാതെ രാജകീയവേഷധാരികളായ അവരുടെ നേരെ തുറിച്ചുനോക്കിക്കൊണ്ടുനിൽക്കുന്ന നഗരവാസികൾ യഹൂദന്മാരുടെ പുതിയതായി ജനിച്ച രാജാവിനെപ്പററിയുള്ള വിവരങ്ങൾ അവരോടു ചോദിച്ചപ്പോൾ അത്ഭുതപരതന്ത്രരായി നിന്നിമേഷരായിനിന്നു അവർ. അക്കാലത്തു് യൂദയായുടെ രാജാവായിരുന്ന ഹേറോദേശുമായി ഒരു കൂടിക്കാഴ്ചയ്ക്കു അപേക്ഷിക്കുന്നു. യഹൂദന്മാരുടെ രാജാവായി ഒരു ശിശു ജനിച്ചിരിക്കുന്നുവെന്ന വാർത്ത ശ്രവിച്ച ഹേറോദേശ് പരിഭ്രമിച്ചു. മിശിഹാ ജനിച്ചിരിക്കുന്നതെവിടെയെന്നു പ്രധാനാചാര്യന്മാരെയും ഇസ്രായേലിലെ നിയമജ്ഞന്മാരെയും ഒരുമിച്ചുവിളിച്ചുകൂട്ടി ചോദിച്ചു: "യൂദായുടെ ബേത്‌ലഹത്തുതന്നെ" എന്ന അവരുടെ ദൃഢവും അപ്രതീക്ഷിതവും ഐകകണ്ഠ്യവുമുള്ള മറുപടി അയാളെ വല്ലാതെ വിഷമിപ്പിച്ചു. അവർ പറയുകയാണ്: "പ്രവാചകനാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നുവെന്നു്: "യൂദായുടെ ബേത്‌ലഹേമേ, നീയും യൂദായുടെ രാജാക്കന്മാരിൽ ചെറുതല്ല. എന്തെന്നാൽ എൻെറ ജനമായ ഇസ്രായേലിനെ ഭരിക്കുവാനുള്ള രാജാവു് നിന്നിൽ നിന്നും പുറപ്പെടും." അപ്പോൾ ഹേറോദേശ് ജോതിശാസ്ത്രജ്ഞന്മാരെ രഹസ്യത്തിൽ വിളിച്ചു് നക്ഷത്രം അവർക്കു കാണപ്പെട്ട സമയം അവരോടു താല്പര്യമായി ചോദിച്ചു. അവരെ ബേത്‌ലേഹത്തേയ്ക്കു് അയച്ചുകൊണ്ടു പറയുന്നു: "നിങ്ങൾ ചെന്നു് ശിശുവിനെപ്പററി ഉത്സാഹപൂർവം അന്വേഷിക്കുവിൻ. നിങ്ങൾ അവിടുത്തെ കണ്ടെത്തിക്കഴിഞ്ഞാൽ ഞാനും ചെന്നു് അവിടുത്തെ ആരാധിക്കുന്നതിനു്, വന്നു് എന്നെ അറിയിക്കുവിൻ." അവർ വീണ്ടും പുറപ്പെടുന്നു. ശിശുവിനെ അന്വേഷിച്ചു അപ്പോൾ അവർ കിഴക്കുകണ്ട നക്ഷത്രം അവർക്കു മുമ്പേ ഗമിച്ചു് ഒടുവിൽ ശിശു കിടന്നിരുന്ന സ്ഥലത്തിനുമുകളിൽ വന്നുനിന്നു. നക്ഷത്രം വീണ്ടും കാണുകയാൽ അവർ അതിയായി സന്തോഷിച്ചു. ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു് ശിശുവിനെ അവിടുത്തെ മാതാവായകന്യകാമറിയത്തോടുകൂടി കണ്ടു പൌരസ്ത്യാചാരപ്രകാരം സാഷ്ടാംഗം വീണാരാധിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്നു് പൊന്നും, കുന്തുരുക്കവും, മീറാ

---

"മനുഷ്യനിൽ ഒരാത്മാവുണ്ടു്. പക്ഷേ അയാളുടെ തലയ്ക്കുമുകളിൽ മേൽപ്പുരയും ശരീരത്തിൽ ഒരു ഷർട്ടുമുണ്ടെങ്കിലേ അയാൾക്കു ആത്മീയോപദേശം നൽകാവൂ." ആബേ വീറേ.

യും അവിടുത്തേയ്ക്കു തിരുമുൽക്കാഴ്ചകളായി സമർപ്പിക്കുന്നു. ലോകരക്ഷകനെ ആരാധിക്കുന്നതിനും കാഴ്ചകൾ സമർപ്പിക്കുന്നതിനുമായി അറേബിയാ, സാബാ മുതലായ രാജ്യങ്ങളിലെ രാജാക്കന്മാർ വരുമെന്ന സങ്കീർത്തകന്റെ പ്രവചനം നിവൃത്തമാകേണ്ടതിലേയ്ക്കു ആഗതരായ കിഴക്കൻരാജ്യത്തിലെ സാമന്തരാജാക്കന്മാരാണ് കലാവിദഗ്ദ്ധരും ജ്യോതിശാസ്ത്രനിപുണരുമായ ഇവരെന്നാണ് ചില സഭാപിതാക്കന്മാരുടെയും വേദപാരംഗതന്മാരുടെയും അഭിപ്രായം

ക്രിസ്മസ് കാലത്ത് ഈ സംഭവത്തിന്റെ ഓർമ്മയാണ് എപ്പിഫനി അഥവാ പ്രത്യക്ഷീകരണം എന്ന പേരിൽ തിരുസഭ ആഘോഷിക്കുന്നതു്. മൂന്നു ശാസ്ത്രജ്ഞന്മാരെ നക്ഷത്രംവഴിയായി ക്രിസ്തുനാഥനിലേക്കാനയിച്ച പരമകാരുണികനും അനന്തജ്ഞാനിയുമായ നല്ല ദൈവം ഇന്നു സ്പട്നിക്കുയുഗത്തിലും ഓരോ മനുഷ്യനും ഓരോ നക്ഷത്രങ്ങൾ അയച്ചുകൊണ്ട് അവിടുത്തെതിരുസന്നിധിയിലേക്ക് അവനെ ആകർഷിക്കുകയും അവിടുത്തോടു ഗാഢമായി ഐക്യപ്പെട്ടു ജീവിക്കുന്നതിനായി അവനെ സസ്നേഹം ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. ഈ നക്ഷത്രങ്ങൾ ഏവയാണെന്നും അവയെ എപ്രകാരം നാം പിഞ്ചെല്ലണമെന്നും പരിചിന്തനം ചെയ്യാം.

രണ്ടുവിധത്തിലുള്ള നക്ഷത്രങ്ങളാൽ ദൈവം അവിടുത്തെ സന്നിധിയിലേക്ക് മനുഷ്യനെ നയിക്കുന്നുണ്ട്–ദൃശ്യവും അദൃശ്യവുമായ നക്ഷത്രങ്ങളാൽ. അദൃശ്യമായ നക്ഷത്രങ്ങൾ അതിസ്വാഭാവികമായ പ്രസാദവരത്തിന്റെ വെളിച്ചവും, പ്രസ്തുത പ്രസാദവരത്തിന്റെ ശക്തിയുമാണ്. പ്രസാദവരത്തിന്റെ വെളിച്ചമാകുന്ന വെള്ളിനക്ഷത്രം ദൈവത്തിനു പ്രീതികരങ്ങളായവയെയും അപ്രീതികരങ്ങളായവയെയും ശരിയായി മനസ്സിലാക്കുന്നതിനും നിത്യരക്ഷ പ്രാപിക്കുന്നതിന് എന്തുചെയ്യണമെന്നു ഗ്രഹിക്കുന്നതിനും ബുദ്ധിയെ പ്രകാശിപ്പിക്കുന്നു ഇതിന്റെ മഹനീയമായ ഒരു ദൃഷ്ടാന്തം മഹാനായ വി. ആഗസ്തീനോസിന്റെ "ഏററുപറച്ചിൽ" (Confessions) എന്ന പുസ്തകത്തിലുണ്ട്. അദ്ദേഹം ആശ്വസിക്കുന്നതിനായി ഒരു ദിവസം ഓത്തിവൃക്ഷത്തിന്റെ തണലിരിക്കുമ്പോൾ മനോദർപ്പണത്തിൽ പൊന്തിവന്ന തന്റെ അപരാധങ്ങളുടെയും അധർമ്മങ്ങളുടെയും ഭീകരമായ കാഴ്ചയാൽ ദുഃഖിതനായി വാവിട്ടുനിലവിളിക്കയിൽ "എടുത്തുവായിക്കുക" എന്നൊരു ശബ്ദം ശ്രവിച്ചു. ഉടനെ വീട്ടിൽ പ്രവേശിച്ചു വേദപുസ്തകം എടുത്തു തുറന്നുനോക്കിയപ്പോൾ കണ്ടതു് വി. പൗലോസിന്റെ റോമാക്കാർക്കുള്ള ലേഖനത്തിന്റെ പതിമൂന്നാം അദ്ധ്യായം പന്ത്രണ്ടുമുതൽ പതിന്നാലുവരെയുള്ള വാക്യങ്ങൾ ആണ്. "ഇപ്പോൾ രാത്രികടന്നുപോയി. പകൽ അടുത്തിരിക്കുന്നു; ആകയാൽ നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികളെ നമ്മിൽനിന്നും നീക്കിവച്ച് വെളിച്ചത്തിന്റെ ആയുധം ധരിക്കാം. പകൽസമയത്തെന്നപോലെ മര്യാദയോടുകൂടി നമുക്കു നടക്കാം അശ്ലീലഗാനത്തിലല്ല, മദ്യപാനത്തിലല്ല, അശുദ്ധശയനത്തിലല്ല, അസൂയയിലല്ല, തർക്കത്തിലുമല്ല പിന്നെയോ, നിങ്ങൾ നമ്മുടെ കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ ദുർമ്മോഹങ്ങൾക്കായി നിങ്ങളുടെ ശരീരത്തെപ്പററി വിചാരപ്പെടാതെയും ഇരിക്കുവിൻ." "ഇതു വായിച്ച ഉടൻ" അഗസ്തീനോസു പറയുകയാണ് "എന്റെ ഹൃദയത്തിൽ വെളിച്ചത്തിന്റെ ഒരു രശ്മി പ്രവേശിക്കുകയും, അന്ധകാരത്തെ നീക്കുകയും എനിക്ക് സമാധാനം പ്രദാനം ചെയ്യുകയുംചെയ്തു" അങ്ങനെ അഗസ്തീനോസ് ദൈവത്തിലേക്ക് തിരിച്ചുവന്നു. അദ്ദേഹം മാനസാന്തരപ്പെട്ടു. ഇതുപോലെയുള്ള എത്രയെത്ര പ്രസാദവരങ്ങളാണു ദൈവം നമുക്കു നൽകുന്നതു്.

അദൃശ്യനക്ഷത്രമായ പ്രസാദവരത്തിന്റെ ശക്തി മനുഷ്യന്റെ മനസ്സിനെ തിന്മ വർജ്ജിക്കുന്നതിനും നന്മ ചെയ്യുന്നതിനുമായി ശക്തിപ്പെടുത്തിക്കൊണ്ട് ദൈവത്തിലേക്കാനയിക്കുന്നു. ചിലപ്പോൾ ജീവിതത്തിന്റെ ഹ്രസ്വത, മരണം, വിധി എന്നിവയെപ്പററിയുള്ള ചിന്ത അങ്കുരിപ്പിക്കുന്നു. മററു ചില അവസരങ്ങളിൽ ദൈവത്തിന്റെ അനന്തനന്മ, അനന്തസ്നേഹം, സ്വർഗ്ഗീയസന്തോഷങ്ങളുടെ മഹിമ മുതലായവയെ നമ്മുടെ കൺമുമ്പിൽകൊണ്ടുവന്ന് ഐഹികവസ്തുക്കളിൽനിന്ന് ഹൃദയത്തെ അകററി ദൈവത്തിലേക്ക് ആനയിക്കാറുണ്ട്. ഓരോ മനുഷ്യന്റെയും ഹൃദയകവാടത്തിൽ അങ്ങനെ മുട്ടിക്കൊണ്ട് ദൈവം നന്മ ചെയ്യുന്നതിനായി അവനെ പ്രേരിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ്. ഒരുവൻ എത്ര വലിയ പാപിയാണോ അത്ര കൂടുതലായി അവന്റെ ഹൃദയകവാടത്തിൽ മുട്ടുകയാണ് കാണാതെപോയ ആടിനെ അന്വേഷിച്ചുവന്ന നല്ല ഇടയൻ. പാപിയുടെ മരണമല്ല, അവന്റെ മാനസ്സാന്തരമാണ് അവിടുന്നാഗ്രഹിക്കുന്നതു്.

നശ്വരങ്ങളും ക്ഷണഭംഗുരങ്ങളുമായ സുഖസന്തോഷങ്ങളുടെ പിറകെ ഓടിപ്പോകുന്ന മനുഷ്യനെ ദൃശ്യമായ ചില നക്ഷത്രങ്ങൾവഴി അവിടുത്തെ പക്കലേക്ക് ദൈവം കൊണ്ടുവരുന്നുണ്ട്. ഭൗമനന്മകൾ, വിപത്തുകൾ, അരിഷ്ടതകൾ, കുരിശുകൾ, വൈദികരുടെ പ്രസംഗവേദിയിൽനിന്നോ കുമ്പസാരക്കൂട്ടിൽനിന്നോ ഉള്ള പൈതൃകോപദേശങ്ങൾ, മുന്നറിയിപ്പുകൾ, ജ്ഞാനവായനവഴി ലഭിക്കുന്ന പ്രചോദനങ്ങൾ, കുമ്പസാരം, കുർബാന എന്നികൂദാശകൾ മുതലായവ ദൃശ്യനക്ഷത്രങ്ങളാണ്.

"തേടിപ്പിടിക്കുവാൻ സ്നേഹത്തിനുള്ളപോൽ
പേടിക്കുശേഷിയില്ലോടിയൊളിക്കുവാൻ"

എന്ന് ആംഗ്ലേയകവിയായ ഫ്രാൻസിസ് തോംസൺ പാടിയതുപോലെ ദൃശ്യമായ ഈ നക്ഷത്രങ്ങൾ ദൈവത്തിൽ നിന്നും ഓടി അകലുന്ന മനുഷ്യാത്മാവിനെ അനുധാവനം ചെയ്യുകയാണ് ദൈവം. പന്തക്കുസ്താദിവസം മൂവായിരം യഹൂദന്മാർ വി. പത്രോസിന്റെ പ്രസംഗത്താൽ മാനസാന്തരപ്പെട്ടു. ജോനാസിന്റെ പ്രസംഗം ഒന്നുമാത്രമാണു നിനിവേക്കാരെ ചാരം പൂശി ചാക്കുവസ്ത്രങ്ങൾ ധരിച്ചു തപസ്സുചെയ്യുന്നതിനു പ്രേരിപ്പിച്ചത്. ഈശോസഭാസ്ഥാപകനായ വി. ഇഗ്നേഷ്യസ് ലൊയോളായെ മാനസാന്തരപ്പെടുത്തിയതു ജ്ഞാനവായനയാണ്. ദൃശ്യനക്ഷത്രങ്ങളിൽ സുപ്രധാനങ്ങളായവയാണ് കുമ്പസാരവും കുർബാനയും എന്ന കൂദാശകൾ. കുമ്പസാരമെന്ന കൂദാശ സ്നേഹനാഥൻ സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ എത്രയോ പേർ എന്നന്നേയ്ക്കുമായി ദൈവത്തിൽനിന്നും അകന്നുപോകുമായിരുന്നു. വരപ്രസാദങ്ങളുടെ ഉടയവനെതന്നെ നമുക്കു നൽകുന്നതും "ഇപ്പോൾ ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു പറയത്തക്കവിധത്തിൽ ക്രിസ്തുനാഥനുമായി നമ്മെ യോജിപ്പിക്കുകയും ദൈവസ്നേഹത്തിൽ നമ്മെ അടിയുറപ്പിക്കുകയും ചെയ്യുന്ന ഏററം പ്രധാനമായ വാനനക്ഷത്രമത്രെ അൾത്താരയിലെ സ്നേഹകൂദാശ.

എന്നാൽ ദൃശ്യവും അദൃശ്യവുമായ മേൽ പ്രസ്താവിക്കപ്പെട്ട ഈ നക്ഷത്രങ്ങൾ നമ്മെ ദൈവത്തിലേക്കാനയിക്കണമെങ്കിൽ, അവയെ നാം ഉടനെ, ധൈര്യത്തോടും നിലനില്പോടും കൂടി സകലവും പരിത്യജിച്ചുകൊണ്ടു പിഞ്ചെല്ലണം. നക്ഷത്രം പ്രത്യക്ഷമായ ഉടനെ വീടുംനാടും വിട്ട് ഉടനെപുറപ്പെട്ട ശാസ്ത്രജ്ഞന്മാരെപ്പോലെ ദിവ്യപ്രേരണകളെ നാം ഉത്സാഹത്തോടും തീഷ്ണതയോടും അനുഗമിക്കേണ്ടതാണ്. "എന്നാൽ യാതൊരു കൊടുങ്കാററും നിന്നെ അവിചാരിതമായി നശിപ്പിക്കാതിരിക്കുന്നതിനും അപ്രതീക്ഷിതമായ മരണം നിന്നെ ജലപ്രളയത്തിൽ സംസ്ക്കരിക്കാതിരിക്കുന്നതിനും ഒട്ടും താമസിക്കാതെ പ്രായശ്ചിത്തത്തിന്റെയും മാനസാന്തരത്തിന്റെയും സുരക്ഷിതതുറമുഖത്തെത്തുവാൻ പരിശ്രമിക്കുക"

(വി. പീററർഡേമിയൻ)

ധൈര്യത്തോടും നിലനില്പോടുംകൂടി നാം അനുഗ്രഹങ്ങളാകുന്ന നക്ഷത്രങ്ങളെ അനുഗമിക്കണം. ജ്യോതിശാസ്ത്രജ്ഞന്മാർക്ക് പലവിധത്തിലുള്ള പ്രയാസങ്ങൾ തരണംചെയ്യേണ്ടിയിരുന്നെങ്കിലും ദിവ്യശിശുവിനെ കണ്ടെത്തുന്നതുവരെ അവർ ഭഗ്നാശരായില്ല. സ്വയം പരിത്യജിച്ച് നമ്മുടെ കുരിശുമെടുത്തുകൊണ്ട് പീഡകളുടെ മനുഷ്യനായ ക്രിസ്തുനാഥനെ കല്ലും മുള്ളും നിറഞ്ഞ പാതയിൽകൂടി ധൈര്യത്തോടുകൂടി പിഞ്ചെല്ലണം. "സ്വർഗ്ഗരാജ്യം ബലത്താൽ പിടിച്ചുകൊണ്ടുപോകപ്പെടുന്നു ബലപ്രയോഗികൾ അതിനെ ബലത്താൽ പിടിച്ചുകൊണ്ടുപോകയും ചെയ്യുന്നു" എന്നാണ് നിത്യസത്യമായ ദിവ്യരക്ഷകൻ അരുളിചെയ്തിരിക്കുന്നത്

നക്ഷത്രത്തെ അനുഗമിക്കുന്നതിന് എന്തുത്യാഗം സഹിക്കുന്നതിനും തയാറായ ശാസ്ത്രജ്ഞന്മാരെ അനുകരിച്ചുകൊണ്ടും നമുക്കുള്ള സകലവും പരിത്യജിച്ചുകൊണ്ടും ദൈവത്തെകണ്ടെത്തുന്നതിനായി നാം പ്രയത്നിക്കണം നമ്മിലുള്ള മററു സ്നേഹങ്ങളെല്ലാം ദൈവസ്നേഹത്തിനു വിധേയമായിരിക്കട്ടെ.! എന്നേക്കാൾ കൂടുതലായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ കൂടുതലായി മകനെയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല." എന്ന മിശിഹായുടെ പ്രബോധനം സദാ നമ്മുടെശ്രദ്ധയിൽ വച്ചുകൊണ്ട് ദൈവസ്നേഹത്തെ പ്രതി ത്യാഗങ്ങൾ നാം അനുഷ്ഠിക്കണം ദൈവത്തെ കണ്ടെത്തുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ.

ആകയാൽ ദൈവത്തിലേക്ക് നയിക്കുന്ന ദൃശ്യവും അദൃശ്യവുമായ നക്ഷത്രങ്ങളെ നാം വിശ്വസ്തയോടുകൂടി അനുഗമിച്ചുകൊണ്ട് ജ്യോതിശാസ്ത്രജ്ഞന്മാരെപ്പോലെ ദൈവസ്നേഹമാകുന്ന സ്വർണ്ണവും, പ്രാർത്ഥനയാകുന്ന കുന്തുരുക്കവും, ആത്മപരിത്യാഗമാകുന്ന മീറായും നമ്മുടെ ഹൃദയാഗാധതയിൽ നിന്നും കാലിത്തൊഴുത്തിൽ ഭൂജാതനായ ദിവ്യഉണ്ണിക്കു സമർപ്പിക്കാം.

(28-ാം പേജിൽനിന്നും തുടർച്ച)

"മാർക്സിന്റെ അനുയായികളും, ഭൗതികവാദികളും എന്നനിലയിൽ ഞങ്ങൾ, മതത്തിന്റെ കഠിനവിരോധികളും ദൈവത്തെ നിഷേധിക്കുന്നവരുമാണ്. പ്രചരണങ്ങൾകൊണ്ടുമാത്രം മതത്തെ ഉന്മൂലനം ചെയ്‌വാൻ സാധിക്കയില്ലെന്നു ഞങ്ങൾക്കറിയാം. വർഗ്ഗസമരത്തിന്റെ അടിസ്ഥാനത്തിന്മേലായിരിക്കണം, മതത്തോടുള്ള പോരാട്ടം എന്ന് ലെനിൻ ശക്തിയായിപ്പറഞ്ഞിട്ടുണ്ട്. മതനശീകരണ വേലയെ സംബന്ധിച്ചുള്ള ഞങ്ങളുടെ പ്രവർത്തനത്തെപ്പററി, ഇൻറർനാഷണലിന്റെ 5-ാമത്തെ സമ്മേളനത്തിൽ വിശദമാക്കിയിട്ടുള്ളതു് ഇങ്ങനെയാണ്. "മതത്തോടുള്ള പോരാട്ടം ബുദ്ധിപൂർവ്വമായും, സൂക്ഷ്മതയോടുകൂടിയും നടത്തണം. പ്രത്യേകിച്ച്, അനുദിന ജീവിതത്തിൽ, മതബോധനം ശക്തിയായി വേരൂന്നിയിട്ടുള്ള തൊഴിലാളി വിഭാഗത്തിൽ, ഈ സമരം വളരെ സൂക്ഷിച്ചുവേണ്ടതാണ്."

മതം, യഥാർത്ഥമായ സംസ്കാരം മനുഷ്യനു നൽകുന്നു എന്ന വസ്തുത ലോകചരിത്രം തെളിയിക്കുന്നു. നാഥനില്ലാത്ത കുടുംബംപോലെ, മതവിഹീനമായ സമുദായ രാഷ്ട്രങ്ങൾ, തികച്ചും അരക്ഷിതാവസ്ഥയിലും അസന്മാർഗ്ഗികതയിലും നിമഗ്നമാകുമെന്നുള്ളതിനു സംശയമില്ല. ഈ യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ടുള്ള കമ്മ്യൂണിസത്തിന്റെ ദുഷിച്ച നിലപാടു നാം കണ്ടുകഴിഞ്ഞു. ജുഗുപ്സാവഹമായ മൃഗീയപ്രവണതകളിലേക്ക് മനുഷ്യമനസ്സുകളെ ഹഠാദാകർഷിക്കുന്നതു്, സാംസ്കാരികാധഃപതനമാണ്. ഈജിപ്ത് മെസപ്പൊട്ടോമിയാ, ഗ്രീസ് മുതലായ രാജ്യങ്ങളിലെ പുരാതന സംസ്കാരങ്ങൾ എന്തുകൊണ്ടാണ് അസ്തമിച്ചതെന്നറിയാമോ? മതത്തെപ്പററിയുള്ള മതിപ്പ്, പഠനം, ജിജ്ഞാസ ഇവ കുറഞ്ഞുവന്നു ഇതാണു കാരണം. മതസിദ്ധാന്തങ്ങളിൽ സാർവ്വത്രികമായിക്കാണുന്ന ശാശ്വത മൂല്യങ്ങളെ നാം അർഹിക്കുന്ന ഗൗരവത്തിൽ സ്വീകരിച്ചു നടപ്പിൽ വരുത്തിയേ മതിയാവൂ. കാരണം, നമ്മുടെശരീരം ദുർബലമാണ്. ദിവ്യരക്ഷകൻ അരുളിച്ചെയ്തില്ലേ, "ആത്മാവ് ഒരുക്കമുള്ളതാകുന്നു. ശരീരമോ ദുർബലം" എന്ന്.

തുടരും

---

"നന്മയിൽ നിലനിൽക്കുന്നതിനും പുണ്യത്തിൽ അഭിവൃത്തിപ്പെടുന്നതിനും വേണ്ട ശക്തി നമുക്കു കിട്ടുന്നതു് പ്രാർത്ഥനയുടെ ഫലമായിട്ടാണ്. മാതാവിന്റെ ഈ ലോകജീവിതത്തിലും ഇതു മററു പ്രകാരമായിരുന്നില്ല. എല്ലാ പുണ്യത്തിലും മറിയം വളർന്നതു് തന്റെ സ്രഷ്ടാവിന്റെ മനസ്സിനോടു തന്റെ മനസ്സിനെ ഒന്നിപ്പിച്ച നിരന്തരമായ പ്രാർത്ഥനകൊണ്ടായിരുന്നു" പ. കന്യകാമറിയം. P. 78.

---

## വിഷയവിവരം


| | | വശം |
|---|---|---|
| 1. | ഇവർ അലസരാണെന്നോ? | 1 |
| 2. | സമാധാനം | 3 |
| 3. | കുന്നും താഴ്‌വരയും | 5 |
| 4. | സ്വർഗ്ഗരാജ്ഞി ആനന്ദിക്കുക | 9 |
| 5. | ഷരൗണ്ടുകഴിഞ്ഞു | 11 |
| 6. | പുണ്യവാന്മാരും വിവേകവും | 12 |
| 7. | ചെറുപുഷ്പവും ജപമാലയും | 16 |
| 8. | വിജയിയായ യോദ്ധാവു് | 19 |
| 9. | മതവും കമ്മ്യൂണിസവും | 24 |
| 10. | സ്പുട്നിക് യുഗത്തിലെ വാനനക്ഷത്രങ്ങൾ | 29 |

## പുതിയ പുസ്തകങ്ങൾ

1. **നാട്ടുമുടിയുന്നു** (ഹാസ്യനാടകം) by വിൻസെൻറ് മാവേലി.
പ്രസാധകർ: എസ്. എച്ച്. ലീഗ്. ആലുവാ നോർത്ത്, P. O. 1957. വശങ്ങൾ 47; വില 30 ന.പൈ.

നമ്മുടെ പോലീസിനെ നിർവ്വീര്യരാക്കിയിരിക്കുന്നതിൻെറ ഫലമായി കേരളത്തിൽ നടമാടുന്ന അരക്ഷിതാവസ്ഥയുടെ പശ്ചാത്തലത്തിൽ എഴുതിയിരിക്കുന്ന ഒരു ചെറുനാടകം. ചിരിക്കാൻ വകയുണ്ട് ധാരാളം; കളിക്കാൻ രസവും.

2. **മനസ്സാക്ഷി**—by ജി. സി. ടീലാർ, സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം, 1957, വശങ്ങൾ 87.

കർമ്മലകുസുമത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളുടെ സമാഹാരം. മനസ്സാക്ഷിയെ സംബന്ധിക്കുന്ന പല പ്രശ്നങ്ങളും ടീലാറിൻെറ സരസമായ കഥാശൈലിയിൽ ചർച്ചചെയ്യുന്ന ഈ ചെറുഗ്രന്ഥം.

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജാനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ—അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിന് മുൻകൂർ 1 രൂ. 50 ന.പ.

വരിപ്പണത്തിൻെറ മൂന്നിലൊന്ന് **കമ്മീഷൻ** ഏജൻറന്മാർക്ക്.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ച്:-മാനേജർ, "കാർമ്മൽ", സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1
ലേഖനങ്ങൾ സംബന്ധിച്ച്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1

---

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ന. പ. |
|---|---|---|---|
| 1. | ഞാൻ കണ്ട യൂറോപ്പ് | 0 | 50 |
| 2. | ആത്മപോഷിണി | 0 | 37 |
| 3. | കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 16 |
| 4. | കർമ്മല മൂന്നാംസഭാ മാനുവൽ | 0 | 50 |
| 5. | കർമ്മലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 12 |
| 6. | വി. യോഹന്നാൻ ക്രൂസിൻെറ കരുതലുകൾ | 0 | 9 |
| 7. | മരിയാനുകരണം | 0 | 62 |
| 8. | സുകൃതസരണി | 1 | 87 |
| 9. | മരിയമകനീശോ | 0 | 87 |
| 10. | **Happiness for priests** | 1 | 0 |
| 11. | **A Man of God** (Biography of Archbishop Benziger) | 4 | 50 |
| 12. | പീഡകളുടെ മനുഷ്യൻ | 0 | 37 |
| 13. | സുവിശേഷസാരം | 0 | 37 |

*N. B.* പത്തിൽ കൂടുതൽ പുസ്തകം എടുക്കുന്നവർക്ക് 25% കമ്മീഷൻ. Manager

ST. JOSEPH's PRESS, TRIVANDRUM-1

വിൽപനയ്ക്കു തയ്യാർ



# ദിവ്യാമൃതം

5½" × 3½" വലിപ്പത്തിൽ അറുന്നൂറോളം പുറങ്ങളുള്ളതും
മേനിക്കടലാസ്സിൽ അച്ചടിച്ചതുമായ അതിവിശിഷ്ടമായ

**ഒരു പ്രാത്ഥനപുസ്തകം**

ലത്തീൻ, സുറിയാനി കർബാനക്രമം, പ്രധാന തിരുനാളുകളിലും എല്ലാ ഞായറാഴ്ചകളിലും വായിക്കുന്ന ലേഖനങ്ങൾ, സുവിശേഷങ്ങൾ, വിശുദ്ധവാരത്തിലെ നവീകരിച്ച ആരാധനക്രമം, പ്രധാന ഭക്തക്രമങ്ങൾ മുതലായവ ഉൾക്കൊള്ളുന്നതു്.

കച്ചവടക്കാർക്ക് ആകർഷണീയമായ കമ്മീഷൻ.

തുകൽ ബയൻറ് രൂ. 3·75 . കാലിക്കോ ബയൻറ് രൂ. 3

*Manager*
St Joseph's Press,
Trivandrum-1.

# തിരുവസ്ത്രത്തിന്റെ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കമ്മെലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ളതു ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിനു് 9 ന. പ. പ്രാത്ഥന സഹിതമുള്ളതിനു് 16 ന. പ. ഡസനു് 12 ന. പ. കമ്മീഷനും നൽകുന്നതാണു്. കച്ചവടക്കാർക്കു്, 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്ന പക്ഷം, ഡസനു് 6 ന. പ.യും, 25 ഡസൻ ആവശ്യപ്പെടുന്നപക്ഷം 12 ന. പ.യും കമ്മിഷൻ കൊടുക്കുന്നതാണു്. എന്നാൽ അവക്കു് വി. പി. പി. ആയിട്ടേ അയച്ചുകൊടുക്കുവാൻ നിവൃത്തിയുള്ളൂ.

ഉത്തരീയത്തിന്റെ വില മണിഓർഡർ ആയോ ചെക്കായോ (Crossed Cheque) അയയ്ക്കാം. ചെക്കു് അയയ്ക്കുന്നവർ ദയവായി ബാങ്കു കമ്മീഷൻ കൂടെ അയച്ചുതരുവാൻ വിസ്മരിക്കരുതു്. ഉത്തരീയത്തിന്റെ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിനു സാധിക്കയുള്ളൂ. ആകയാൽ ഇക്കാര്യത്തിൽ ഏവരുടേയും സഹകരണം അഭ്യത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.